Reg. No. C. 101 M 2293

ഒററപ്രതിക്കു 2 ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല"

പുസ്തകം 23 | 1125 മീനം 23—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് — എറണാകുളം 1950 ഏപ്രിൽ 5 | ലക്കം 31


## "ഹല്ലേലൂയ്യാ" പാടാം

(എൽ. ജെ. ചിറയർ)

ഒരിക്കൽ മരിച്ച ഈശോ ഉയിർത്തെഴുന്നേററുവെന്നു് ശിഷ്യന്മാർക്കുപോലും ബോദ്ധ്യം വരുത്തുക പ്രയാസമേറിയ ഒരു കാര്യമായിരുന്നു. കുരിശിന്മേൽ നിർജ്ജീവമായി കിടന്ന ശരീരം അവരുടെ കണ്ണുകൊണ്ടു അവർ കണ്ടതാണു്. മാറ്റിടം കുത്തിപ്പിളർന്നിരുന്നതും അവർ തന്നെ ദർശിച്ചതാണു്. രക്തമില്ലാതെ, വിളറി, മരവിച്ച ശരീരം കുരിശിൽനിന്നിറക്കിയപ്പോൾ അവർ സ്പർശിച്ചിട്ടുണ്ടു്. മേലചുററി കല്ലറയിൽ അവർ അടക്കം ചെയ്തതു് മരിച്ചയാളിന്റെ ശരീരംമാത്രമാണെന്നതിനു് അവർക്കു സംശയമില്ലായിരുന്നു. പട്ടാളക്കാരും ശതാധിപനും ക്രിസ്തുവിന്റെ മരണത്തെപ്പററി സാക്ഷ്യം നല്കിയതിന്റെശേഷമാണു് ശിഷ്യന്മാർക്കു് ശരീരം കുരിശിൽനിന്നിറക്കുന്നതിനു് അനുവാദം ലഭിച്ചതു്. ശത്രുഗണത്തിനുപോലും ശിഷ്യന്മാർ ശരീരം മോഷ്ടിച്ചേക്കും എന്ന ഭയമല്ലാതെ സജീവമാണെന്ന സംശയം പോലും തോന്നീട്ടില്ല. മരിച്ചയാൾ വീണ്ടും ജീവിക്കുക സ്വാഭാവികമല്ല. അതിനാൽ അപ്പോസ്തലന്മാർക്കു തന്നെയും അതു് അവിശ്വസനീയമായി തോന്നി. പത്രോസും യോഹന്നാനും കല്ലറയിൽ ശരീരം കാണുന്നതിനേ പ്രതീക്ഷിച്ചുള്ളു. മറിയം മഗ്ദലേനയും കൂട്ടുകാരും കൂടുതൽ സുഗന്ധദ്രവ്യങ്ങൾകൊണ്ടു് മൃതദേഹം പൂശുന്നതിനാണു് രാവിലെ കല്ലറയിങ്കലെത്തിയതു്. എമ്മാവൂസിലേക്കുപോയ ശിഷ്യന്മാർക്കും ഇതെല്ലാം കടംകഥകൾപോലെയാണു തോന്നിയതു്.

ക്രിസ്തുനാഥൻ തന്റെ ഉയിർപ്പിനെ സംബന്ധിച്ചു് നേരത്തെ പ്രകടമായി പ്രസ്താവിച്ചിരുന്നു. മനുഷ്യപുത്രൻ ഒററിക്കൊടുക്കപ്പെടുമെന്നും വധിക്കപ്പെടുമെന്നും അവിടുന്നു് ഉയിർത്തെഴുന്നേല്ക്കുമെന്നും പറഞ്ഞതു് അവരുടെ ബോധത്തിൽ പതിഞ്ഞില്ല. മരിച്ചു് മൂന്നു ദിവസം കഴിഞ്ഞ ലാസറിന്റെ ശരീരത്തോടു് ആത്മാവിനെ വീണ്ടും യോജിപ്പിച്ചു്, മരിച്ചയാൾ ഉയിർക്കുന്നതു് അസംഭവ്യമല്ലെന്നു അനുഭവഗോചരമാക്കിക്കൊടുത്തിട്ടുണ്ടായിരുന്നു. എങ്കിലും അവർ അതു പ്രതീക്ഷിച്ചില്ല. അവർക്കു ബോദ്ധ്യം വരുന്നതിനുവേണ്ടി ഉയിർത്ത ഈശോ അവരോടുകൂടി ഭക്ഷിച്ചു. അവിടുത്തെ സ്പർശിച്ചുനോക്കുവാൻ അവരെ ക്ഷണിച്ചു. അവിടുത്തെ മുറിവുകളിൽ കൈപ്രവേശിപ്പിക്കുവാൻ ആജ്ഞാപിച്ചു. അവിടുത്തെ മരണത്തിനു സാക്ഷ്യം വഹിച്ച നയനങ്ങളും സ്പർശനേന്ദ്രിയങ്ങളും പുനരുത്ഥാനത്തിനു സാക്ഷ്യം വഹിക്കുവാൻ അവസരമുണ്ടാക്കി. പല അവസരങ്ങളിൽ പല സ്ഥലങ്ങളിൽവച്ചു അവിടുന്നു് അവർക്കു ദർശനമരുളി. അവസാനം അഞ്ഞൂറിലധികം ആളുകൾ ഒരുമിച്ചു കൂടിയിരുന്നപ്പോൾ അവർക്കു പ്രത്യക്ഷനാകയും സ്വർഗ്ഗങ്ങളിലേക്കു് ഉയരുകയും ചെയ്തു.

ഉയിർപ്പുവഴിയായി മിശിഹാ മരണത്തെ ജയിച്ചു. ആത്മാവു് ശരീരത്തിൽനിന്നു വേർപിരിയുന്നതിനാണു് നാം മരണമെന്നു പറയുന്നതു്. ക്രിസ്തുവിന്റെ മരണാനന്തരം നമുക്കു് മരണം ഭയാനകമല്ല. നമ്മുടെ സഹനങ്ങളും മരണവേദനയും ദിവ്യരക്ഷകന്റെ സഹനങ്ങളോടു കൂട്ടിച്ചേർത്തു് സമർപ്പിക്കുമ്പോൾ അവ



നമ്മുടെ ജീവിതത്തിന്റെ വിശുദ്ധീകരണത്തിനുള്ള ഉപകരണമായിമാറുന്നു. മാത്രമല്ല ഭാവിയെ സംബന്ധിച്ച പ്രത്യാശ നമ്മിൽ ഉണ്ടാകുന്നതിനു് അതു കാരണമായിത്തീരുകയും ചെയ്യുന്നു. മാത്രമോ? നമ്മുടെ ഉയിർപ്പു് ഉറപ്പുള്ള സത്യമായി നമുക്കു ബോദ്ധ്യം വരുന്നു. പുനരുത്ഥാനംചെയ്ത ഈശോയുടെ ശരീരത്തിന്റെ അവയവങ്ങളാകുന്നു നാം.

ഈ ഭൂമിയിൽ കബറിടങ്ങൾ തുറക്കപ്പെടുകയും അവയിലെ അവശിഷ്ടങ്ങൾ സജീവങ്ങളാകയും ചെയ്യുന്ന ഒരു കാലംവരും. വി. പൗലോസ് കൊറീന്ത്യാക്കെഴുതിയപോലെ "അവസാന കാഹളമൂതുമ്പോൾ കണ്ണിമയ്ക്കുന്നതുപോലെ സടിതിയിൽ നാമെല്ലാവരും രൂപാന്തരപ്പെടും. അപ്പോൾ മരിച്ചവർ ക്ഷയമില്ലാത്തവരായി ഉയിർത്തെഴുന്നേല്ക്കും നാം രൂപാന്തരപ്പെടുകയും ചെയ്യും. ...ക്ഷയമുള്ള ഇതു് അക്ഷയതയെയും മരണമുള്ള ഇതു് മരണമില്ലായ്മയേയും ധരിക്കുമ്പോഴോ, അപ്പോൾ മരണം വിജയത്താൽ വിഴുങ്ങപ്പെട്ടു എന്നെഴുതിയിരിക്കുന്ന ആ വചനം നിവൃത്തിയാകും." (1 കൊറി. xv. 52-54).

ഭൂമിയിൽ നാം വിതയ്ക്കുന്ന വിത്തു നോക്കുക; വിത്തു് അഴിഞ്ഞു മണ്ണിൽ ലയിക്കുന്നു. അതിന്റെ ഫലമായി പുതിയ ചെടി മുളച്ചുവളർന്നു് വെയിലും വായുവുമേററു് പുഷ്പിച്ചു് അനേകമടങ്ങു് ഫലം പുറപ്പെടുവിക്കുന്നു. ഡാന്റി പാടിയപോലെ ദൈവദൂതനു തുല്യമായി ശോഭിക്കേണ്ട ചിത്രശലഭമായിത്തീരാനുള്ള പുഴുവാണു് ലോകത്തിൽ മനുഷ്യൻ. ഇഴഞ്ഞു നടക്കുന്ന പുഴു, നിർജ്ജീവമെന്നപോലെ മുട്ടയായിരുന്നശേഷം, വിരിയുമ്പോൾ മനോഹരമായ ശലഭമാണു്. മരണാനന്തരം ഉയിർത്തെഴുന്നേല്ക്കുന്ന മനുഷ്യശരീരവും ജ്യോതിസ്സുള്ളതാണു്. കതിരൊളി വിതറുന്ന ജാജ്ജ്വല്യമായ ശരീരമാണു്; കോമളകളേബരമാണു്. സഹനത്തിനു വിധേയമല്ലാത്തതും ആനന്ദനത്തിനു കഴിവുള്ളതുമായ ശരീരത്തോടുകൂടി സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിനാണു് നമ്മുടെ നേതാവു് സ്വർഗ്ഗവാതിൽ തുറന്നിരിക്കുന്നതു്.

ശരീരത്തിന്റെ മരണംപോലെ ആത്മാവിനുമുണ്ടു് ഒരു മരണം. പ്രസാദവരം നഷ്ടപ്പെടുത്തുന്ന ആത്മാവു് മരിച്ചതായിത്തീരുന്നു. ഈ മരണത്തെയും മിശിഹാ പരാജയപ്പെടുത്തി. ആദത്തിന്റെ പാപമാണു് മനുഷ്യാത്മാവിൽനിന്നു് ഇഷ്ടപ്രസാദത്തെ മാററിക്കളഞ്ഞതെന്നു് നമുക്കറിയാം. ജ്ഞാനസ്നാനത്തിനുവേണ്ടി ജലത്തിൽ മുക്കപ്പെടുന്ന മനുഷ്യൻ ക്രിസ്തുവിനോടുകൂടി മരിക്കയും സംസ്കരിക്കപ്പെടുകയുമാണു് ചെയ്യുന്നതു്. അവിടെനിന്നു ക്രിസ്തുവിൽ ഒരു പുതിയ മനുഷ്യനായി പുറത്തേക്കു വരുന്നു — ഇഷ്ടപ്രസാദത്തോടുകൂടി. ദൈവപുത്രനായി ജീവിതം ആരംഭിക്കുന്നു.

കർമ്മപാപങ്ങൾവഴി വീണ്ടും മനുഷ്യൻ മരിക്കാറുണ്ടു്. ദൈവകല്പനകളെ ലംഘിച്ചുകൊണ്ടു് ഇഷ്ടപ്രസാദത്തെ നഷ്ടപ്പെടുത്തി "കോപത്തിന്റെ മക്കൾ" ആയിത്തീരാറുണ്ടു്. അങ്ങനെ മരിക്കുന്ന ആത്മാവിനെ ഉയിർപ്പിക്കുന്നതിനു് പാപസങ്കീർത്തനത്തിന്റെ കൂദാശ സ്ഥാപിച്ചിരിക്കുന്നു. അധികാരമുള്ള വൈദികന്റെ സന്നിധിയിൽ മുട്ടുകുത്തി, വിനീതനായി, പാപങ്ങൾ ഏററുപറയുമ്പോൾ നാം മിശിഹായുടെ പീഡാനുഭവങ്ങളോടു് യോജിക്കയും, പാപത്തിൽനിന്നു് വേർപെടുവാൻ ആഗ്രഹിക്കയും ചെയ്യുന്നു. പാപമോചനം സമ്പാദിച്ചുകഴിയുമ്പോഴാകട്ടെ ഉയിർത്തെഴുന്നേററ ആത്മാവോടുകൂടിയാണു് നാം പ്രവർത്തനരംഗത്തേക്കു പിന്തിരിയുന്നതു്. പുനരുത്ഥാനംചെയ്ത മിശിഹായുടെ നിത്യജീവിതത്തിനും അനന്തരസൗഭാഗ്യത്തിനും നാം വീണ്ടും അവകാശികളായിത്തീരുന്നു.

ഇനിയും ഉണ്ടു് ഒരുതരം മരണം. നിത്യമായ മരണം. പരലോകജീവിതത്തിൽ എന്നന്നേക്കുമായി ദൈവവുമായുള്ള വേർപാടു്. അനന്തകാലത്തേക്കുള്ള നരകശിക്ഷ. ഏററവും ഭയാനകവും അനിവാര്യവുമായ ശിക്ഷ.

ആദ്യത്തെ പാപത്തിന്റെ ശിക്ഷതന്നെ ഇതായിരുന്നു. അതിനു പരിഹാരംചെയ്തുകൊള്ളാമെന്നുള്ള, കാരുണ്യക്കാതലായ ദൈവത്തിന്റെ വാഗ്ദാനവും കാലത്തിന്റെ തികവിൽ ആ വാഗ്ദാനത്തിന്റെ നിർവ്വഹണവുമാണു് മനുഷ്യകുലത്തെ നരകത്തിൽനിന്നു് സംരക്ഷിച്ചതു്. അതെ, ക്രിസ്തു നരകത്തെ ജയിച്ചടക്കി. നരകവും അതിലെ ശിക്ഷയും ഉണ്ടു്. എന്നാൽ ദൈവമക്കളായിരിക്കാൻ ആഗ്രഹിക്കുന്നവർക്കുള്ളതല്ല അതു്. നരകശിക്ഷയെ ആഗ്രഹിക്കുന്നവർ മാത്രമേ അവിടെ പോകയുള്ളു. ഈശോയുടെ സ്നേഹത്തിനു വഴിപ്പെടുന്നവർ, സഭയുടെ കൂദാശകളെ ഉപയോഗിക്കുന്നവർ നരകത്തെ ഭയപ്പെടേണ്ട ആവശ്യമില്ല. നാം ദിവ്യകാരുണ്യം സ്വീകരിക്കുന്ന അവസരത്തിൽ വൈദികൻ കു

(ശേഷം 4 ാം പേജിൽ)

# സസെക്സിലെ ആഖ്യായികാകാരി

(ഏ. ഡി. മററം)

റോമൻസഭയെപ്പോലെ ആംഗ്ലിക്കൻസഭ വിശുദ്ധമല്ലെങ്കിൽ ആംഗ്ലിക്കൻസഭ സത്യസഭയാണോ? താൻ ശിശ്മയിലാണോ? എന്ന സംശയങ്ങൾ ഷെയ്ലായെ അലട്ടിത്തുടങ്ങി. "ഞാൻ ശിശ്മയിലാണോ?" എന്ന ചോദ്യത്തിനു് "നിനക്കു കൂദാശകൾ നല്കപ്പെടുന്നുണ്ടു", മററു കാര്യങ്ങളെപ്പററി ചിന്തിച്ചു ക്ലേശിക്കേണ്ട" എന്നു മാത്രമായിരുന്നു ആംഗ്ലിക്കൻ അധികാരികളിൽനിന്നു് അവൾക്കു ലഭിച്ച മറുപടി. ആംഗ്ലിക്കൻസഭ സത്യസഭയാണോ എന്ന പ്രശ്നം അതിൻെറ പട്ടം ശരിയാണോ എന്നതിനെ ആശ്രയിച്ചിരിക്കുന്നുവെന്നാണു് അവരിൽ പലരും ധരിച്ചിരുന്നതു്. കത്തോലിക്കരും ആംഗ്ലോ കത്തോലിക്കരും തമ്മിലുള്ള വാദപ്രതിവാദങ്ങളിൽ ഈ വിഷയത്തിനു വളരെ പ്രാധാന്യം നല്കിയിരുന്നതിനാൽ ആംഗ്ലിക്കരുടെ ഈ വിശ്വാസം ഒന്നുകൂടി പ്രബലമാകയാണു ചെയ്തിട്ടുള്ളതു്. പട്ടം വാസ്തവമാണോ എന്നതിനെപ്പററി ശാസ്ത്രീയമായ ഒരു പര്യന്വേഷണം നടത്തുവാൻ സാധാരണക്കാർക്കു സാധിക്കാതിരിക്കെ സത്യത്തെ അറിയുന്നതിനു കാരുണ്യവാനായ ദൈവം മററു മാർഗ്ഗങ്ങൾ നല്കിയിട്ടില്ലെന്നു വരുമോ എന്നു തന്നോടുതന്നെ അവൾ ചോദിച്ചു

ഈ ലോകത്തിലുള്ള വിവിധസഭകൾ സത്യസഭയുടെ വിവിധശാഖകളോ അഥവാ സഹോദരസഭകളോ ആണെന്നു മാർത്തോമ്മാക്കാരും വാദിക്കാറുണ്ടു്. അടുത്തകാലത്തു യാഥാസ്ഥിതികരും ഈ വാദം സ്വീകരിച്ചുതുടങ്ങിയിരിക്കുന്നു. ഷെയ്ലായുടെ വാക്കുകൾ തങ്ങളെ എപ്രകാരം ബാധിക്കുന്നു എന്നു് അവർ പ്രത്യേകം ചിന്തിക്കേണ്ടതാണു്.

ആംഗ്ലിക്കൻപട്ടം വാസ്തവമാണോ എന്നു നിശ്ചയിക്കുന്നതിനു താൻ പ്രാപ്തയല്ലെന്നു ഷെയ്ലാക്കു ബോധമുണ്ടായിരുന്നു. അധികാരികളെ സമീപിക്കുന്നതും ഉപയോഗശൂന്യമായി അവൾക്കു തോന്നി. ആംഗ്ലിക്കൻപട്ടം വാസ്തവമാണെന്നു് ആംഗ്ലിക്കൻസഭാധികാരികളും അല്ലെന്നു റോമൻസഭയും പഠിപ്പിച്ചു. അതിനാൽ പഠിപ്പിക്കുന്നതിനു് ഇരുസഭകൾക്കുമുള്ള അധികാരത്തെപ്പററിയാണു് ആദ്യമായി തീരുമാനിക്കേണ്ടതെന്നു് അവർ നിശ്ചയിച്ചു

"സ്വാഭാവികമായി എൻെറ സഭയുടെ അധികാരികൾ ഒരുപ്രകാരം പഠിപ്പിച്ചു. റോമാസഭ മറെറാരുപ്രകാരവും. അതിനാൽ വേറൊരു പ്രശ്നത്തിലേക്കു ഞാൻ ചെന്നുചാടി— അധികാരത്തിൻെറ കാര്യം. ആംഗ്ലിക്കൻസഭയുടെ പട്ടം വാസ്തവമാണോ എന്നു കണ്ടുപിടിക്കുന്നതിനുമുമ്പായി— അല്ലാതെ അതു കഴിഞ്ഞിട്ടായാൽ പോരാ— ആംഗ്ലിക്കൻസഭയുടെ അധികാരത്തെയാണു ഞാൻ ആരായേണ്ടതു്. പട്ടത്തെ സംബന്ധിച്ചു് എന്തടിസ്ഥാനത്തിന്മേലാണു ഞാൻ ആംഗ്ലിക്കൻ സഭയുടെ അധികാരത്തെ സ്വീകരിക്കുന്നതു്? റോമൻ കത്തോലിക്കസഭയുടേതിൽനിന്നു ഭിന്നമായ ഒരു സിദ്ധാന്തം എന്നെ പഠിപ്പിക്കുവാൻ എന്തവകാശമാണു് അവർക്കുള്ളതു്. എന്നെ എന്തെങ്കിലും പഠിപ്പിക്കുന്നതിനുതന്നെ അവർക്കെന്താണധികാരം? ഈ രാജ്യത്തെ കത്തോലിക്കസഭ താനാണെന്നു് അവർ അവകാശപ്പെടുന്നു. റോമാ അതു നിഷേധിക്കുന്നു. എങ്ങനെയാണു് ഈ അവകാശവാദത്തെ അവൾ സ്ഥാപിക്കുന്നതു്? സഭയുടെ അടയാളങ്ങൾ അവളിൽ പ്രത്യക്ഷപ്പെടുന്നുണ്ടോ? സഭ ഏകവും, വിശുദ്ധവും, കാതോലികവും (സാർവ്വത്രികവും) ശ്ലൈഹികവുമാണോ? "അവരുടെ ഫലങ്ങളിൽനിന്നു നിങ്ങൾ അവരെ വേർതിരിച്ചറിയും. ഞെരിഞ്ഞിലുകളിൽനിന്നോ മുൾപ്പടപ്പുകളിൽനിന്നോ ആളുകൾ മുന്തിരിങ്ങാ ശേഖരിക്കാറുണ്ടോ?" എന്നു നമ്മുടെ കർത്താവു് അരുളിച്ചെയ്യുന്നു. ശരിയായ മുന്തിരിച്ചെടിയുടെ അടയാളങ്ങൾ ചർച്ച് ഓഫ് ഇംഗ്ലണ്ടു് വഹിക്കുന്നുണ്ടോ? ആ ലക്ഷണം തഴച്ചുകൊഴുത്തുള്ള വളർച്ചയോ വിസ്തൃതമായ പടർച്ചയോ, കരുത്തേറിയ വേരുകളോ അല്ല, മുന്തിരിക്കുലകളായിരിക്കണം."

1924-ൽ പെൻറോസ്ഹൈയ് എന്നു പേരുള്ള ഒരാംഗ്ലിക്കൻവൈദികനുമായി ഷെയ്ലാ വിവാഹബന്ധത്തിലേർപ്പെട്ടു. ഷെയ്ലായുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിച്ചിരുന്ന ചില കത്തോലിക്കാസ്നേഹിതർ ഈ ബന്ധംമൂലം അവരുടെ മാനസാന്തരത്തിനുള്ള മാർഗ്ഗം നിശ്ശേഷം അടയ്ക്കപ്പെട്ടു എന്നു കരുതി നിരാശരാകാതിരുന്നില്ല. എന്നാൽ, അനുഭവം നേരെ മറിച്ചായിരുന്നു. ദൈവപരിപാലനയുടെ മാർഗ്ഗങ്ങൾ നിഗൂഢങ്ങളത്രേ. തൻെറ വിവാഹം നിമിത്തമല്ലെങ്കിൽ ഒരുപക്ഷേ ഇന്നും താൻ ആംഗ്ലിക്കൻസഭയിലായിരുന്നേനേ എന്നു ഷെയ്ലാ പ്രസ്താവിക്കുന്നു. ആംഗ്ലിക്കൻസഭയുടെ നയത്തേയും സിദ്ധാന്തങ്ങളേയും കൂടുതൽ അറിയുന്നതിനു് അനുകൂലമായ ഒരു സാഹചര്യമാണു തന്നിമിത്തം സംസൃഷ്ടമായതു്.

ആംഗ്ലിക്കൻസഭയിൽ വിശുദ്ധി ദൃശ്യമല്ലെന്നു് അവർ ഗ്രഹിച്ചുകഴിഞ്ഞു. ഉടനെ മററു ലക്ഷണങ്ങളിലേക്കു് അവർ കടന്നു. സഭ ഏകമാണോ എന്നതിനെപ്പററി ഒരു വിധി ചെയ്യുവാൻ അധികം വിഷമം നേരിട്ടില്ല. വിശ്വാസസത്യങ്ങളെ സംബന്ധിച്ചിടത്തോളം ഓരോ പുരോഹിതനും തനിക്കിഷ്ടമുള്ളതെല്ലാം പ്രസംഗിക്കാമെന്നും വിശ്വാസികൾ തങ്ങൾക്കിഷ്ടമുള്ളതൊക്കെ വിശ്വസിക്കാമെന്നും അവർ ദർശിച്ചു.

"ആംഗ്ലിക്കൻ സഭയിലെ ഓരോ ഇടവകവൈദികനും സ്വന്തം ഇടവകയിൽ തൊററാവരമുള്ള ഒരു പാപ്പായാണു്. അവിടത്തെ ആരാധനക്രമങ്ങളെ അയാൾ യഥേഷ്ടം നിയന്ത്രിക്കുന്നു. തനിക്കിഷ്ടമുള്ള ഒരു വിശ്വാസസംഹിത യഥേഷ്ടം തിരഞ്ഞെടുത്തു് അതിനെ പ്രസംഗപീഠത്തിൽനിന്നു് അയാൾ പ്രസംഗിക്കുന്നു. എനിക്കേററം അടുത്തു സമീപത്തുണ്ടായിരുന്ന മൂന്നു ആംഗ്ലോ കത്തോലിക്കാദൈവാലയങ്ങളിൽ മൂന്നിലും മൂന്നു മതങ്ങളാണു പഠിപ്പിച്ചിരുന്നതു് ആരാധനക്രമങ്ങളിൽമാത്രമല്ല, പ്രബോധനത്തിലും മനോഭാവത്തിലും ഭിന്നങ്ങളായ മൂന്നു മതങ്ങൾ. ഈ വ്യവസ്ഥയില്ലായ്മയെപ്പററി ഇംഗ്ലീഷ് ചർച്ചിൻെറ അധികാരികൾക്കു ബോധമുണ്ടു്. ഇതിനു് അവർക്കു കാണാവുന്ന ഏക പ്രതിവിധി ഇടവകവൈദികൻെറ അധികാരം ഇടവകയോഗത്തിനേല്പിച്ചുകൊടുക്കുകയാണു്. ആ യോഗമാകട്ടെ മതപരമായ കാര്യങ്ങളെക്കുറിച്ചു ജ്ഞാനത്തെക്കാൾ മുൻവിധികൾമാത്രമുള്ള അജ്ഞന്മാരെക്കൊണ്ടായിരിക്കും നിറഞ്ഞിരിക്കുക. സർവ്വത്ര കുഴപ്പം, കുഴപ്പം, കുഴപ്പംതന്നെ; നവീനരൂപങ്ങളെ കരുപ്പിടിപ്പിക്കുന്ന ഗുണകരമായ കുഴപ്പമല്ല. മരണത്തിൻെറയും ക്ഷയത്തിൻെറയും കുഴപ്പ; ശരീരത്തിൽനിന്നു വിച്ഛേദിക്കപ്പെട്ട നിശ്ചേഷ്ടമായ ഒരവയവത്തിൻെറ ചീച്ചിൽ." (പുറം 15)

"ആംഗ്ലിക്കൻസഭയെക്കാൾ വിശ്വാസവൈവിധ്യത്തിനു സ്ഥാനമുള്ള ഒരു മതസമൂഹമില്ലെന്നു തീർച്ചയാണു്." (പുറം 8)

കാതോലികതയാണു് അടുത്ത ലക്ഷണം. സമുദായത്തിലെ എല്ലാ ഗണങ്ങളേയും കത്തോലിക്കസഭ ആകർഷിക്കുന്നു. പ്രഭുവിനും കല്ലുവെട്ടിക്കും അവിടെ ഒരുപോലെ സ്വാഗതം ലഭിക്കുന്നു. എന്നാൽ കത്തോലിക്കാദൈവാലയങ്ങളിൽ ധനികരും ദരിദ്രരും സസന്തോഷം ഇടകലർന്നു് ഒരേനിലയിൽ നില്ക്കുന്ന കുതൂഹലമായ രംഗങ്ങൾ ആംഗ്ലിക്കൻസഭയിൽ കാണുവാൻ സാധിക്കയില്ലെന്നും ആംഗ്ലിക്കൻസഭ ധനവാന്മാരുടേയും സാധാരണക്കാരിൽ അല്പം ഭേദപ്പെട്ടവരുടേയും മതമാണെന്നും ഷെയ്ലാ പരാതിപ്പെടുന്നു. ആംഗ്ലോ കത്തോലിക്കർ ഇതിനൊരപവാദമാണു്. അവരുടെ ചില വൈദികന്മാർ സാധുക്കളുടെയിടയിൽ ധീരസേവനമനുഷ്ഠിക്കുന്നുണ്ടെന്നു സമ്മതിക്കണം. എന്നാൽ അവരും ശാരീരികസേവനങ്ങൾ ചെയ്യുമ്പോൾ ആത്മീയാവശ്യങ്ങളെ പൊതുവേ വിസ്മരിക്കയാണു ചെയ്യുന്നതു്. ഇതിനുപുറമെ ആംഗ്ലിക്കൻസഭാവിഭാഗങ്ങളെല്ലാം മിക്കവാറും സ്ത്രീജനങ്ങളുടെ സാമ്രാജ്യമായിട്ടാണു കഴിയുന്നതു്. ദൈവാലയങ്ങളിൽ സന്നിഹിതരാകുന്ന പുരുഷന്മാരുടെ സംഖ്യ വളരെ നിരാശാജനകമാണു്. "ചുരുക്കത്തിൽ ആംഗ്ലിക്കൻസഭ ജോലിത്തിരക്കില്ലാത്തവർക്കും മോടിയായി വസ്ത്രമണിയുന്നവർക്കും സദാചാരനിയമങ്ങൾ പാലിക്കുന്നവർക്കും ഭക്തർക്കുംമാത്രം സ്വാഗതമരുളുന്നു. ഇപ്രകാരമുള്ള സ്വാഗതം സഭയുടെ സാർവത്രികത്വത്തിനു തീരെ യോജിച്ചതല്ലല്ലോ".

സഭയുടെ ശ്ലൈഹികതയാണു് ഇനിയും ശേഷിക്കുന്ന ലക്ഷണം. ആംഗ്ലിക്കൻസഭക്കു് അപ്പസ്തോലികപിന്തുടർച്ചയുണ്ടോ? അപ്പസ്തോലികസത്യങ്ങളും ഉപദേശങ്ങളുമാണോ അതു പഠിപ്പിക്കുന്നതു്? ഇതിനു സമാധാനം കണ്ടുപിടിക്കുക ഒട്ടുംതന്നെ ക്ലേശകരമായിരുന്നില്ല. "ലോകത്തിൽ ഏററം കുറച്ചുമാത്രം മതബോധം ലഭിക്കുന്ന മതക്കാർ പൊതുവേ ആംഗ്ലിക്കരാണെന്നു ഞാൻ വിചാരിക്കുന്നു. സാധാരണ ആംഗ്ലിക്കനു തൻെറ മതത്തെപ്പററി യാതൊരു വിവരവുമില്ല. ഏതൊരു സിദ്ധാന്തത്തിൻെറയും വിഷക്കാററിനു് അയാൾ വിധേയനാകുന്നു. തന്നിമിത്തമാണു് "തിയോസഫിയുടേയും"; "ക്രിസ്ത്യൻ സയൻസിൻെറയും" "സ്പിരിച്ചുലിസത്തിൻെറയും" (ഭൂതവിദ്യയുടേയും) മററു മതപ്രസ്ഥാനങ്ങളുടേയും വളർച്ചയ്ക്കു് ഈ രാജ്യം വളക്കൂറുള്ളതായിരിക്കുന്നതു്. ഇതിനു പുറമേ ഉന്നതസ്ഥാനങ്ങളിലുള്ള അനേകം ആംഗ്ലിക്കൻ മതപ്രസംഗവേദികളിൽനിന്നു ശാസ്ത്രീയമെന്നും ദൈവശാസ്ത്രപരമെന്നുമുള്ള ഭാവത്തിൽ ചപ്പുചവറുകൾ തുടർച്ചയായി പ്രസംഗിക്കപ്പെടുന്നു. ശ്രോതാക്കളും പ്രസംഗകരും അതു മോഡേണിസ (നവ്യതാവാദം) മാണെന്നു ഭാവിക്കുന്നു—ടിറെലും ലോയിസിയും ആ വാക്കിൻെറ അനാശാസ്യമായ ഉപയോഗത്തെ പ്രതിഷേധിക്കുമെങ്കിലും. ഈ ചവറുകളെല്ലാം പത്രപംക്തികളിൽ പ്രത്യക്ഷപ്പെടുകയും ഒരൊച്ചപ്പാടുണ്ടാക്കുകയും ചെയ്യുന്നു. തങ്ങളെക്കാൾ ബുദ്ധിമതികളായവർ പണ്ടേതന്നെ വിശ്വാസം പരിത്യജിച്ചിരിക്കുന്നല്ലോ എന്നു സാമാന്യക്കാർ കരുതുകയും അവരിൽ ശേഷിച്ചിട്ടുള്ള അല്പവിശ്വാസംകൂടി നശിച്ചുപോകുകയും ചെയ്യുന്നു. ഇപ്രകാരമുള്ള മേച്ചിൽസ്ഥലത്തു് ആംഗ്ലേയമേഷഗണം എങ്ങനെ സംതൃപ്തരാകും...?

സത്യസഭയുടെ ലക്ഷണങ്ങളിൽ ഒന്നുപോലും ആംഗ്ലിക്കൻസഭയിൽ ദൃശ്യമായില്ല. 'അവരുടെ ഫലങ്ങളിൽനിന്നു നിങ്ങൾ അവരെ വേർതിരിച്ചറിയും" മുന്തിരിങ്ങാകൾ അവിടെ കാണ്മാനില്ലായിരുന്നു—ആംഗ്ലിക്കൻസഭ മുന്തിരിച്ചെടിയല്ല. അഥവാ ഒരു കാലത്തു മുന്തിരിയുടെ ഒരു ശിഖരമായിരുന്നെങ്കിൽ ഇന്നതു തായ്ത്തണ്ടിൽനിന്നു വെട്ടിമാറ്റപ്പെട്ടു നിർജ്ജീവമായിരിക്കുന്നു. കത്തോലിക്കസഭമാത്രം സത്യസഭയുടെ മുദ്രകൾ വഹിച്ചിരുന്നു.

"മററെന്തിൻെറയും അകൃത്രിമതയെ പരിശോധിക്കുന്നതിനു ഞാൻ ഉപയോഗിക്കുമായിരുന്ന മാർഗ്ഗങ്ങളിൽ ക്രൂടിയുക്തിയുടെ വെളിച്ചത്തിൽ ചർച്ച് ഓഫ് ഇംഗ്ലണ്ടിൻെറ വാദങ്ങളെ ഞാൻ പരിശോധിച്ചപ്പോൾ, താൻ ഈ രാജ്യത്തെ സത്യസഭയാണെന്നു് അവൾ നടത്തുന്ന അവകാശവാദം അസ്വീകാര്യമാണെന്നു് എനിക്കു നിശ്ചയം വന്നു. സഭാമുദ്രയുടെ നാലു ഭാഗങ്ങളും ഞാൻ പരിശോധിച്ചു—ഒന്നുപോലും കാണപ്പെട്ടില്ല, അവൾ ഒരു വ്യാജച്ഛായയായിരുന്നു. അവൾ ഏകയായിരുന്നില്ല വിശുദ്ധയായിരുന്നില്ല, കാതോലികയായിരുന്നില്ല, ശ്ലൈഹികയുമായിരുന്നില്ല. ആംഗ്ലിക്കൻസഭയിൽ ഇപ്പോൾ നടക്കുന്നതും അതിൻെറ രക്ഷാമാർഗ്ഗമായി പതിനൊന്നു കൊല്ലത്തേക്കു ഞാൻ കരുതിയിരുന്നതുമായ കത്തോലിക്കസംരംഭം അവൾ സത്യസഭയല്ലെന്നുള്ളതിനു് ഒന്നാമത്തെ തെളിവായി എനിക്കു തോന്നി.

"ആംഗ്ലിക്കൻസഭക്കെതിരായി പൊതുവിൽ കൊണ്ടുവരുന്ന ആരോപണങ്ങൾ തങ്ങളെ ബാധിക്കയില്ലെന്നു് ആംഗ്ലോകത്തോലിക്കർ കരുതാറുണ്ടു്. എന്നാൽ വാസ്തവത്തിൽ ആ ആരോപണങ്ങളിൽനിന്നു് വിമുക്തരാകുവാൻ പാടില്ല. ആംഗ്ലിക്കൻസഭ ഒരു സഭയേ അല്ലെങ്കിൽ, കത്തോലിക്കവിശ്വാസമോ, കത്തോലിക്കനടപടികളോ കുറേ കൂടുതൽ സ്വീകരിച്ചതുകൊണ്ടു് അവർ കത്തോലിക്കരായിത്തീരുകയില്ല. ആംഗ്ലിക്കൻ പട്ടം ശാസ്ത്രീയമായ അർത്ഥത്തിൽ വാസ്തവമാണെന്നു സംശയരഹിതമായി തെളിയിക്കാമായിരുന്നെങ്കിൽ തന്നെ ദൈവീകസ്ഥാപനത്തിൻെറ ഒരൊററ ലക്ഷണംപോലുമില്ലാത്ത ഒരു സഭ ബാഹ്യചടങ്ങിൻെറ ശക്തികൊണ്ടു് എങ്ങനെ സത്യസഭയാകുമെന്നു് എനിക്കു മനസ്സിലാകുന്നില്ല." (പുറം 12)

താൻ ശിശ്മയിലാണെന്നും ക്രിസ്തുവിൻെറ ദിവ്യജീവനാൽ പരിപോഷിപ്പിക്കപ്പെടുവാൻ അവിടത്തെ മൗതികശരീരത്തിലെ ഒരംഗമാകുകയാണു തൻെറ കടമയെന്നും ഷെയ്ലാക്കു ബോധപ്പെട്ടു. എങ്കിലും ബുദ്ധിക്കെതിരായി പ്രക്ഷോഭണം നടത്തുന്ന മനസ്സിനെ നിയന്ത്രണത്തിലാക്കുന്നതിനും ഹൃദയിൽ കർക്കശതാവും നിരുന്മേഷതയും അനുഭവപ്പെട്ടേക്കുമെന്ന വ്യർത്ഥമായ ഭീതിയെ ജയിക്കുന്നതിനും, പ്രതികൂലശക്തികളുടെ പിടി വിട്ടുവിക്കുന്നതിനും കുറച്ചു കാലതാമസം നേരിട്ടു. ഹൃദയത്തിൻെറ ബന്ധനങ്ങൾ തകർത്തു "നമുക്കു ദൈവത്തിൻെറ ഭവനത്തിലേക്കു പോകാം, എന്നു് എന്നോടു പറയുകയിൽ, ഞാൻ ആനന്ദിച്ചു" എന്നു പറയുവാൻ കഴിയുന്ന ദിവസം സമാഗതമാകുവാൻ അവൾ നോക്കിയിരിക്കയായിരുന്നു. ആ ദിനം ഉദയംചെയ്തു; ഷെയ്ലാ ഭർത്താവിനോടൊന്നിച്ചു ദൈവികഭവനത്തിലേക്കു പ്രവേശിക്കയും ചെയ്തു.

---

വേദശാസ്ത്രപംക്തി

## പാപസങ്കീർത്തനം

## XVIII

### കൂദാശാഘടകങ്ങൾ

പാപസങ്കീർത്തനത്തിൻെറ ഫലസിദ്ധിക്കു പശ്ചാത്താപം അത്യാവശ്യമാണെങ്കിലും അതു ഉത്തമമനസ്താപമായിരിക്കണമെന്നില്ല; അടിമമനസ്താപംതന്നെയെങ്കിലും വേണമെന്നേയുള്ളു. യജമാനദ്രോഹത്തെക്കുറിച്ചു സേവകൻ ഭയപ്പെടുന്നതു യജമാനനോടുള്ള സ്നേഹം കാരണത്താലല്ല; യജമാനൻ ശിക്ഷിക്കുമെന്നുള്ള ഭയം മുൻനിറുത്തിയാണു്. അതേവിധംതന്നെ സകലനന്മസ്വരൂപിയും സ്നേഹയോഗ്യനുമായ ദൈവത്തോടുള്ള സ്നേഹം മൂലമെന്നതിനെക്കാൾ, ദൈവം പാപിയെ നിത്യശിക്ഷയ്ക്കു വിധേയനാക്കുമെന്നുള്ള ഭയത്താൽ പാപത്തെക്കുറിച്ചുളവാകുന്ന അനുതാപമാണു് അടിമമനസ്താപം അഥവാ അപൂർണ്ണമനസ്താപം. ത്രിദന്തീനോസ് സൂനഹദോസ് പറയുന്നതുപോലെ ഇതു പാപത്തിൻെറ നീചതയെക്കുറിച്ചുള്ള പരിഗണനയിൽനിന്നോ, നരകത്തേയും തദ്ദുരിതങ്ങളേയും കുറിച്ചുള്ള ഭീതിയിൽനിന്നോ ഉളവാകുന്നതാണു്. നരകഭയത്തിൽ നിത്യസൗഭാഗ്യനഷ്ടത്തെക്കുറിച്ചുള്ള ആശങ്കയും അടങ്ങിട്ടുണ്ടല്ലോ.

രണ്ടുതരമുണ്ടു് ദൈവഭയം. ദൈവത്തോടുള്ള പുത്രസഹജമായ സ്നേഹത്താലും ഭക്തിയാലും ദൈവത്തെ ദ്രോഹിപ്പാൻ നാം ശങ്കിക്കുമ്പോൾ മക്കൾക്കുള്ള ഭയം. ദൈവം ശിക്ഷിക്കുമെന്നുള്ള ഭീതിയാൽ ദൈവത്തിനെതിരായി പ്രവർത്തിപ്പാൻ ഭയപ്പെടുമ്പോൾ അടിമയ്ക്കുള്ള ഭയം. പുത്രയോഗ്യമായ ഭയമാണു് ഉത്തമമെന്നിരുന്നാലും, അടിമയ്ക്കുള്ള ഭയവും ഉപകാരപ്രദവും ഉൽകൃഷ്ടവുമാണു്.

ത്രിദന്തിനോസ് സൂനഹദോസ് അനുതാപത്തെ പൂർണ്ണം, അപൂർണ്ണം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പൂർണ്ണമനസ്താപം കുമ്പസാരിക്കുന്നതിനു മുമ്പുതന്നെ പാപിയെ ദൈവവുമായി രമ്യപ്പെടുത്തുവാൻ പര്യാപ്തമാണു്. അപൂർണ്ണമനസ്താപമാകട്ടെ, പാപസങ്കീർത്തനത്തിൽ ദൈവത്തിൻെറ പ്രസാദവരം പ്രാപിപ്പാൻ അവനെ സജ്ജീകരിക്കുന്നു. അതേ സൂ

നഹദോസ്" തന്നെ സമർത്ഥിക്കുന്നു. കുമ്പസാരമെന്ന കൂദാശയാൽ പാപങ്ങൾ യഥാർത്ഥമായി വിമോചിക്കപ്പെടുന്നുവെന്നു്. പാപവിമോചനത്തിനു പൂർണ്ണമനസ്താപം മാത്രം ആവശ്യമാണെങ്കിൽ പാപി തന്നത്താൻ പാപങ്ങൾ ശരിക്കും മോചിക്കപ്പെടുന്നു എന്നു പറയുന്നതിൽ അർത്ഥമില്ലല്ലോ.

ബായൂസ് എന്ന പാഷണ്ഡിയുടെ ഒരു സിദ്ധാന്തം തിരുസഭ ശപിച്ചിരിക്കുന്നതിൽനിന്നു ഇതു വ്യക്തമാകുന്നുണ്ടു്. "ദൈവത്താൽ മാത്രമാണു്, അല്ലാതെ പാപവിമോചനം നല്കുന്ന പുരോഹിതന്റെ ശുശ്രൂഷകൊണ്ടല്ല, അനുതപിക്കുന്ന പാപി ഉജ്ജീവിപ്പിക്കപ്പെടുന്നതു്." ഉത്തമമനസ്താപത്താൽ പാപം പോക്കപ്പെട്ടിരിക്കുന്ന ഒരു പാപിയെ ഉജ്ജീവിപ്പിക്കാൻ പുരോഹിതന്റെ സേവനം ആവശ്യമുണ്ടോ? ആകയാൽ കുമ്പസാരത്തിന്റെ ഫലസിദ്ധിക്കു് അടിമമനസ്താപം മതിയെന്നു തെളിയുന്നു.

വേദപുസ്തകത്തിലും പാരമ്പര്യത്തിലും ഈ സിദ്ധാന്തത്തെ സാധൂകരിക്കുന്ന പല സാക്ഷ്യങ്ങളും കാണാം. കർത്താവിനെക്കുറിച്ചുള്ള ഭയം പാപത്തെ അകറ്റുന്നു: "എന്തുകൊണ്ടെന്നാൽ ഭയമില്ലാത്തവൻ നീതീകരിക്കപ്പെടുക സാദ്ധ്യമല്ല." (പ്രസം: 1,27). "ശരീരത്തെ കൊല്ലുവാൻ പോന്നവരും, എന്നാൽ ആത്മാവിനെ ഹനിക്കുവാൻ അശക്തരുമായ ആളുകളെ നിങ്ങൾ ഭയപ്പെടേണ്ട; എന്നാൽ ശരീരത്തെയും ആത്മാവിനെയും നരകത്തിലയച്ചു ശിക്ഷിക്കുവാൻ ത്രാണിയുള്ളവനെ നിങ്ങൾ ഭയപ്പെട്ടാലും." (മത്താ. 10,28)

സഭാപിതാക്കന്മാർ പാപത്തെ വിദ്വേഷിക്കുന്നതിനും വിട്ടൊഴിയുന്നതിനും നമ്മെ ശക്തിയുക്തം പ്രേരിപ്പിക്കുന്ന ഉപാധിയായി നിത്യവ്യാധിയെയും നരകത്തെയും കുറിച്ചുള്ള ചിന്തയാണു നിർദ്ദേശിക്കുന്നതു്. വി. ജോൺ ക്രിസോസ്തോമസ് പറയുന്നു: "ഭയം നല്ലതല്ലായിരുന്നുവെങ്കിൽ ക്രിസ്തു വരുവാനിരിക്കുന്ന ശിക്ഷയെയും ദുരിതങ്ങളെയും കുറിച്ചു സുദീർഘമായ പല പ്രഭാഷണങ്ങളും നടത്തുകയില്ലായിരുന്നു. അജയ്യമായ കോട്ടയും ശോഭാപൂരവുമല്ലാതെ മറ്റൊന്നുമല്ല ഭീതി." വി. അഗസ്റ്റീനോസ് തത്സംബന്ധമായി നല്കുന്ന സാക്ഷ്യങ്ങളിൽ ഒന്നു ഇതാണു്: "ഒരുവിധം പറഞ്ഞാൽ ഭയം സ്നേഹത്തിനു വഴിയൊരുക്കുകയാണു ചെയ്യുന്നതു്. ഭയമേതുമില്ലെങ്കിൽ സ്നേഹത്തിനു അകത്തുകടക്കുവാൻ മാർഗ്ഗം കാണുകയില്ല."

ദൈവശാസ്ത്രപരമായ യുക്തിയും അടിമമനസ്താപത്തിന്റെ പ്രയോജനം ചൂണ്ടിക്കാണിക്കുന്നുണ്ടു്. പാപസങ്കീർത്തനത്തിന്റെ ഫലസിദ്ധിക്കു അത്യന്താപേക്ഷിതമായ പശ്ചാത്താപം, പാപത്തെക്കുറിച്ചുള്ള ദുഃഖത്തിലും, പാപത്തോടുള്ള വെറുപ്പിലും, മേലിൽ പാപം ചെയ്കയില്ലെന്നുള്ള പ്രതിജ്ഞയിലുമാണല്ലോ അടങ്ങിയിരിക്കുന്നതു്. ഇതൊക്കെയും പ്രായോഗികമായുളവാക്കുവാൻ നിത്യശിക്ഷയെക്കുറിച്ചുള്ള ഭീതി സർവ്വഥാ സമർത്ഥമാണു്. നരകദുരിതങ്ങളെക്കുറിച്ചുള്ള ഭയം അവയ്ക്കു തന്നെ പാത്രമാകുന്ന പാപത്തെക്കുറിച്ചു വേദിക്കുവാനും, പാപത്തെയും പാപകാരണങ്ങളെയും പരിത്യജിപ്പാനും പാപിയെ ശക്തിയുക്തം പ്രേരിപ്പിക്കാതിരിക്കയില്ല. ഫലത്തെ ആത്മാർത്ഥമായി ഭയപ്പെടുകയും വിദ്വേഷിക്കയും വിട്ടകലുകയും ചെയ്യുന്നവർ അതിനാൽതന്നെ തൽക്കാരണത്തെയും ഭയപ്പെടുകയും, വിദ്വേഷിക്കയും വിട്ടകലുകയും ചെയ്യുന്നു എന്നുള്ളതു് അനുഭവസിദ്ധമാണല്ലോ.

ഭക്തനായ ഒരു മനുഷ്യൻ പാപസങ്കീർത്തനത്തിനണയുന്നതിനു മുമ്പു മൂന്നു അദ്ധ്യാത്മദർശനങ്ങൾ നടത്തുക പതിവായിരുന്നു. ആദ്യത്തേതു നരകത്തിൽ നിത്യശിക്ഷയനുഭവിക്കുന്ന ദുഷ്ടാത്മാക്കളെയും, രണ്ടാമത്തേതു സ്വർഗ്ഗത്തിൽ നിത്യഭാഗ്യത്തിനവകാശികളായ നീതിമാന്മാരെയും, മൂന്നാമത്തേതു കാൽവരിയിൽ കുരിശിൽ തൂങ്ങിക്കിടക്കുന്ന ദിവ്യനാഥനേയുമായിരുന്നു. നരകസന്ദർശനത്തിൽ ഒരിക്കലും കെട്ടുപോകാത്ത അഗ്നി, ദുർഭഗാത്മാക്കളനുഭവിക്കുന്ന വർണ്ണനയെക്കവിഞ്ഞ ദുഃഖദുരിതങ്ങൾ, അവസാനമില്ലാത്ത ഇച്ഛാഭംഗം, കഠോരം നൈരാശ്യം, ഏശാവു ഒരു കോപ്പ കഞ്ഞിക്കുവേണ്ടി ജന്മാവകാശം കളഞ്ഞുകളിച്ചതുപോലെ ഹീനവും ക്ഷണികവുമായൊരു ചാരിതാർത്ഥ്യത്തിനുവേണ്ടി നിത്യസൗഭാഗ്യം നഷ്ടപ്പെടുത്തിയതിലുള്ള ശോചനീയമായ ദുരവസ്ഥകളെക്കുറിച്ചു ധ്യാനിച്ചുകണ്ടു പാപത്തെക്കുറിച്ചുള്ള ഭയവും വിദ്വേഷവുമുളവാക്കും. സ്വർഗ്ഗസന്ദർശനത്തിലാകട്ടെ സ്രഷ്ടാവായ ദൈവത്തെ അഭിമുഖമായി കാണുമ്പോളുണ്ടാകുന്ന പരമാനന്ദത്തെയും, വാനദൂതന്മാരുടെയും പുണ്യാത്മാക്കളുടെയും സഹവാസത്താൽ ലഭിക്കുന്ന സൗഖ്യത്തെയും, മനുഷ്യബുദ്ധിയെ കവിയുന്ന സമാധാനസന്തുഷ്ടികളെയും കുറിച്ചു ചിന്തിക്കും. ഇതെല്ലാം ഒരൊറ്റ ചാവുദോഷമൂലമാണല്ലോ എന്നന്നേക്കുമായി നഷ്ടപ്പെടുന്നതെന്നും, യഥാർത്ഥവും അത്മാർത്ഥവുമായ അനുതാപത്താൽ ഇതൊക്കെയും വീണ്ടെടുക്കുവാൻ സാദ്ധ്യമാണെന്നും അയാൾ മനസ്സിലാക്കും. കാൽവരിഗിരിമുകളിൽ കുരിശിൻചുവട്ടിൽനിന്നുകൊണ്ടു സ്നേഹനാഥന്റെ ചോരയൊലിക്കുന്ന തിരുമുറിവുകളിൽ പാപത്തിന്റെ ഉൽക്കടഭയങ്കരതയും, അവർണ്ണ്യനികൃഷ്ടതയും അയാൾ നോക്കിക്കാണും. അതോടൊപ്പം സ്നേഹജന്യമായ കൃതജ്ഞതയോടെ ദൈവമനുഷ്യനായ മിശിഹാ മനുഷ്യരോടു കാണിച്ച അനന്തസ്നേഹവും എണ്ണമറ്റ ശ്രേഷ്ഠമായ അനുകമ്പയും ഉള്ളത്തിൽ കൊള്ളിക്കാനുതകും. ഈ വിധം അയാളുടെ ഭക്താത്മാവു ഭയത്തിൽനിന്നു പ്രത്യാശയിലേക്കും, പ്രത്യാശയിൽനിന്നു സ്നേഹത്തിലേക്കും പടിപടിയായുയരും. അങ്ങനെ പാപങ്ങളെക്കുറിച്ചുള്ള അഗാധമായ ഖേദവും വെറുപ്പും, ദൈവാനുഗ്രഹത്തിൽ സ്നേഹാത്മകമായ ആശ്രയബോധവും ഉൾക്കൊണ്ടുകൊണ്ടു് അയാൾ പാപനിവേദനം നടത്തുകയും, തന്റെ ദുർഭരമായ പാപഭാരത്തെ കാരുണ്യവാനായ കർത്താവിന്റെ തൃപ്പാദങ്ങളിൽ ഇറക്കിവെച്ചു് സമാധാനചിത്തനായി സ്വഗൃഹത്തിലേക്കു പിന്തിരിയുകയും ചെയ്യുമായിരുന്നു. ഏതു പാപിക്കും അനുകരണീയമായൊരു മാതൃക.

(പി. കെ.)

# ദ്രോഹി!

(ജെ. പ. വിതയത്തിൽ)

"ജിമ്മി, നീ സ്കൂളിൽനിന്നു ഇതുപോലെ വളരെ വൈകിവരാൻ തുടങ്ങിയിട്ടു് പല ദിവസങ്ങളായല്ലോ? എത്ര പ്രാവശ്യം നിന്നെ ഞാൻ ഉപദേശിച്ചിട്ടുണ്ടു്. നീ എവിടെയാണു പോകുന്നതു്?" മാർഗരറ്റു് സഗൗരവം ചോദിച്ചു.

"അമ്മച്ചീ, ഞങ്ങളുടെ സ്കൂൾവാർഷികം അടുത്തിരിക്കുന്നു എന്നു ഞാൻ പറഞ്ഞില്ലേ? എന്തെല്ലാം ഒരുക്കങ്ങളാണു് പൂർത്തിയാക്കാനുള്ളതു്?"

"നിന്റെ വാക്കുകളിൽ എനിക്കു വിശ്വാസമില്ല. നിന്റെ സഹപാഠികളെല്ലാം നേരത്തെ വരുന്നുണ്ടല്ലോ. അവരോടു ഞാൻ അന്വേഷിച്ചതിൽ നിന്നു അവിടെ വിശേഷവിധിയായി ഒന്നും ചെയ്യാനില്ലെന്നാണല്ലോ പറഞ്ഞതു? ഏതായാലും ഇതെല്ലാം ഞാൻ നിന്റെ അപ്പച്ചനോടു പറയട്ടെ"

ജിമ്മി അവന്റെ മാതാപിതാക്കന്മാരുടെ ഏകസന്താനമാണു്. പഠനത്തിൽ മിടുക്കൻ. കായികാഭ്യാസങ്ങളിലും ഒട്ടും പുറകല്ല. പരീക്ഷകളിലും കായികാഭ്യാസമത്സരങ്ങളിലും പല സമ്മാനങ്ങളും അവൻ നേടിയിട്ടുണ്ടു്. മാതാപിതാക്കന്മാർ അവനെപ്പററി അഭിമാനം കൊള്ളുന്നതിൽ ഒട്ടും അനൗചിത്യമില്ല. മാർഗരറ്റു് ഒരു മാതൃകാ കത്തോലിക്കയാണു്; ഒരുത്തമകുടുംബിനിയും മാതാവുമാണവൾ. മകന്റെ സ്വഭാവരൂപവൽക്കരണത്തിൽ അവൾ അതീവതല്പരയാണു്. പക്ഷെ, ഭർത്താവിന്റെ സഹകരണക്കുറവുകൊണ്ടു് ചിലപ്പോഴെല്ലാം അവൾ നിരുത്സാഹയും നിരാലംബയുമാകാറുണ്ടു്. മതപരമായ കാര്യങ്ങളിൽ അദ്ദേഹത്തിനു യാതൊരുത്സാഹവുമില്ല. കുട്ടികൾ സ്വതന്ത്രരായി വളരട്ടെ. പ്രായപൂർത്തിയാകുമ്പോൾ നന്നായിക്കൊള്ളും എന്നുള്ള അഭിപ്രായക്കാരനാണദ്ദേഹം. ഈ മനസ്ഥിതി അവരുടെ വാത്സല്യപുത്രന്റെ ജീവിതനിയന്ത്രണം സംബന്ധിച്ചു മാർഗരറ്റിനുണ്ടായിരുന്ന പരിപാടികളെയെല്ലാം ശിഥിലമാക്കിക്കളഞ്ഞു. അനിവാര്യമായ ഒരസ്വസ്ഥത അവളെ അലട്ടിക്കൊണ്ടിരുന്നു. എന്തൊക്കെയാ സംഭവിക്കുമെന്നുള്ള ആശങ്കകൾ ഊണിലും ഉറക്കത്തിലുംകൂടി അവളെ ആകുലയാക്കി.

* * *

രാജ്യമാകെ വിപൽക്കരമായ ഒരു പരിവർത്തനം അതിവേഗം നടന്നുകൊണ്ടിരിക്കയാണു്. പൗരജീവിതത്തിന്റെ ഓരോ തുറകളിലും കമ്മ്യൂണിസ്റ്റുകാർ നുഴഞ്ഞുകയറി അവരുടെ കൈ ഉറപ്പിച്ചുകഴിഞ്ഞു. നിരവധി വാഗ്ദാനങ്ങൾകൊണ്ടു തൊഴിലാളികളെ വ്യാമോഹിപ്പിച്ചു വശത്താക്കി. വിപ്ലവങ്ങളും പണിമുടക്കുകളും പ്രഖ്യാപിച്ചു് കുഴപ്പങ്ങൾക്കുമേൽ കുഴപ്പങ്ങൾ സൃഷ്ടിച്ചുവച്ചു. വഴിപിഴച്ച മുദ്രാവാക്യങ്ങൾകൊണ്ടു അന്തരീക്ഷം മുഖരിതമായി. ഇതെല്ലാം അടുത്തു നടക്കാനിരുന്ന തിരഞ്ഞെടുപ്പിനുള്ള കളമൊരുക്കലായിരുന്നു. തിരഞ്ഞെടുപ്പു വന്നു. അക്രമംകൊണ്ടും ഭീഷണികൊണ്ടും, മനംമയക്കുന്ന വാഗ്ദാനങ്ങൾകൊണ്ടും ബഹുഭൂരിപക്ഷം വോട്ടുകളും അവർ കൈക്കലാക്കി. ഭരണസാരഥ്യം കമ്മ്യൂണിസ്റ്റു് നേതാവിൽ ലയിച്ചു. കമ്മ്യൂണിസ്റ്റു് പരിപാടിയനുസരിച്ചു ഭരണവും നടപ്പിലായി.

വിദ്യാലയങ്ങൾ എല്ലാം ഗവമ്മെന്റു് ഏറെറടുത്തു. സന്യാസസഭകൾ നിരോധിച്ചു; ആരാധനസ്ഥലങ്ങൾ കണ്ടുകെട്ടി പൊതുവിഹാരസ്ഥലങ്ങളാക്കി; കൃഷിസ്ഥലങ്ങളും വ്യവസായശാലകളും രാഷ്ട്രസാൽക്കരിച്ചു; സംഘടനകളെല്ലാം നിയമവിരുദ്ധമാക്കി പിരിച്ചുവിട്ടു; പൊതുനന്മയ്ക്കായി ബാങ്കുകൾ ഗവമ്മെന്റു് ഏറെറടുത്തു; സ്വതന്ത്രപത്രങ്ങൾ നിരോധിച്ചു; അച്ചടിശാലകളെല്ലാം രാഷ്ട്രത്തിന്റെ നിയന്ത്രണത്തിലാക്കി; ഇങ്ങനെ പൗരജനത്തിന്റെ വായു് മൂടിക്കെട്ടി നിർബന്ധസേവനനിയമത്താൽ എല്ലാവരേയും രാഷ്ട്രത്തിന്റെ വണ്ടിക്കാളകളാക്കിത്തീർത്തു! കൊള്ളയും കൊള്ളിവയ്പും നാടാകെ നടമാടി കമ്മ്യൂണിസം വിജയിച്ചു!

വഞ്ചനാപരമായ തന്ത്രങ്ങളാണല്ലോ കമ്മ്യൂണിസത്തിന്റെ ഔദ്യോഗിക പ്രവർത്തനപദ്ധതികൾ. ഒരു ദിവസം ജിമ്മി പള്ളിക്കൂടത്തിലേക്കു പോകുമ്പോൾ രണ്ടു കമ്മ്യൂണിസ്റ്റു് പ്രവർത്തകന്മാർ അവനെ സമീപിച്ചു നയവചനങ്ങളാൽ ആകർഷിച്ചു് അവനെ അവരുടെ ക്യാമ്പിലേക്കുകൊണ്ടുപോയി. അന്നുമുതൽ അതായിത്തീർന്നു അവന്റെ വിദ്യാലയം. രാവിലെ മുതൽ വൈകിട്ടു അസ്തമയംവരെ അവനെ കമ്മ്യൂണിസ്റ്റു് രീതിയിൽ ഓരോ കുതന്ത്രങ്ങൾ പഠിപ്പിക്കുകയും കമ്മ്യൂണിസ്റ്റു് സ്വർഗ്ഗത്തിന്റെ ഭാവനാസൗധങ്ങൾ വിവരിച്ചു ധരിപ്പിക്കുകയുമായിരുന്നു പരിപാടി. സാവധാനത്തിൽ അവനിൽനിന്നു മതപരമായ സ്ഥാപനങ്ങളെപ്പററിയും ആചാരാനുഷ്ഠാനങ്ങളെപ്പററിയും പല അറിവുകളും അവർ ശേഖരിച്ചു കാലക്രമത്തിൽ അവകൊണ്ടു മുതലെടുക്കുകയും ചെയ്തു.




മനോഹരമായ ഒരു സന്ധ്യാസമയം. പക്ഷിവൃന്ദം പ്രേമഗാനങ്ങൾ ആലപിച്ചുകൊണ്ടു അവയുടെ പഞ്ജരങ്ങൾ ലക്ഷ്യമാക്കി പറക്കുകയാണു്. കാട്ടരുവികൾ പാറക്കൂട്ടങ്ങളെ തട്ടിയൊഴുകുന്ന മർമ്മരരവങ്ങൾ സന്ധ്യയുടെ നിശ്ശബ്ദതയിൽ പൂർവ്വാപരി ശബ്ദമാനമായി കേൾക്കുന്നു. രാത്രിഞ്ചരന്മാരായ പക്ഷിമൃഗാദികൾ ഇരുളിന്റെ മറപററി പുറത്തിറങ്ങുകയായി.

മി. ജയിംസ്—അതാണു് ജിമ്മിയുടെ അപ്പന്റെ പേരു്—വളരെ രഹസ്യമായ ഒരു മുറിയിലിരുന്നു അന്നത്തെ റേഡിയോ വാർത്തകൾ ശ്രവിക്കയാണു്. പെട്ടെന്നും ആരോ കതകിൽ തട്ടുന്നതായി കേട്ടു. തോക്കുധാരികളായ രണ്ടു ചെമ്പട്ടാളക്കാർ വാതിൽ തട്ടിത്തുറന്നു അകത്തുകടന്നു. അവരുടെ പിറകിൽ ജിമ്മിയും!

ജയിംസ്—നിങ്ങൾക്കിവിടെ, എന്റെ ഭവനത്തിൽ, എന്തു കാര്യം?




പട്ടാളക്കാരൻ—രാജ്യനിയമം നിങ്ങൾക്കറിയാമോ? റേഡിയോകൾവച്ചു സൂക്ഷിക്കുന്നതും വിദേശവാർത്തകൾ ശ്രവിക്കുന്നതും രാജ്യദ്രോഹമാണെന്നു ഓർത്തുകൊള്ളുക. നിങ്ങളുടെ റേഡിയോ സെററു കൈവശപ്പെടുത്തി കേസ് ഫയൽചെയ്യുന്നതിനാണു് ഞങ്ങൾ വന്നിരിക്കുന്നതു്. റേഡിയോ എവിടെ സൂക്ഷിച്ചിരിക്കുന്നു?

ജിമ്മി—അതാ, ആ മേശവലിപ്പിന്റെ കീഴിലാണു് അപ്പച്ചൻ അതു് ഒളിച്ചുവച്ചിരിക്കുന്നതു്.

പട്ടാളക്കാരൻ—(എടുത്തിട്ടു്) ഇതു ഒന്നാംതരം സെററാണല്ലോ. ഇനിയും നിങ്ങളുടെ ആരാധനസ്ഥലമെവിടെയാണു്?

ജിമ്മി—അതാ, ആ കോണിലുള്ള രഹസ്യമുറിയാണതു്. അതിലാണു് അമ്മച്ചി ദിവസവും പ്രാർത്ഥിക്കുന്നതു്.




പട്ടാളക്കാരൻ—ഹോ, നിങ്ങളുടെ കടുത്ത രാജ്യദ്രോഹം! അതിനു തക്കവിധത്തിൽ നിങ്ങൾ ശിക്ഷിക്കപ്പെടാതിരിക്കയില്ല. ഈ തെളിവുകളോടുകൂടി ഇപ്പോൾത്തന്നെ നിങ്ങളുടെ പേരിലുള്ള കേസ് ഫയൽ ചെയ്യുന്നുണ്ടു്. നിങ്ങൾ ഇവിടംവിട്ടു പുറത്തു പോകരുതു്.

ജിമ്മി, നീ ഇനി ഇവിടെനിന്നു കൊള്ളുക. നമ്മുടെ മഹാനായ പ്രസിഡന്റു നിന്നെ യഥാർഹം സമ്മാനിച്ചു ബഹുമാനിക്കുന്നതാണു്. ഈ സ്വതന്ത്രരാജ്യത്തിൽ ഉന്നതമായ സ്ഥാനമാനങ്ങൾ യഥാകാലം നീ പ്രതീക്ഷിക്കാം.

മാർഗരററ്—വേണ്ട, വേണ്ട, ഈ മകനെ ഇനി ഞങ്ങൾക്കുവേണ്ട. അവന്റെ ആത്മാവിനെ നിങ്ങൾ അപഹരിച്ചെടുത്തു. ദുഷിച്ച ഈ ശരീരംകൂടി നിങ്ങൾതന്നെ കൊണ്ടുപൊയ്ക്കൊൾക.




ജയിംസ്—ദ്രോഹി! നിന്റെ ദുഷ്ടചങ്ങാതിമാരോടുകൂടി നീയും പൊ

(ശേഷം 10-ാം പേജിൽ)

# ഞാൻ കണ്ട റോമാപുരി

(റവ. സി. ററി. കൊട്ടാരം ബി. എ., എൽ. ററി., ഡി. ഡി.)

(തുടർച്ച)

കത്തോലിക്കസഹജമായ ഭക്തിതീക്ഷ്ണതയോടുകൂടി റോമിനെ സന്ദർശിക്കുന്ന ഒരുവനു് തിരുസഭയുടെ ഒരു പ്രത്യേകലക്ഷണമായ പവിത്രത മിക്കവാറും പ്രത്യക്ഷംതന്നെ. പവിത്രതയെ, അഥവാ ഈശ്വരനോടുള്ള ഐക്യത്തെ, നമുക്കു പ്രാപ്യമാക്കുന്നതിനായി പുത്രനായ ദൈവം "മനുഷ്യരായ നമുക്കും നമ്മുടെ മുക്തിക്കുംവേണ്ടി" മനുജനായി അവതരിച്ചു. ഒരുവനു്, റോമിൽ തന്റെ ചുററിലും നടക്കുന്ന കത്തോലിക്കനടപടികളുടെയെല്ലാം ലക്ഷ്യം ഇതാണെന്നു് കാണാൻകഴിയും. ക്രിസ്തു ജീവിക്കയും പ്രവർത്തിക്കയും ചെയ്യുന്ന തിരുസഭ, നരകുലരക്ഷയ്ക്കായി കുരിശിൽ തറയ്ക്കപ്പെട്ട ദൈവസുതനായ യേശുക്രിസ്തുവിന്റെ പക്കലേക്കു്, ലോകത്തിന്റെ ശ്രദ്ധയെ, അതിനു സമ്മതമുണ്ടായാലും ഇല്ലെങ്കിലും, ബലാദാകർഷിക്കുന്നു. ലോകത്തിന്റെ മാർഗ്ഗവും സത്യവും ജീവനും വെളിച്ചവും തിരുസഭയിലത്രേ സ്ഥിതിചെയ്യുന്നതു്. തിരുസഭ അവളുടെ നാഥന്റെ കൃത്യമാണു് നിർവ്വഹിക്കുന്നതു്. തിരുസഭയുടെ ഉദ്യോഗത്തിന്റെ വിവിധശാഖകൾ റോമിലെപ്പോലെ അത്ര വിശദമായും ഗ്രഹണക്ഷമമായും സാകല്യേനയും മറെറങ്ങും കാണപ്പെടുകയില്ല. തിരുസഭ അതിലെ അംഗങ്ങളുടെ പവിത്രതയ്ക്കുവേണ്ടി പ്രയത്നിച്ചുകൊണ്ടിരിക്കുന്നു. ഈ പ്രയത്നം നിഷ്ഫലമാവുക സാദ്ധ്യവുമല്ല. എന്തെന്നാൽ ക്രിസ്തുതന്നെ സഭയിൽ വാണുകൊണ്ടു് തന്റെ കൃത്യം നിപുണമായി നിർവ്വഹിച്ചുകൊണ്ടിരിക്കുന്നു; അദ്ദേഹം പഠിപ്പിക്കുന്ന പവിത്രതയെ അദ്ദേഹം ഉത്പാദിപ്പിക്കുന്നു. അദ്ദേഹത്തിന്റെ പ്രതിപുരുഷന്റെ വാസസ്ഥാനമായ നഗരിയിൽ അതു വഴിഞ്ഞൊഴുകുന്നു. ഇനിയും ഞാൻ ഇതിനെ പരാമർശിക്കുന്നതാണു്.

ഏകത്വം, സാർവ്വത്രികത്വം, പവിത്രത എന്നീ മൂന്നു സാരവത്തായ തിരുസഭാലക്ഷണങ്ങൾ മിക്കവാറും പ്രത്യക്ഷമായിത്തന്നെ സ്വയം പ്രകാശിക്കുന്നതായി ഞാൻ നിങ്ങളോടു പ്രസ്താവിച്ചുകഴിഞ്ഞു. ഇനി ഞാൻ എന്റെ അനുഭവം ആസ്പദമാക്കി നാലാമത്തെ ലക്ഷണം പറയാനൊരുങ്ങുന്നു. റോമിൽ സത്യതിരുസഭയുടെ അപ്പോസ്തലികത്വമെന്ന ലക്ഷണം മിക്കവാറും പ്രത്യക്ഷമായി ഞാൻ കണ്ടു. അപ്പോസ്തലവരേണ്യൻ റോമിൽ തന്റെ ആസ്ഥാനം സ്ഥാപിച്ചതുനിമിത്തം, നാമെല്ലാം ഗ്രഹിക്കുംവണ്ണം, അതു ക്രൈസ്തവലോകത്തിന്റെ ഹൃദയമാകുന്നു. പേഗൻശക്തിയുടെ കേന്ദ്രം, പീററിന്റെ ആഗമനത്തോടുകൂടി, ലോകാന്ത്യംവരെ എല്ലാകാലങ്ങളിലും നിലനില്ക്കേണ്ട അപ്പോസ്തലികാധികാരത്തിന്റെ കേന്ദ്രമായിത്തീർന്നു. പീററർ രക്തസാക്ഷിത്വം വരിച്ചതായി പറയപ്പെടുന്നസ്ഥാനത്തിനു സമീപത്തായി നീറോയുടെ ക്രീഡാരംഗത്തിന്റെ മദ്ധ്യരേഖയുടെ കേന്ദ്രത്തിൽ ഒരുകാലത്തു് സ്ഥാപിക്കപ്പെട്ടിരുന്ന ഉന്നതമായ കൂർത്ത ചതുരത്തൂണുകൾ, ഇപ്പോൾ അതിന്റെ അഗ്രത്തിൽ യഥാർത്ഥകുരിശിന്റെ ഒരു അവശിഷ്ടത്തോടുകൂടി വിശുദ്ധ പത്രോസിന്റെ ദേവാലയത്തിന്റെ അങ്കണമദ്ധ്യത്തിൽ സ്ഥിതിചെയ്യുന്നു. ഇതു് പേഗൻമതത്തിന്റെമേൽ ക്രിസ്തുമതം സമാർജ്ജിച്ച വിജയത്തിന്റെ ചിഹ്നമാണു്. ഈ മഹാശക്തിയെ നശിപ്പിക്കുന്നതിനോ അംഗഭംഗം വരുത്തുന്നതിനോ ആയി പാപ്പാധിപത്യം നിലനിന്നുപോരുന്ന ഇക്കാലമെല്ലാം അന്ധകാരശക്തികൾ നരകദ്വാരങ്ങളിൽനിന്നുംപുറപ്പെട്ടു് ഭൗതികശക്തികളുമായി സംഘടിച്ചിട്ടുണ്ടു്; രണ്ടിലും പരാജയമടഞ്ഞുകൊണ്ടു് അവ ഇതിനെ ലൗകികവിഭൂതിയും പ്രതാപവും സ്ഥാപിക്കുന്നതിനുള്ള ആയുധമായുപയോഗിക്കാൻ മുതിർന്നിട്ടുമുണ്ടു്. കിരീടപതികളുടേയും പാഷണ്ഡന്മാരുടേയും അധികാരവിദ്വേഷികളുടേയും മററനേകം നിഷ്ഠുരസംഘങ്ങളുടേയും ഈ ലക്ഷ്യത്തിലേക്കുണ്ടായ സംരംഭങ്ങൾ ദരിതമയമായി പരാജയമടഞ്ഞു. പാപ്പാധിപത്യം, "ലോകാന്ത്യംവരെ എല്ലാകാലത്തും എന്റെ സാന്നിദ്ധ്യം നിങ്ങളിലുണ്ടായിരിക്കും" എന്നു്, അപ്പോസ്തലന്മാരോടു വാഗ്ദാനംചെയ്ത ആ മഹാപുരുഷന്റെ ആലംബത്തോടുകൂടി ഇന്നും പ്രഥിതപ്രഭാവേന വിജയിച്ചരുളുന്നു.

റോമാനഗരത്തിന്റെ ഭൗതികാംശത്തിന്റെ സ്ഥിതി അപ്രകാരമല്ല. പേഗൻകാലത്തിനുശേഷം അനേകതവണ മേൽക്കൂരകളില്ലാത്ത ദേവാലയങ്ങളോടും, തകർന്ന ഭവനങ്ങളോടും, അഹോരാത്രം ഇരതേടിനടക്കുന്ന ചെന്നായ്ക്കളോടുംകൂടിയ ഒരു മരുവനംപോലെ അതു് നിർജ്ജനീകരിക്കപ്പെട്ടിട്ടുണ്ടു്. പത്രോസിന്റെ പിൻഗാമിക്കും അവിടം വിടേണ്ടിവന്നുവെങ്കിലും, അദ്ദേഹത്തിന്റെ ആസ്ഥാനം ഈ വിനാശങ്ങളെ അക്ഷതമായി അതിജീവിച്ചു. അതുപോലെ അനേകംതവണ നഷ്ടശിഷ്ടമായ ആ നഗരത്തെ മാർപ്പാപ്പാമാർ അപ്പോസ്തലചൈതന്യംവഴി പ്രബുദ്ധമാക്കിയിട്ടുമുണ്ടു്. കൃത്യനിരതമായ അപ്പോസ്തലികാധികാരത്തിനു ബാഹ്യലോകവ്യാപ്തിയുണ്ടാക്കുവാനായി വീണ്ടും ആ നഗരം ജീവിച്ചു. നിങ്ങൾ റോമയിൽ ചെല്ലുന്നുവെങ്കിൽ, ഇന്നും റോമ സാക്ഷാൽ റോം തന്നെ ആയിരിക്കുന്നതു്, ഏകവും പവിത്രവുമായ കത്തോലിക്കാസഭ അപ്പോസ്തലികമായിരിക്കുന്നതിനാലാണെന്നുള്ള അഭിപ്രായത്തിൽ അതിശയോക്തിയില്ലെന്നു നിങ്ങൾ ഗ്രഹിക്കുന്നതാണു്. റോമിനു പത്രോസിന്റെയും പൗലോസിന്റെയും റോമിനോടുള്ള സമ്പർക്കം അനുപേക്ഷണീയമത്രേ. മാർപ്പാപ്പാമാർ റോമിനെ രക്ഷിച്ചു; മാർപ്പാപ്പാമാർ റോമിനെ സൃഷ്ടിച്ചു; മാർപ്പാപ്പാമാർ അതിനെ വീണ്ടും വീണ്ടും രക്ഷിക്കുകയും സൃഷ്ടിക്കുകയുംചെയ്തു; മാർപ്പാപ്പാമാർ അതിനെ നശിച്ചുപോകാതെ സൂക്ഷിക്കുകയും ചെയ്യുന്നു. പീററിനു സംപ്രദത്തമായ അധികാരത്തോടുള്ള വിശ്വാസം അവളുടെ ശവഗുഹകളെ രക്തസാക്ഷികളെക്കൊണ്ടു നിറച്ചു; അവളുടെ ദേവാലയങ്ങളെ നിർമ്മിക്കയും അവയെ വിശുദ്ധാവശിഷ്ടങ്ങൾകൊണ്ടു നിറയ്ക്കുകയും ചെയ്തു; ദ്യോവിനു കീഴിലുള്ള എല്ലാ രാഷ്ട്രങ്ങളിലുംനിന്നു് അതീതശതകങ്ങൾമുതൽ അനുസ്യൂതമായ ഒരു സുദീർഘസ്രോതസ്സായി പാഞ്ഞണഞ്ഞ തീർത്ഥകസംഘങ്ങളെക്കൊണ്ടു അവളുടെ തെരുവുകളെ നിറച്ചു. പീററിനോടും അദ്ദേഹത്തിന്റെ പിൻഗാമികളോടുമുള്ള ആ വിശ്വാസം; ലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും ധർമ്മോപദേശവും സംസ്കാരകർമ്മങ്ങളും നിർവ്വഹിക്കുന്നതിനു് അസംഖ്യം ധർമ്മദൂതന്മാരെ അയച്ചു. ഇതിൽനിന്നു് സാർവ്വത്രികസഭയുടെ അപ്പോസ്തലികത്വത്താൽ റോം ഇന്നു സാക്ഷാൽ റോം ആയിത്തന്നെ സ്ഥിതിചെയ്യുന്നുവെന്നു് നിങ്ങൾക്കു ഗ്രഹിക്കാം; അതിന്റെ യശസ്തംഭങ്ങൾമൂലമോ സ്മാരകങ്ങൾമൂലമോ അല്ല, പിന്നെയോ, അപ്പോസ്തലികമായ ജീവിതത്തിന്റെയും ഊർജ്ജസ്വലതയുടേയും സജീവമായ ബോധംമൂലമത്രെ റോം സാക്ഷാൽ റോമായിരിക്കുന്നതു്.

ഇനി മറെറാരനുഭവവിശേഷം പ്രകാശിപ്പിക്കേണ്ടിയിരിക്കുന്നു. ഇവിടെ ഞാൻ റോമിൽ പ്രത്യക്ഷമായിരിക്കുന്ന തിരുസഭയുടെ പവിത്രത എന്ന ലക്ഷണത്തെപ്പററി ഉപരിവിശദീകരണം നല്കാൻ വിചാരിക്കുന്നു. പുണ്യാത്മാക്കളുടെ പാദമുദ്രകൾ അവഗാഢമായിപ്പതിഞ്ഞിട്ടുള്ള സ്ഥാനങ്ങൾ റോമിലെപ്പോലെ ഭൂമുഖത്തിൽ മറെറാരിടത്തുമില്ല. ആരുടെ ചരിതമാണോ ജഗദീശന്റെ പ്രസാദത്തിനും ശക്തിക്കും പരമോന്നതയശസ്തംഭമായി പരിലസിക്കുന്നതു്, അവരുടെ ജീവിതമാതൃകയും മാദ്ധ്യസ്ഥ്യംവഴിയായി സിദ്ധചൈതന്യത്തിന്റെ ഒരോഹരി തങ്ങൾക്കും സമ്പാദിക്കണമെന്നുള്ള അഭിവാഞ്ഛയോടുകൂടി, വൃഥാ മിഴിച്ചുനോക്കി വിസ്മയിക്കുന്നതിനല്ല, ചെല്ലുന്ന ജനസഞ്ചയത്തെ അനേകശതകങ്ങളായി റോമിലേക്കാകർഷിച്ചുകൊണ്ടിരിക്കുന്നതു് ഈ വസ്തുതയല്ലാതെ മറെറാന്നുമല്ല. ഇവിടെ ഒരുവനു തന്റെ വിശ്വാസത്തെ ദൃഢീകരിക്കുന്നതിനും ഉജ്ജ്വലിപ്പിക്കുന്നതിനും സാധിക്കുന്നു; റോമിലെ വാസംകൊണ്ടു് ഒരുവനു ലഭിക്കാവുന്ന മഹത്തായ സിദ്ധി ഇതാണെന്നു് ഞാൻ പരിഗണിക്കുന്നു. അപ്പോസ്തലന്മാരിൽ പ്രമുഖന്മാരും അഗ്രേസരന്മാരുമായ ആ ധർമ്മവീരന്മാർ സാധരങ്ങൾകൊണ്ടു ക്രിസ്തുവിന്റെ ദിവ്യസന്ദേശം പ്രസംഗിച്ച സ്ഥലങ്ങൾ ഞാൻ എന്റെ കൺമുമ്പിൽ കണ്ടു. വിശുദ്ധരക്തസാക്ഷികൾ പാദവിന്യാസം ചെയ്തിട്ടുള്ളതും അവരുടെ രക്തത്താൽ പവിത്രീകരിക്കപ്പെട്ടിട്ടുള്ളതും ഇപ്പോൾ അവരുടെ അവശിഷ്ടങ്ങളാൽ അലംകൃതവും സംരക്ഷിതവുമായ തെരുവുകളിൽക്കൂടി ഞാൻ നടന്നു. റോമാ അവളുടെ പ്രസ്രവണങ്ങളാലും ചേതോഹരങ്ങളായ സദനങ്ങളാലും സമ്പന്നമാണെന്നു് മതിച്ചുകൊണ്ടു് അകത്തോലിക്കസന്ദർശകർ റോമിൽനിന്നു് മടങ്ങുന്നു. എന്നാൽ, ഒരു കത്തോലിക്കനാകട്ടെ, പുണ്യവാന്മാരുടേയും രക്തസാക്ഷികളുടേയും സ്മാരകങ്ങളാലും അവശിഷ്ടങ്ങളാലും അവൾ സമ്പന്നയാണെന്നുള്ള ധാരണ വഹിച്ചുകൊണ്ടാണു് മടങ്ങുന്നതു്. പീററിനെ കുരിശിൽ തറച്ചതും, പൗലോസിനെ വാളുകൊണ്ടു ശിരച്ഛേദംചെയ്തതും, ജോണിനെ എണ്ണതിളയ്ക്കുന്ന വാർപ്പിലിട്ടതുമായ സ്ഥലങ്ങൾ കാണുമ്പോൾ ആരുടെ ഹൃദയത്തിലാണു് സ്തോഭമുണ്ടാകാത്തതു്. അപ്പോസ്തലനായ പൗലോസിന്റെ ശിരസ്സു ഛേദിക്കപ്പെട്ടപ്പോൾ അതു് മൂന്നു വട്ടം ഉൽപതിച്ചതായി പറയപ്പെടുന്നു. ഓരോ ചാട്ടത്തിലും വീണ സ്ഥാനത്തു് നിർമ്മലജലം സ്രവിക്കുന്ന ഓരോ ഉറവു് പൊട്ടിപ്പുറപ്പെട്ടു. ഇപ്പോൾ ആ സ്ഥലം "ത്രിസ്രോതസ്സ്" എന്നുവിളിക്കപ്പെടുന്നു. ലോറൻസിനെ ഇരുമ്പടുപ്പിലിട്ടു പൊരിച്ചതും സെബാസ്ത്യനെ ബാണങ്ങൾകൊണ്ടു എയ്തതും ആയ സ്ഥലങ്ങൾ, വിശുദ്ധ ആഗ്നസിന്റെയും സെസിലിയായുടേയും ഭവനങ്ങൾ, ദാരുണമായ പീഡാനുഭവഘട്ടത്തിൽ പീലാത്തോസിന്റെ അരമനയിലെ സോപാനങ്ങളിലേക്കു കയറിയപ്പോൾ നമ്മുടെ രക്ഷകന്റെ പാദസ്പർശഭാഗ്യം ലഭിച്ചതും അദ്ദേഹത്തിന്റെ അമൂല്യരക്തം തൂകിയതുമായ ചവിട്ടുപടികൾ, അദ്ദേഹത്തെ കെട്ടിയ തൂൺ, ഇവയെല്ലാം കാണുമ്പോൾ ഏതു ശിലാകർക്കശമായ ഹൃദയമാണു് ആർദ്രീഭവിക്കാത്തതു്! വെറോണിക്കായുടെ മുഖപടം, അന്തിമഭോജനം നടത്തിയ ആ പാവനമായ മേശ; വിശുദ്ധ പത്രോസ് നിത്യപൂജയർപ്പിച്ച തടികൊണ്ടുള്ള ബലിപീഠം; വിശുദ്ധ പൗലോസിന്റെ വിലങ്ങും അദ്ദേഹത്തിന്റെ വടിയുടെ ഒരു ഭാഗവും; സ്വീഡനിലെ ബ്രിജീത്താപുണ്യവതിയോടു ഒരിക്കൽ സംഭാഷണംചെയ്ത കുരിശു്; പിന്നെ പുണ്യാത്മാക്കളുടെ പൂർണ്ണമായോ ഭാഗികമായോ അവശേഷിച്ച ശരീരങ്ങൾ. അനന്തരം അപ്പോസ്തലശ്രേഷ്ഠന്മാരെ ക്രൂരവധത്തിനായി വലിച്ചിഴച്ചുകൊണ്ടുപോയ ആസ്സിൻവീഥികളും നീറോയുടെ നിഷ്ഠുരമായ മതമർദ്ദനകാലത്തു് വിശുദ്ധ പത്രോസിനെയും പൗലോസിനെയും വലിച്ചെറിഞ്ഞ ഭൂഗർഭഗൃഹങ്ങളുൾക്കൊള്ളുന്ന മാമ്മർടിൻ തുറുങ്കും ഞാൻ കണ്ടു. പിന്നെ ആ കൊളോസിയം! അതിനെപ്പററി ഈ പരിമിതമായ സമയത്തിനുള്ളിൽ എനിക്കു എന്തു പറയുവാൻ കഴിയും! റോമിലെ എല്ലാ ഭൂഭാഗങ്ങളും രക്തസാക്ഷികളുടെ ശോണിതത്താൽ പവിത്രീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും കൊളോസിയസ്ഥലികൾ നിരതിശയവിശുദ്ധിസന്ദായകങ്ങളാണു്. പ്രഥമക്രൈസ്തവധർമ്മഭടന്മാരുടെ രക്തത്താൽ സേചനം ചെയ്യപ്പെട്ടിട്ടുള്ള ആ സമരാങ്കണത്തിൽ യാത്രക്കാരുടെ പാദങ്ങൾ സ്പർശിക്കാതിരിക്കുന്നതിനായി മാർപ്പാപ്പാമാർ അതിനെ പതിനഞ്ചടി പൊക്കത്തിൽ മണലിട്ടു മൂടിക്കളഞ്ഞിരിക്കുന്നു. പവിത്രതയെന്നതു് യേശുക്രിസ്തുവിലുള്ള വിശ്വാസവും സ്ഥൈര്യവും ആത്മാർപ്പണവുമാണെന്നു് ആ ശവഗുഹകളിൽനിന്നു് ഞാൻ ഗ്രഹിച്ചു. പവിത്രത എന്നതിൽ മററുപല ഗുണങ്ങളുംകൂടി ഉൾക്കൊള്ളുമെന്നു് നിരവധി പുണ്യവാന്മാരുടെ മുറികൾ എന്നെ പഠിപ്പിച്ചു. ഉദാഹരണമായി പുണ്യാത്മാവായ ഇഗ്നേഷ്യസ് ലയോളയുടെ മുറി മനുഷ്യന്റെ ശക്തികളേയും ഗുണങ്ങളേയും സമാഹരിച്ചു സംഘടിപ്പിച്ചു് അവയുടെ യഥാർത്ഥലക്ഷ്യമായ ദൈവമാഹാത്മ്യത്തിലേക്കു നയിക്കുന്നതിനുപകരിക്കുന്ന വിശദമായ മേധാബലത്തെയും ദൃഢമായ മനഃശക്തിയേയും ഏകലക്ഷ്യതയേയും പററി എന്നോടുപന്യസിച്ചു. കർമ്മകുശലമായ ഒരു അന്തരംഗം, ദൈവത്തോടും ദൈവത്തിന്റെ മാതാവിനോടുമുണ്ടാകുന്ന ഉജ്ജ്വലമായ ഭക്തി വഴിഞ്ഞൊഴുകുമ്പോൾ പ്രകടിപ്പിക്കുന്ന പ്രതിഭാവിലാസവും സൗമ്യതയും സ്വച്ഛന്ദവിനോദങ്ങളുംകൊണ്ടു വാചാലമായിരുന്ന വി. ഫിലിപ്പ്നേരിയുടെ മുറി, പുണ്യവാന്മാരുടെ മുറികൾ, ശവഗുഹകൾ, സിദ്ധാവശിഷ്ടങ്ങളോടുംസ്മാരകങ്ങളോടുംകൂടിയ ദേവസദനങ്ങൾ, കത്തോലിക്ക റോമിലെ സർവ്വങ്കഷമായ കത്തോലിക്ക ചൈതന്യം ഇവയെല്ലാം, കത്തോലിക്കപവിത്രത മഹനീയമായ ശക്തിയോടും സൗമ്യതയോടുംകൂടിയ ഒരു ശോഭനവസ്തുവാണെന്നും, അതു ബോധത്തെയും ഗാംഭീര്യത്തെയും വിവേചനത്തെയും തികഞ്ഞ സ്വാതന്ത്ര്യത്തെയും ഉൾക്കൊള്ളുന്നുവെന്നും, അതു് സൽകർമ്മാനുഷ്ഠാനത്തിനുള്ള അജയ്യമായ കരുത്തിനെയും മനുഷ്യക്ഷേമത്തിലുള്ള നിസ്സീമമായ ആസക്തിയേയും കറയററ സദാചാരത്തേയും ധീരവും അലൗകികവുമായ ഈശ്വരഭക്തിയെയും കുറിക്കുന്നുവെന്നും എന്നെ ഉൽബോധിപ്പിച്ചു. സർവ്വേശ്വരന്റെ മാഹാത്മ്യത്തേയും ക്രൈസ്തവലോകത്തിന്റെ ശ്രേയസ്സിനെയും പ്രതിഷ്ഠിക്കുമാറു് പുണ്യാത്മാക്കൾ അനുഷ്ഠിച്ചിട്ടുള്ള ലോകോത്തരസേവനങ്ങൾക്കു് ഇതുതന്നെയായിരുന്നു പ്രേരകശക്തി. കത്തോലിക്കാസഭയുടെ സാരവത്തായ വിശുദ്ധി അതിന്റെ യഥാർത്ഥലക്ഷണമായ വ്യക്തിവിശുദ്ധിയിൽ അനേകശതകങ്ങളായി എങ്ങനെ സ്വയം പ്രകാശിച്ചുകൊണ്ടിരിക്കുന്നുവെന്നും അതു് ഇപ്പോൾ എങ്ങനെ സ്വയം പ്രകാശിക്കുന്നുവെന്നും റോമിൽ കാണാൻ കഴിയും.

ഈ ചിത്രത്തിന്റെ മറുവശംകൂടി പ്രദർശിപ്പിക്കുന്നപക്ഷം റോമിലും വ്യക്തികൾ സ്വകീയവിശുദ്ധിയിൽ പരാജയം അടയുന്നവരായി ഉണ്ടു് എന്നു് നിഷ്പ്രയാസം കാണാം. അവരുടെ ഈ പരാജയം, തിരുസഭയുടെ ധർമ്മോപദേശങ്ങളെ അനുസരിക്കുന്നതിലുള്ള

## "ഹല്ലേലൂയ്യാ" പാടാം

(1-ാം പേജു് തുടർച്ച)

രിശടയാളത്തിൽ ആശീർവ്വദിച്ചുകൊണ്ടു് എന്താണു പറയുന്നതു്? "നമ്മുടെ കർത്താവീശോമിശിഹായുടെ തിരുശ്ശരീരം നിന്റെ ആത്മാവിനെ നിത്യജീവിതത്തിലേക്കു് പരിപാലിക്കട്ടെ."

നമ്മുടെ രക്ഷകനായ മിശിഹാ യഥാർത്ഥത്തിൽ മരിച്ചു; യഥാർത്ഥത്തിൽ ഉയിർത്തെഴുന്നേററു. ജ്ഞാനസ്നാനം സ്വീകരിച്ചപ്പോൾ ജന്മപാപത്തോടുകൂടിയ നാം മരിച്ചു്, ക്രിസ്തുവിൽ പുതിയ മനുഷ്യരായി ഉയിർത്തെഴുന്നേററു. കർമ്മപാപങ്ങൾ വീണ്ടും നമ്മെ മരിപ്പിക്കുമെങ്കിൽ, പാപസങ്കീർത്തനംവഴി ഉയിർത്തെഴുന്നേല്ക്കുവാൻ അവിടുന്നു് നമ്മെ ക്ഷണിക്കുന്നു. എങ്കിൽമാത്രമേ നിത്യമായ മരണം—അനന്തകാലത്തേക്കുള്ള നരകം—ഒഴിഞ്ഞുമാറുവാൻ നമുക്കു കഴിയുകയുള്ളൂ. അമർത്ത്യതയുടെ ഔഷധം സജീവനായ മിശിഹാതന്നെയാണു്. അവിടുത്തെ ശരീരവും ആത്മാവും ദൈവത്വത്തോടു യോജിച്ചിരിക്കുന്നു. നമ്മിൽ വസിക്കുവാൻ അവിടുന്നു് ആഗ്രഹിക്കുന്നു. "ഞാൻ ജീവിക്കുന്നു, ഞാനല്ല ക്രിസ്തു എന്നിൽ ജീവിക്കുന്നു" എന്നു വി. പൗലോസ് പറഞ്ഞതുപോലെ ക്രിസ്തു എന്നിൽ ജീവിക്കുന്നു എന്നു് നാം ഓരോരുത്തരും പറയണം. പുനരുത്ഥാനംചെയ്ത ക്രിസ്തുനാഥന്റെ പ്രഭാപ്രളയം നമ്മെ നിമഗ്നരാക്കട്ടെ. ഭാവിമഹിമയിലുള്ള പ്രതീക്ഷ, ഇന്നത്തെ സഹനങ്ങൾക്കു് നമ്മെ ശക്തരാക്കട്ടെ. ദൈവദൂതന്മാരോടുകൂടി നമുക്കും "ഹല്ലേലൂയ്യാ" പാടാം.



## ഫാത്തിമാബാലസമിതി

ലക്ഷ്യം: ഫാത്തിമാസന്ദേശം പ്രയോഗത്തിൽ വരുത്തുവാൻ ശ്രമിക്കുക

മുദ്രാവാക്യം: പ്രാർത്ഥന, പ്രായശ്ചിത്തം, പരോപകാരം.

ചുമതലകൾ: (1) മറിയത്തിന്റെ വിമലഹൃദയത്തിന്റെ സ്തുതിക്കായി ദിവസവും ജപമാല ചൊല്ലുക; കുടുംബത്തിലെ അംഗങ്ങളും മുടങ്ങാതെ ജപമാല ചൊല്ലുന്നതിനു പ്രേരണ നല്കുക. (2) പാപികളുടെ മാനസാന്തരത്തിനുവേണ്ടി പ്രാർത്ഥിക്കയും ത്യാഗകൃത്യങ്ങൾ കാഴ്ചവയ്ക്കുകയും ചെയ്യുക. (3) നിവൃത്തിയുള്ളപക്ഷം, ആദ്യശനിയാഴ്ച ഭക്തി ആചരിക്കുക. (4) സാധുക്കൾക്കു പാടുള്ള സഹായം ചെയ്യുക.

പ്രിയ കുഞ്ഞുങ്ങളേ,

കഴിഞ്ഞയാഴ്ചയിലെ സത്യദീപം നിങ്ങളെല്ലാവരും കണ്ടിരിക്കുമെന്നു വിശ്വസിക്കുന്നു. അതിൽ ഒരു ബാലസമിതിയെക്കുറിച്ചു പറഞ്ഞിട്ടുണ്ടല്ലോ—ഫാത്തിമാബാലസമിതി. അതിന്റെ ഉദ്ദേശ്യമെന്താണെന്നു നിങ്ങൾ നല്ലവണ്ണം മനസ്സിലാക്കണം. പതിമൂന്നാം നൂറ്റാണ്ടിൽ ഒരിക്കൽ മാർപ്പാപ്പായ്ക്ക് ഒരു ദർശനമുണ്ടായി. റോമായിലെ വി. പത്രോസിന്റെ ദേവാലയം ഇടിഞ്ഞുവീഴാൻ തുടങ്ങുന്നതായും അതിനെ രണ്ടുപേർ വീഴാതെ താങ്ങിക്കൊണ്ടു നില്ക്കുന്നതായുമാണ് അദ്ദേഹം കണ്ടതു്. പിന്നീടുണ്ടായ സംഭവങ്ങളിൽനിന്നു തിരുസഭയെയാണു വി. പത്രോസിന്റെ ദേവാലയം സൂചിപ്പിച്ചതെന്നും അതു വീണുതകർന്നുപോകാതെ രക്ഷിച്ചതു് വി. ഡൊമിനിക്കോസും വി. ഫ്രാൻസീസ് അസ്സീസിയും ആയിരുന്നെന്നും മനസ്സിലായി. അവർ രണ്ടുപേരും വളരെ പരിശുദ്ധമായ ജീവിതം നയിച്ചു. എന്നുതന്നെയല്ല അവരുടെ പ്രാർത്ഥനയാലും പ്രായശ്ചിത്തപ്രവൃത്തികളാലും പ്രസംഗങ്ങളാലും അനേകം പാപികളെ മാനസാന്തരപ്പെടുത്തുകയും വളരെപ്പേരെ പുണ്യജീവിതത്തിലേക്ക് ആകർഷിക്കയും ചെയ്തു. അതിന്റെ ഫലമായി തിരുസഭ ഒരു വലിയ ആപത്തിൽനിന്നു രക്ഷപെട്ടു.

അന്നത്തെക്കാൾ വളരെ വലിയ ഒരു അപകടസന്ധിയിലാണു സഭ ഇന്നെത്തിയിരിക്കുന്നതു്. ഇതിനു മുൻപൊരുകാലത്തും ഇത്ര വലിയ ശത്രുക്കളോടു എതിരിടേണ്ടതായി വന്നിട്ടില്ല. പണ്ടു വി. ഡൊമിനിക്കോസും വി. ഫ്രാൻസീസ് അസ്സീസും ചെയ്തതുപോലെ കുട്ടികളായ നിങ്ങൾ ഇന്നു, ഈ അപകടസന്ധിയിൽ, തിരുസഭയെ സഹായിക്കണമെന്നാണു ദൈവതിരുമനസ്സ് എന്നുവേണം വിചാരിക്കാൻ. അതുകൊണ്ടായിരിക്കണമല്ലോ ഫാത്തിമായിലെ മൂന്നു കുട്ടികൾക്കു ദൈവമാതാവു പ്രത്യക്ഷപ്പെട്ടു് വേണ്ട ഉപദേശങ്ങൾ കൊടുത്തതു്.

വല്യച്ചൻ ഇതിനുമുൻപു പലപ്പോഴും നിങ്ങളോടു പറഞ്ഞിട്ടില്ലേ, കുഞ്ഞുങ്ങളെക്കൊണ്ടു ദൈവം വലിയ കാര്യങ്ങൾ ചെയ്യിക്കുന്നുണ്ടെന്നു്. "തിരുഹൃദയത്തിന്റെ കൊച്ചുഭടന്മാർ" എന്ന പേരിൽ സ്പെയിനിലെ കുട്ടികൾക്കായി എഴുതിയിരുന്ന ഒരു ലഘുലേഖ രണ്ടുകൊല്ലം മുൻപു തർജ്ജമചെയ്തതു നിങ്ങളോർക്കുന്നുണ്ടായിരിക്കുമല്ലോ. സ്പെയിനിനെ കമ്മ്യൂണിസ്റ്റു പിടിയിൽനിന്നു വിടുവിക്കുന്നതിനു് അവിടത്തെ കുഞ്ഞുങ്ങളുടെ പ്രാർത്ഥനയും പരിത്യാഗവും വളരെ സഹായിച്ചിട്ടുണ്ടു്. അതു അവരുടെ പരാജയത്തിനു്, തിരുസഭയുടെ ജീവിതത്തിൽ ഭാഗഭാക്കുകളാകുന്നതിലുള്ള അവരുടെ പരാജയത്തിനു്, ആ ജീവിതത്തെ അതിനു് സ്വാതന്ത്ര്യമായ മനോജ്ഞഫലം ഉളവാക്കാൻ അനുവദിക്കുന്നതിലുള്ള അവരുടെ പരാജയത്തിനു്, അനുരൂപമത്രേ.

പോലെതന്നെ ഫാത്തിമായിലെ കുട്ടികളെ അനുകരിച്ചു പോർട്ടുഗലിലുള്ള മററു കുട്ടികളും പ്രവർത്തിച്ചതിന്റെ ഫലമായി ആ രാജ്യത്തിനും വളരെ ദൈവാനുഗ്രഹങ്ങൾ ലഭിച്ചിട്ടുണ്ടു്. ഞാനിതെല്ലാം പറയുന്നതു കേരളത്തിലെ കുട്ടികളായ നിങ്ങളും വിചാരിച്ചാൽ നമ്മുടെ നാടിനു മാത്രമല്ല ലോകത്തിനു മുഴുവനും വളരെ നന്മചെയ്യാൻ സാധിക്കുമെന്നു മനസ്സിലാക്കാനാണു്. അതിനായി നിങ്ങൾ എന്തെല്ലാമാണു ചെയ്യേണ്ടതെന്നു വല്യച്ചൻ ക്രമമനുസരിച്ചു പറഞ്ഞുതരാം.

കുഞ്ഞുങ്ങൾ ഉടനെ ചെയ്യേണ്ടതു, കാര്യത്തിന്റെ ഗൗരവം മനസ്സിലാക്കി നിങ്ങളാൽ പാടുള്ളതെല്ലാം ചെയ്യുന്നതിനു സന്നദ്ധരായി മുൻപോട്ടു ഇറങ്ങിവരുകയെന്നുള്ളതാണു്. ലൂസി കുട്ടരോടു മാതാവു പറഞ്ഞതുപോലെ നിങ്ങളോടും ഇങ്ങനെ പറയുന്നു എന്നു വിചാരിക്കുക: "പ്രിയമക്കളേ, ഇതാ നോക്കുക, നന്ദിയില്ലാത്ത പാപികൾ ദൈവത്തെ എന്നുമാത്രം ഉപദ്രവിക്കുന്നു എന്നു്. അവർ എന്റെ ഹൃദയത്തെയും കുത്തിത്തുളയ്ക്കുന്നു. നരകം അവരെക്കൊണ്ടു നിറയുന്നു. ദൈവകോപത്തിനു ശമനം വരുത്തിയില്ലെങ്കിൽ ലോകത്തിനു ഭയങ്കര ശിക്ഷയുണ്ടാകും. എന്നാൽ ഞാൻ പറയുന്നതു നിങ്ങൾ ചെയ്യുകയാണെങ്കിൽ പാപികൾ മാനസാന്തരപ്പെടും, ദൈവകോപം ശമിക്കും, ലോകത്തിൽ സമാധാനം ഉണ്ടാകും; തിരുസഭയുടെ ഞെരുക്കങ്ങൾ കുറയും; അനേകപാപികൾ നരകത്തിൽ പോകാതിരിക്കും. മാത്രമല്ല നിങ്ങൾക്കു സ്വർഗ്ഗത്തിൽ വലിയ സമ്മാനം ലഭിക്കയുംചെയ്യും. എന്താ, ഇത്ര വലിയ ഒരു വിപത്തിൽനിന്നു ലോകത്തെ രക്ഷിക്കുന്നതിനും, എന്റെ ഹൃദയത്തെ ആശ്വസിപ്പിക്കുന്നതിനും, സ്വർഗ്ഗസമ്മാനം ലഭിക്കുന്നതിനുമായിട്ടു കുറെ ബുദ്ധിമുട്ടാൻ നിങ്ങൾക്കു സമ്മതമാണോ?" സമ്മതമില്ലെന്നു നിങ്ങളിലാരെങ്കിലും പറയുമെന്നു എനിക്കു തോന്നുന്നില്ല. മറിച്ചു് "അമ്മ എന്തുപറഞ്ഞാലും ഞങ്ങൾ ചെയ്യാം. എത്ര ബുദ്ധിമുട്ടുകൾ വേണമെങ്കിലും ഞങ്ങൾ സഹിച്ചുകൊള്ളാം" എന്നു നിങ്ങളെല്ലാവരുംകൂടി പറയുമെന്നു വല്യച്ചനു ധൈര്യമുണ്ടു്. ഫാത്തിമാമാതാവു് ഏതാനും മാസംമുൻപു നമ്മെ സന്ദർശിച്ചപ്പോൾ നാം എല്ലാവരും അങ്ങേ വിമലഹൃദയത്തിനു നമ്മെത്തന്നെ പ്രതിഷ്ഠിക്കയുണ്ടായല്ലോ. അന്നു ഏറെക്കുറെ ഇങ്ങനെ ഒരു പ്രതിജ്ഞയും നമ്മൾ ചെയ്തിട്ടുണ്ടു്. അതു പ്രായോഗികമാക്കുന്നതിനാണു്, ഫാത്തിമാസന്ദേശം നമ്മുടെ ജീവിതത്തിലേക്കു പകർത്തുന്നതിനാണു്, ഇപ്പോൾ ഫാത്തിമാബാലസമിതി ആരംഭിക്കുന്നതു്. അതിൽ നിങ്ങളെല്ലാവരും ചേരുമെന്നു വിശ്വസിക്കുന്നു. ഏപ്രിൽ അവസാനത്തിനു മുമ്പുതന്നെ, ഇതുവരെ പേരയച്ചിട്ടില്ലാത്ത എല്ലാവരും തങ്ങളുടെ വീട്ടുപേരും ഇരട്ടപ്പേരും ജനനത്തീയതിയും ഇടവകയുടെ പേരും അയച്ചുതരണം.

ഫാത്തിമാമാതാവു് നിങ്ങളെ അനുഗ്രഹിക്കട്ടെ.

### ഏപ്രിൽ മാസത്തേക്കുള്ള പ്രബന്ധമത്സരം

വിഷയം: പരിശുദ്ധ മറിയം, നമ്മുടെ അമ്മ. വ്യവസ്ഥകൾ: (1) പ്രബന്ധം കാൽത്താൾ കടലാസിന്റെ 2 വശത്തിൽ കവിയരുതു്; 4 വശത്തിൽ കുറകയുമരുതു്. (2) കടലാസിന്റെ ഒരുവശം മാത്രം വൃത്തിയായി അക്ഷരത്തെററുകൾ കൂടാതെ എഴുതിയിരിക്കണം. (3) പ്രബന്ധം എഴുതുന്ന ആളുടെ സ്വന്തമാണെന്നു ഒരു വൈദികനോ കന്യാസ്ത്രീയോ സാക്ഷിച്ചിരിക്കണം. (4) 20 വയസ്സിൽ കവിയാത്ത "ബാലസമിതി" യംഗങ്ങൾക്കെല്ലാം മത്സരത്തിൽ പങ്കെടുക്കാവുന്നതാണു്. (5) പ്രബന്ധം "ബ. വല്യച്ചൻ, C/o സത്യദീപം എറണാകുളം" എന്ന മേൽവിലാസത്തിൽ മേയ് 1-ാംനു-ക്കുമുമ്പു സത്യദീപം ഓഫീസിൽ കിട്ടത്തക്കവണ്ണം അയച്ചുതരണം. (6) ഏററവും നല്ല പ്രബന്ധങ്ങൾക്കായി ആകെ 4 സമ്മാനങ്ങൾ നല്കുന്നതായിരിക്കും. 1-ാം സമ്മാനം ലഭിക്കുന്ന പ്രബന്ധം സൗകര്യപ്പെടുന്നപക്ഷം സത്യദീപത്തിൽ പ്രസിദ്ധംചെയ്യുന്നതുമാണു്.

എന്നു സ്വന്തം വല്യച്ചൻ

### നിങ്ങൾക്കറിയാമോ?

1 തടംസെമിനി എന്ന വാക്കിന്റെ അർത്ഥമെന്തു ?

2 ഇപ്പോൾ ആ സ്ഥലം ആരുടെ സൂക്ഷത്തിലാണു് ?

3 ഗാഗുൽത്താ എന്ന വാക്കിന്റെ അർത്ഥമെന്തു് ?

4 വി. കുരിശിന്റെ തിരുശേഷിപ്പിന്റെ പ്രധാനഭാഗം ഇപ്പോൾ എവിടെ ഇരിക്കുന്നു ?

5 കർത്താവിന്റെ മൃതദേഹം മൂടുന്നതിനായി ഉപയോഗിച്ച തിരുവസ്ത്രം എവിടെയാണു സൂക്ഷിക്കപ്പെട്ടിരിക്കുന്നതു് ?

6 കർത്താവിന്റെ മുഖം തുടയ്ക്കുവാനായി വെറോനിക്ക ഉപയോഗിച്ച തൂവാല എവിടെ സൂക്ഷിക്കപ്പെട്ടിരിക്കുന്നു ?

ഉത്തരങ്ങൾ

1 എണ്ണച്ചക്കു്. 2 ഫ്രാൻസിസ്കൻ സന്യാസികളുടെ. 3 തലയോടു്. 4 റോമിലെ സാന്താക്രോസെ എന്ന ദേവാലയത്തിൽ. 5 വടക്കേ ഇററലിയിൽ ടൂറിൻ എന്ന സ്ഥലത്തു്. 6 റോമിൽ പത്രോസിന്റെ ദേവാലയത്തിൽ.

---

### ഏകാന്തധ്യാനം

പാദറൽ സെൻറ് മേരീസ് ലീജ്യൻ & സി. എ. സി. യുടെ ആഭിമുഖ്യത്തിൽ, ഏപ്രിൽ 29-ാംനു-ശനിയാഴ്ച രാത്രി ആരംഭിച്ചു മേയ് 3-ാം തീയതി സമാപിക്കത്തക്കവിധത്തിൽ ചങ്ങനാശേരി S. B. കോളെജിൽവച്ചു് ഒരു ഏകാന്തധ്യാനം നടത്തുന്നതിനു് വേണ്ട സജ്ജീകരണങ്ങൾ ചെയ്തുവരുന്നു.

പ്രസിദ്ധനായ റവ. ഫാ. തോമ്മസ് നെടുംകല്ലേൽ അവർകൾ എം. എ. ബി. ററി ധ്യാനപ്രസംഗങ്ങൾ നടത്തിത്തരാമെന്നു സദയം സമ്മതിച്ചിട്ടുണ്ടു്.

കെ. വി. തോമസ്, സെക്രട്ടറി

## ഗോൽഗോത്തായിൽ *

("ഷഹീദ്" സിനിമായിലെ "വതൻകീരാഹ്"...എന്ന രീതി.)

ഗോൽഗോത്തയിൽ നാം തീർത്ഥയാത്ര ചെയ്തിടാം സഹോദരാ
പശ്ചാത്താപത്തിൻ ബാഷ്പം ചിന്തി പുണ്യപൂർണ്ണരായിടാം (ഗോൽ...

പിളർന്നിടുന്നു പാറകൾ, മറഞ്ഞിടുന്നു ഭാസ്കരൻ
മറച്ചിടുന്നു വന്ധകാരധൂമമാകെ ഭൂതലം
നടന്നിടുന്നു ഏത്തരം തകർക്കുമേകനാടകം. (ഗോൽ...

തറച്ചിടുന്നു ക്രൂശതിൽ, ഹാ! കോമളമാം കൈകാലുകൾ
തന്നാത്മാംഗേ മുൾക്കിരീടം താഴ്ത്തിടുന്നു നിർദ്ദയം
നിൻകാലുഷ്യങ്ങളാണിതിനു കാരണം സഹോദരാ (ഗോൽ...

തൻലോചനങ്ങൾ ദീനമായ് തിരിച്ചിടുന്നു മന്നവൻ
സവ്യാകുലം ഒരമ്മയെയും ദീനമായ് നോക്കിടുന്നോൻ
പശ്ചാത്താപത്താൽ പാപംനീക്കി ക്രൂശിനെ വന്ദിച്ചിടാം. (ഗോൽ...

(കെ. ജെ. ആൻഡ്രൂസ്)

* അടുത്തുതന്നെ പ്രസിദ്ധീകരിക്കുവാൻ പോകുന്ന "തിരുമുൽക്കാഴ്ച" എന്ന ഗാനസമാഹാരത്തിൽനിന്നു്.

## പ്രാദേശികവാർത്തകൾ

പള്ളിപ്പുറം സ്കൂൾസമാജവാർഷികവും രക്ഷാകർതൃദിനവും മാർച്ച് 25-ാംനു- ആഘോഷിച്ചിരിക്കുന്നു. കാലത്തു $10\frac{1}{2}$ മണിക്കു് സ്കൂൾ മാനേജർ വെരി റവ. ഫാ. അഗസ്റ്റിൻ നെടുനിലത്തു് പതാക ഉയർത്തി. ഉച്ചകഴിഞ്ഞുകൂടിയ പൊതുയോഗത്തിൽ സ്കൂൾ ഇൻസ്പെക്ടർ ജനാബ് അബ്ദുല്ലാസാഹിബ് അവർകൾ ആദ്ധ്യക്ഷം വഹിച്ചു. വിദ്യാർത്ഥികളുടെ അച്ചടക്കരാഹിത്യവും അദ്ധ്യയനവിഷയത്തിലുള്ള അശ്രദ്ധയും അദ്ധ്യക്ഷപ്രസംഗത്തിൽ പരാമർശിക്കുകയുണ്ടായി. ശ്രീ പി. കുറുപ്പ് ആധുനിക വിദ്യാർത്ഥികളും പരിതസ്ഥിതിയും എന്ന വിഷയത്തെപ്പററിയും ശ്രീ ജോർജ്ജ് വള്ളോന്തറ "രക്ഷാകർത്താക്കളോടു്" എന്ന വിഷയത്തെപ്പററിയും പ്രസംഗിച്ചു.

—ചെറുപുഷ്പമിഷൻ ലീഗിന്റെ 52-ാമതുശാഖ മററക്കരയിൽ ബ. വികാരി അവർകളാൽ ഉൽഘാടനംചെയ്യപ്പെട്ടിരിക്കുന്നു. ഓർഗനൈസർ ബ്രദർ സക്കറിയാസ് ഇടിപ്പാറ ഒരു പ്രസംഗം നടത്തി.

—അ. കേ. ക. കോൺഗ്രസ് പ്ലാശനാൽ ശാഖയുടെ വാർഷികം മാർച്ച് 26-ാംനു- കോൺഗ്രസ് പ്രസിഡണ്ടു് ശ്രീ ഇ. പി. വറുഗീസ് എം. എ. ബി. എൽ. അവർകളുടെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. കോൺഗ്രസ് ഖജാൻജി മി. ഡോമിനിക്കു ജോസഫ് ബി. എ. ബി. എൽ., മി. എം. ഒ. ജോസഫ് നെടുങ്കുന്നം, കോൺ. സെക്രട്ടറി മി. എ. ഒ. ജോസഫ് എം. എ. എൽ. ടി എന്നിവർ ഓരോ പ്രസംഗം ചെയ്തു.

—പ്ലാശനാൽ ക. കോൺഗ്രസ് ശാഖയുടെ വാർഷികത്തോടനുബന്ധിച്ചു് രണ്ടാനം ഫൊറോനാഗ്രൂപ്പിൽപെട്ട ശാഖകളിലെ പ്രതിനിധികളുടെ ഒരു സമ്മേളനം മി. ഇ. പി. വറുഗീസിന്റെ അദ്ധ്യക്ഷതയിൽ കൂടുകയുണ്ടായി. ഗ്രൂപ്പ് ഓർഗനൈസർ മി. കെ. ജെ. മത്തായി ബി. എ. ഒരു പ്രസംഗം ചെയ്തു.

—മുരിക്കുംപുഴ സെൻറ് അഗസ്റ്റിൻസ് ഇംഗ്ലീഷ് മീഡിൽ സ്കൂൾ സാഹിത്യസമാജത്തിന്റെ വാർഷികം മാർച്ച് 29-ാംനു- ശ്രീ എ. പി. ഇബ്രാഹിംകുഞ്ഞു് എം. എ. എൽ എൽ. ബി. അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. ശ്രീ ജെ. പി. പെരേര ബി. എ. ശ്രീ എൻ. ലക്ഷ്മണൻ മുതലായവർ പ്രസംഗിച്ചു. അടുത്ത സ്കൂൾവർഷാരംഭം മുതൽ പ്രസ്തുത സ്കൂളിൽ 4-ാം ഫോറം തുടങ്ങുന്നതാണെന്നറിയുന്നു.

—"മരിയാപുര"ത്തു (പുത്തൂർറോഡ്) പുതുതായി പണികഴിച്ചിരിക്കുന്ന "മിഷൻഹോമി"ന്റെ ആശീർവ്വാദകർമ്മം തൃശൂർ മെത്രാൻ റൈററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ട് തിരുമനസ്സുകൊണ്ടു് ഏപ്രിൽ 9-ാംനു- സാഘോഷം നിർവ്വഹിക്കുന്നതാണു്. ഇതു പ്രമാണിച്ചു് തൃശൂർനിന്നും ഒരു ജപമാല പ്രദക്ഷിണവും മിഷൻഹോം അങ്കണത്തിൽവച്ചു് അഭിവന്ദ്യ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ പൊതുയോഗവുമുണ്ടായിരിക്കും. യോഗത്തിൽ വെരി റവ. ഫാ. സക്കറിയാസ് ഒ. സി. ഡി., വെരി റവ. ഡോക്ടർ പോൾ കാക്കശേരി പി എച്ച്. ഡി., ഡി. ഡി. എന്നിവർ പ്രസംഗിക്കുന്നതാണു്.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ.

Vol. 23 ‖ ERNAKULAM, PRIL 5 1950 ‖ No. 31


# ഫിലിപ്പൈൻ മെത്രാന്മാർ തൊഴിലാളിപ്രശ്നത്തെപ്പററി

ഫിലിപ്പൈൻ മെത്രാന്മാരുടെ സംയുക്ത ഇടയലേഖനം തൊഴിലാളികളുടെ അവശതകളേയും അവയ്ക്കുള്ള നിവാരണമാൎഗ്ഗങ്ങളേയും, പററി പ്രസ്താവിക്കുന്നുണ്ടു്. നിലവിലിരിക്കുന്ന സാമ്പത്തികവ്യവസ്ഥിതിയിൽ ആ രാജ്യത്തിലെ ഭൂമിയുടേയും ധനത്തിന്റേയും വളരെ വലിയഭാഗം ഒരു ചെറിയ ന്യൂനപക്ഷത്തിന്റെ ഉടമയിലാണിരിക്കുന്നതു്. വേല അന്വേഷിച്ചു് അവരുടെ പക്കൽ ബാക്കിയുള്ളവർ ചെല്ലേണ്ടിയിരിക്കുന്നു. ഈ സാമ്പത്തിക വ്യവസ്ഥിതി നീതീകരിക്കപ്പെടണമെങ്കിൽ വേലചെയ്യേണ്ടിവരുന്ന ഈ മഹാഭൂരിപക്ഷം ആളുകൾക്കു് ഏററവും കുറഞ്ഞതോതിലെങ്കിലും മനുഷ്യോചിതമായി ജീവിക്കുവാൻ ആവശ്യകമായ കൂലി വേലയ്ക്കു പ്രതിഫലമായി കിട്ടേണ്ടിയിരിക്കുന്നു. ഈ കൂലിയെത്രയാണെന്നു് ഇടയലേഖനത്തിൽ വിശദീകരിച്ചിട്ടുമുണ്ടു്. തൊഴിലാളിക്കും അവന്റെ കുടുംബത്തിനും മാനമായവിധം ഭക്ഷിക്കുന്നതിനും ഉടുക്കുന്നതിനും മതിയായവ ലഭിക്കുവാൻ തക്കതായിരിക്കണം ആ കൂലി. മാനമായ ഭവനവും, രോഗത്തിലും വാർദ്ധക്യത്തിലും രക്ഷയും, മിതവും ആരോഗ്യകരവുമായ വിനോദത്തിനുള്ള മാൎഗ്ഗങ്ങളും വിശ്രമവും ലഭിക്കാൻ തക്കതായിരിക്കണം ആ കൂലി. "ഇപ്പറഞ്ഞ ആവശ്യങ്ങളെല്ലാം സാധിച്ചുകിട്ടുവാൻ ഓരോ മനുഷ്യനും കണിശമായ അവകാശമുണ്ടു്. ഇവയെല്ലാം ലഭിക്കുവാനുള്ള ഏകമാൎഗ്ഗം അവന്റെ പ്രയത്നമാണെങ്കിൽ ആ പ്രയത്നത്തിനു പ്രതിഫലമായിത്തന്നെ അവയെല്ലാം അവനു ലഭിക്കേണ്ടതാണു്. മററു വാക്കുകളിൽ പറഞ്ഞാൽ, ഒരു മനുഷ്യന്റെ പ്രയത്നത്തിനു് അവശ്യം കല്പിക്കേണ്ട വില ഇപ്പറഞ്ഞ ആവശ്യങ്ങളെല്ലാം നിറവേററുവാൻ മതിയാകുമെന്നു് ഉറപ്പു നൽകുന്ന കൂലിയെങ്കിലുമായിരിക്കണം. ഇങ്ങനെയുള്ള കൂലിയാണു് "കുടുംബക്കൂലി" എന്നു നാം വിളിക്കുന്നതു്. ഈ അൎത്ഥത്തിൽ കുടുംബക്കൂലി തനിക്കു വേലചെയ്യുന്ന സകലർക്കും കൊടുക്കുവാൻ ഓരോ മുതലാളിക്കും കടമയുണ്ടെന്നാണു് ഞങ്ങൾ പറയുന്നതു്. ഈ കടമയാകട്ടെ സ്നേഹത്തിന്റേതു മാത്രമല്ല, പിന്നെയോ, സാമുദായികനീതി ചുമത്തുന്ന കടമയാണെന്നും ഞങ്ങൾ പറയുന്നു."

കുടുംബങ്ങളിലെ മാതാക്കൾ വേലചെയ്യുവാൻ നിർബന്ധിക്കപ്പെടുന്നതിനെപ്പററിയും ഇടയലേഖനത്തിൽ പറയുന്നുണ്ടു്. അവരുടെ ഭർത്താക്കന്മാർക്കു ലഭിക്കുന്ന വേലക്കൂലി കുടുംബത്തെ മാനമായി സംരക്ഷിക്കുവാൻ സാധിക്കാത്തതുകൊണ്ടാണു് മാതാക്കൾ ഇങ്ങനെ ചെയ്യേണ്ടിവരുന്നതു്. ഈ അവസ്ഥ വലിയ സാമുദായികതിന്മയാണു്. കുടുംബത്തിന്റെ ഘടനയെത്തന്നെ ഈ ദുരവസ്ഥ ഭഞ്ജിക്കുന്നു. അതിന്റെ ഫലമായി രാഷ്ട്രത്തിന്റെ ആഴമായ അടിസ്ഥാനങ്ങൾതന്നെ ഭഞ്ജിക്കപ്പെടുകയും ചെയ്യുന്നു. മുതലാളിമാർ ഈ വസ്തുതയെപ്പററി ചിന്തിക്കേണ്ടതാണു്. "പുരുഷന്മാരെക്കാൾ സ്ത്രീകളെക്കൊണ്ടു് വേലചെയ്യിപ്പിക്കുവാൻ മുതലാളിമാർ ഇഷ്ടപ്പെടുന്നതിന്റെ കാരണം സ്ത്രീകൾ അവരുടെ അവകാശങ്ങളെപ്പററി കുറഞ്ഞ ബോധം ഉള്ളവരും ചൂഷണം ചെയ്യപ്പെടുവാൻ കൂടുതൽ എളുപ്പമുള്ളവരും ആണെന്നുള്ളതാണെങ്കിൽ, വേലച്ചന്തയിൽ കിടമത്സരം നടത്തുവാൻ പുരുഷന്മാരെ അവർ ഇപ്രകാരം നിർബന്ധിക്കുന്നെങ്കിൽ, അങ്ങനെ ചെയ്തുകൊണ്ടു് പുരുഷന്മാരുടെയും സ്ത്രീകളുടെയും കൂലി കുറയ്ക്കുവാൻ അവർക്കു കഴിവുണ്ടാകുന്നെങ്കിൽ, അതു് കുററകരവും ലജ്ജാകരവുമായ ഒരു ദുഷ്ടസമ്പ്രദായമാണു്; മാത്രമല്ല, അതിന്റെ ഭയങ്കരമായ ശിക്ഷ അവർതന്നെ അനുഭവിക്കേണ്ടകാലം അവർ ത്വരിതപ്പെടുത്തുകയായിരിക്കും ചെയ്യുന്നതു്."

### സംഘടനാവകാശം

തൊഴിലാളികൾക്കു സംഘടിക്കുവാനുള്ള അവകാശത്തെപ്പററിയും ഇടയലേഖനം പ്രസ്താവിക്കുന്നുണ്ടു്. മാനമായി ജീവിക്കുവാനും സുസ്ഥിരവും നീതിപൂൎവ്വകവുമായ സാമുദായികവ്യവസ്ഥിതി ഏൎപ്പെടുത്തുന്നതിൽ സഹകരിക്കുവാനും തനിക്കുള്ള അവകാശത്തെ സംരക്ഷിക്കുന്നതിനുവേണ്ടി തന്റെ സമസൃഷ്ടികളുമായി സംഘടിക്കുവാനുള്ള അവകാശം ഓരോ മനുഷ്യനും ഉണ്ടു്. ഭീഷണികളാലോ, സംഘടിക്കുന്നവരുടെ നേരെ സ്വീകരിക്കപ്പെടുന്ന വ്യത്യസ്തമായ പരിഗണനയാലോ ജന്മസിദ്ധമായ ഈ അവകാശത്തെ തടയുന്ന ഏതൊരുവനും സന്മാൎഗ്ഗദുഷ്ട്യാ തെററാണു ചെയ്യുന്നതു്. ഫിലിപ്പൈനിൽ ഇങ്ങനെ തടയുന്നതു് രാജ്യനിയമത്താൽ ശിക്ഷിക്കപ്പെടുന്ന ഒരു കുററവുമാണു്. "ഈ സംഘടനകൾ സമാധാനപരങ്ങളായിരിക്കുകയും അവയുടെ ഉദ്ദേശ്യം സാധിക്കുവാൻ ന്യായമായ മാൎഗ്ഗങ്ങൾ സ്വീകരിക്കുകയും ചെയ്യുന്നിടത്തോളംകാലം അവ തൊഴിലാളികൾക്കും സമുദായത്തിനു മൊത്തത്തിലും സാക്ഷാൽ ഗുണകരങ്ങളാണു്. തൊഴിലാളികൾ അസംഘടിതരായിരിക്കുന്നിടത്തോളം കാലം അവരുടെ അവകാശവാദങ്ങൾ ഫലപ്രദങ്ങളാകയില്ലെന്നുള്ളതു് ഒരു വാസ്തവംമാത്രമാണു്. തൊഴിലാളികളുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെങ്കിൽ അവരുടെ സ്വന്തം തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾവഴിയായി സംഘടിതമായ രീതിയിൽ വിലപേശുവാൻ അവർക്കു സ്വാതന്ത്ര്യമുണ്ടായിരിക്കണം."

### തൊഴിലാളിനേതാക്കന്മാർ

തൊഴിലാളി സംഘടനകൾകൊണ്ടു നടക്കുന്ന നേതാക്കളുടെ കാര്യത്തെപ്പററിയും ഇടയലേഖനം ഉൽബോധിപ്പിക്കുന്നുണ്ടു്. ശരീരംകൊണ്ടോ, മനസ്സുകൊണ്ടോ വേലചെയ്യുന്ന സകല തൊഴിലാളികളും ഈ സംഘടനാവകാശത്തെ നിഷ്കർഷമായി പരിരക്ഷിക്കേണ്ടതാണു്. അവരുടെ നേതൃത്വം വഹിക്കുന്നതു് തൊഴിലാളികളുടെ ഗുണത്തെയും പൊതുവിൽ സമുദായത്തിന്റെ ഗുണത്തെയും ലാക്കാക്കി ആത്മാൎത്ഥമായി പ്രവൎത്തിക്കുന്ന സത്യസന്ധരും സമൎത്ഥരും ആയിരിക്കണമെന്നുള്ള കാര്യം തൊഴിലാളികൾ പ്രത്യേകിച്ചും സൂക്ഷിക്കേണ്ടതാണു്. "തൊഴിലാളികളെ ഉപകരണമാക്കി സ്വയം ധനവാന്മാരാകുന്നതിനോ, വൈഷമ്യങ്ങളെ അതിവൎണ്ണനംചെയ്തുകൊണ്ടു് സ്വന്തം അധികാരവും കീർത്തിയും വർദ്ധിപ്പിക്കുന്നതിനോ, തൊഴിലാളികളും മുതലാളികളും തമ്മിൽ മനഃപൂൎവ്വം വഴക്കുണ്ടാക്കിക്കൊണ്ടിരിക്കുന്നതിനോ ശ്രമിക്കുന്ന നേതാക്കന്മാരെ സ്വീകരിക്കാതിരിക്കുവാൻ തൊഴിലാളികൾ ശ്രദ്ധിക്കണം. കത്തോലിക്കാവിശ്വാസത്തിന്റെ ഗുണം ലഭിക്കുവാൻ ഭാഗ്യം ഉണ്ടായിട്ടുള്ള തൊഴിലാളികൾക്കു ഇക്കാര്യത്തിൽ പ്രത്യേകചുമതലയുണ്ടു്. തങ്ങളുടെ കൂട്ടുതൊഴിലാളികളെ മേല്പറഞ്ഞതരം ദുഷ്ടനേതൃത്വത്തിൽനിന്നു രക്ഷിക്കുവാനും തൊഴിലാളിസംഘടനകളിൽ കഴിവുപോലെ ഉത്തരവാദിത്വമുള്ള സ്ഥാനങ്ങൾ വഹിക്കുവാനും അവർക്കു കടമയുണ്ടു്. ബുദ്ധിപൂൎവ്വകമായ മാൎഗ്ഗങ്ങൾ സ്വീകരിച്ചു തൊഴിലാളികളുടെ ജീവിതസ്ഥിതി നന്നാക്കുവാൻ അതീവതാൽപര്യമുള്ള ആളുകളെയാണു് ഇന്നു് നമുക്കാവശ്യമുള്ളതു്. തങ്ങളുടെ തൊഴിലാളികളോടു് നീതിപൂൎവ്വം പെരുമാറുവാൻ താല്പര്യമുള്ള മുതലാളികളോടു സഹകരിക്കുവാൻ സന്നദ്ധരായ ആളുകളെയാണു് നമുക്കിന്നാവശ്യം." ഉത്തരവാദബോധമുള്ള മുതലാളിമാർക്കുതന്നെയും ക്രമപ്രകാരം സംഘടിക്കുകയും സാക്ഷാൽ പ്രജായത്തപരമായ രീതിയിൽ നടത്തുകയും ചെയ്യുന്ന യൂണിയനുകൾ ഉപദ്രവകരമായിരിക്കുകയില്ലെന്നു മാത്രമല്ല, വളരെ സഹായകരമായിരിക്കുകയുംചെയ്യും. തൊഴിലാളിസംഘടനകളും മുതലാളിസംഘടനകളും ഓരോ വ്യവസായത്തിലും സൗഹാർദ്ദതയോടുകൂടി യോജിച്ചു നിന്നു് ആ വ്യവസായത്തിന്റെ പ്രശ്നങ്ങൾ പഠിക്കുകയും പരിഹരിക്കുകയും ചെയ്യുന്നപക്ഷം, ഓരോ വ്യവസായത്തിലേയും അത്തരം സംയുക്തസംഘടനകൾ പരസ്പരം സംഘടിച്ചു ഏകീകരിക്കപ്പെടുകയും ചെയ്യുന്നപക്ഷം സാമുദായിക വ്യവസ്ഥിതി അതിന്റെ സ്വാഭാവികമായ ലക്ഷ്യത്തിലേക്കു് കൂടുതൽ ഫലപ്രദമായി ഗമനംചെയ്യുമെന്നു തീൎച്ചയാണു്.

ഫിലിപ്പൈൻ മെത്രാന്മാർ തൊഴിലാളികളുടെ ക്ഷേമത്തെ പുരസ്കരിച്ചു നല്കിയിട്ടുള്ള ഈ ഉൽബോധനങ്ങൾ എത്ര കാലോചിതങ്ങളും ബുദ്ധിപൂൎവ്വങ്ങളും!

# വിജ്ഞാപനം

☞ ഉയിപ്പു തിരുനാൾ പ്രമാണിച്ചു് ഓഫീസ് ഒഴിവാകയാൽ അടുത്ത യാഴ്ചയിൽ സത്യദീപം ഉണ്ടായിരിക്കുന്നതല്ല.

## സത്യദീപം വരിസംഖ്യ

| | | |
|---|---|---|
| പ്രതിവൎഷം അഞ്ചൽ | ക. | 6—0—0 |
| പ്രതിവൎഷം തപാൽ | " | 6—8—0 |
| ഇൻഡ്യക്കു പുറമെ | " | 8—0—0 |
| ഒററപ്രതി | | 0—2—0 |

## ജപാപ്പസ്തോലസഖ്യം

ഏപ്രിൽമാസത്തെ പൊതുനിയോഗം: ലാററിൻ അമേരിക്കയിൽ ദൈവവിളിവൎദ്ധിക്കുന്നതിനു്. മിഷൻനിയോഗം: ഉഗാണ്ട, കെനിയ, ടാങ്കനൈക്ക എന്നീ മിഷൻസ്ഥലങ്ങൾക്കുവേണ്ടി.

## ചോദ്യോത്തരപംക്തി

**ചോ:** "ഒരു കത്തോലിക്കാ വിദ്യാൎത്ഥിയായ എന്നോടു എന്റെ സ്നേഹിതന്മാരായ പല ഹൈന്ദവസഹോദരന്മാരും വിഭൂതി ബുധനാഴ്ച ഞാൻ നെററിയിൽ കുരിശുവരച്ചുകൊണ്ടു ചെന്നപ്പോൾ അതിന്റെ അൎത്ഥവും ആവശ്യവും എന്തെന്നു ചോദിക്കുകയുണ്ടായി. എന്നാൽ എനിക്കു് അതിനു് മറുപടി നല്കാൻ സാധിച്ചില്ല... കൂടാതെ, പല സഹോദരന്മാരും ഓശാനഞായറാഴ്ച എല്ലാവരും ഓല വാങ്ങിക്കുന്നതിന്റേയും അൎത്ഥമെന്തെന്നു ചോദിച്ചു. അതിനും മറുപടി നല്കാൻ എനിക്കു കഴിഞ്ഞില്ല... അതിനാൽ ഞാൻ സത്യദീപത്തെ ആശ്രയിക്കുന്നു."

**ഉ:** ഹൈസ്കൂളിൽ പഠിക്കുന്ന ഒരു കത്തോലിക്കാവിദ്യാൎത്ഥിക്കു മേല്പറഞ്ഞ ചോദ്യങ്ങൾക്കു സമാധാനം നൽകാൻ സാധിക്കാതെവന്നതിൽ ഞങ്ങൾ ആശ്ചൎയ്യപ്പെടുന്നു. ഇപ്പോഴെങ്കിലും സംശയനിവാരണം വരുത്താൻ ശ്രമിച്ചതു നന്നായി.

"വിഭൂതിബുധനാഴ്ച"യെപ്പററി അതിന്റെ തലേ ആഴ്ചയിലെ "ബാലരംഗ"ത്തിൽ സവിസ്തരം പ്രതിപാദിച്ചിരുന്നതാണു്. നെററിയിൽ ചാരംകൊണ്ടു കുരിശുവരയ്ക്കുന്നതു്, നാം പൊടിയും ചാമ്പലുമാണെന്നു്, അതായതു നാം മരണമുള്ളവരാണെന്നു നമ്മെ അനുസ്മരിപ്പിക്കുന്നതിനത്രെ. അതുകൊണ്ടാണു് പുരോഹിതൻ ഓരോരുത്തരുടേയും നെററിയിൽ കുരിശുവരയ്ക്കുമ്പോൾ "മനുഷ്യാ, നീ പൊടിയാകുന്നുവെന്നും നീ പൊടിയിലേക്കു പിന്തിരിയുമെന്നും ഓൎത്തുകൊള്ളുക" എന്നു പറയുന്നതു്. കൂടാതെ, ചാമ്പൽ അനുതാപത്തിന്റേയും പ്രായശ്ചിത്തത്തിന്റേയും ആവശ്യകതയെ കുറിക്കുന്നു. "ചാക്കും ചാരവും ധരിച്ചു്" തപസ്സുചെയ്യുക എന്നതു പഴയനിയമകാലത്തും ക്രിസ്തുവൎഷത്തിലെ ആദിമശതകങ്ങളിലും സാധാരണമായിരുന്നു. ആകയാൽ പാപങ്ങളെപ്പററി അനുതപിക്കുന്നതിനും തപഃക്രിയകൾവഴി അവയ്ക്കു പരിഹാരം ചെയ്യുന്നതിനുമായി നിൎദ്ദേശിക്കപ്പെട്ടിരിക്കുന്ന നോമ്പുകാലം അൎത്ഥസമ്പുഷ്ടമായ ഈ ചടങ്ങോടുകൂടി ആരംഭിക്കുന്നതു സമുചിതമായിരിക്കുന്നു. ചാമ്പൽ കുരിശിന്റെ ആകൃതിയിലിടുന്നതു കുരിശുവഴി നമുക്കു രക്ഷപ്രാപിക്കാൻ സാധിക്കുമെന്നതിനെ സൂചിപ്പിക്കുവാനാണു്.

ഓശാന ഞായറാഴ്ചയിലെ ചടങ്ങുകൾ ഈശോ ആഘോഷപൂൎവ്വം യരുസലം പട്ടണത്തിൽ പ്രവേശിച്ചതിനെ അനുസ്മരിപ്പിക്കുന്നു. ജനാവലി വൃക്ഷശാഖകൾ കൈകളിൽ വഹിച്ചുകൊണ്ടു "ദാവീദിന്റെ പുത്രനു് ഓശാന! കൎത്താവിന്റെ നാമത്തിൽ വരുന്നവൻ അനുഗൃഹീതനാകുന്നു. ഉന്നതങ്ങളിൽ ഓശാന!" എന്നു ആൎത്തുവിളിച്ചതായി നാം സുവിശേഷങ്ങളിൽ വായിക്കുന്നുണ്ടല്ലോ. ആ മഹാസംഭവത്തിന്റെ സ്മരണയെ സജീവമായ രീതിയിൽ കൊണ്ടാടുന്നതിനുവേണ്ടിയാണു പുരോഹിതൻ കുരുത്തോല ആശീൎവ്വദിച്ചു ജനങ്ങളുടെ കൈകളിൽ കൊടുക്കുന്നതു്.

പുസ്തകാഭിപ്രായം

## അൾത്താരയിലെ ബലിയും കത്തോലിക്കജീവിതവും

[ഗ്രന്ഥകൎത്താ: ഫാദർ അഗസ്റ്റിൻ മണക്കാട്ടു്, പൂങ്കാവു്. സാൻറാക്രൂസ് പ്രസ്സ്, ആലപ്പുഴ. വില 2 ക. 8 ണ. പേജ് 341]

"ദിവ്യബലിയെ അധികരിച്ചുള്ള താത്വികവും കാൎമ്മികവും ചരിത്രപരവും പ്രായോഗികവുമായ ഒരു വിശദീകരണം" ആണു് പ്രകൃതഗ്രന്ഥം. "ബലിയുടെ ഉത്ഭവം, സ്വഭാവം, ഉദ്ദേശ്യം", "പുതിയ നിയമത്തിലെ ഏകസത്യബലി", "തിരുവസ്ത്രങ്ങൾ", "തിരുവസ്തുക്കൾ", "ദിവ്യകൎമ്മാദികൾക്കു ലത്തീൻഭാഷ ഉപയോഗിക്കുന്നതു് എന്തുകൊണ്ടു്?", "ദിവ്യബലി—അൎത്ഥവും വിഭജനവും" എന്നീ കാര്യങ്ങളെപ്പററി ആമുഖമായി പ്രതിപാദിച്ചശേഷം, 9 അദ്ധ്യായങ്ങളിലായി ലത്തീൻകുർബാനയുടെ വിവിധഭാഗങ്ങളെപ്പററി സമഗ്രമായി ചർച്ചചെയ്യുന്നു. അനുബന്ധമായി "ബന്ധവിമോചനങ്ങളും സുകൃതജപങ്ങളും", "ദൈവാലയവും മണിനാദവും", "തിരുസഭയും സംഗീതവും" എന്നിങ്ങനെ മൂന്നദ്ധ്യായങ്ങൾകൂടി ചേൎത്തിട്ടുണ്ടു്. വരാപ്പുഴ മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടും കൊച്ചി മെത്രാൻ തിരുമനസ്സുകൊണ്ടും ഗ്രന്ഥത്തെ ആശീൎവ്വദിച്ചനുഗ്രഹിച്ചിട്ടുള്ള കാര്യവും പ്രസ്താവ്യമാണു്.

കത്തോലിക്കാജീവിതത്തിന്റെ നട്ടനായകത്വം വഹിക്കുന്നതു അൾത്താരയിലെ ദിവ്യബലിയാണു്. അതു ലോകത്തെ നാകത്തോടു ബന്ധിക്കുകയും, ദൈവത്തിനും അയൽക്കാരനുംവേണ്ടി ആത്മാൎപ്പണം ചെയ്തുകൊണ്ടു ത്യാഗമോഹനമായ ജീവിതം നയിക്കുവാൻ പ്രചോദനം നല്കുകയും ചെയ്യുന്നു. എന്നാൽ ഉദ്ദിഷ്ടഫലങ്ങൾ പ്രാപിക്കണമെങ്കിൽ, പ. കുർബാനയിലെ തൃക്കൎമ്മങ്ങളുടേയും മററും അൎത്ഥം ഗ്രഹിച്ചു സജീവമായ രീതിയിൽ ദിവ്യബലിയിൽ സംബന്ധിക്കേണ്ടതാണു്. അതിനു പ്രകൃതഗ്രന്ഥം ഉപകരിക്കുമെന്നതിനു സംശയമില്ല. ലളിതവും ശുദ്ധവുമായ ഭാഷ; അക്ലിഷ്ടമായ പ്രതിപാദനരീതി; നല്ല മേനിക്കടലാസ്; മനോഹരമായ അച്ചടി; ഇവ ഗ്രന്ഥത്തെ ഏററവും ആകർഷകമാക്കിയിരിക്കുന്നു. കേരളീയരുടെ ഇടയിൽ പരിശുദ്ധ കുർബാനയുടെ

നേക്കുള്ള ഭക്തി ഉത്തേജിപ്പിക്കുന്നതിനും, തദ്വാരാ ക്രിസ്തീയചൈതന്യം ദൃഢമൂലമാക്കുന്നതിനും ഈ ഗ്രന്ഥം ഉപകരിക്കുമാറാകട്ടെ. ഇത്ര പ്രയോജനകരവും ഭക്തിസംവർദ്ധകവുമായ ഒരു ഗ്രന്ഥം രചിച്ചതിൽ തൽകർത്താവിനെ ഹാർദ്ദമായി അനുമോദിക്കുന്നു.

## ടിലാർ കഥകൾ

മൂന്നാംഭാഗം

(ജി. സി. ടിലർ. സെൻറ് ജോസഫ്സ് പ്രിൻറിംഗ് ഹൗസ്, തിരുവല്ല. പേജ് 139)

സാഹിത്യമണ്ഡലത്തിൽ ചെറുകഥ ഭരണംനടത്തുന്ന ഒരു കാലഘട്ടമാണിതെന്നു പറയാം. സാഹിത്യം ജീവിതത്തിൻെറ ഒരു പ്രതിഫലനമായിരിക്കണമെന്നുമാത്രമല്ല, ജീവിതം ഉപര്യുപരി ക്ഷേമകരമാക്കിത്തീർക്കുവാൻ പര്യാപ്തമായിരിക്കണമെന്നുംകൂടി ഇന്നത്തെ കഥാകൃത്തുകൾക്കു നിഷ്ഠയുള്ളതായി പറയപ്പെടുന്നു. പക്ഷേ അവരുടെ കൃതികളിൽ ഭൂരിഭാഗവും സമുദായത്തെ ഉദ്ധരിക്കുന്നതിനുപകരം അധഃപതിപ്പിക്കുകയാണു ചെയ്യുന്നതു്; മനുഷ്യമനസ്സുകളെ സംസ്കരിക്കുന്നതിനുപകരം മലീമസമാക്കുകയാണു ചെയ്യുന്നതു്. "ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും, ചോരതന്നെ കൊതുകിന്നു കൗതുകം" എന്ന കവിവാക്യത്തെ അനുസ്മരിപ്പിക്കുമാറു്, ഇന്നത്തെ കഥാകൃത്തുകളിൽ പലരും ജീവിതത്തിൻെറ ശോഭനങ്ങളായ വശങ്ങളെ ത്യാജ്യകോടിയിൽ തള്ളിയിട്ടു്; ജുഗുപ്സാവഹങ്ങളായ വശങ്ങളെമാത്രം ചിത്രീകരിച്ചു കൃതാർത്ഥരാകുന്നുണ്ടു്. ആധുനിക വ്യവസ്ഥിതിയെ ഇടിച്ചുപൊളിക്കണമെന്നു അവർ പറയും; എന്നാൽ സൃഷ്ടിപരമായ യാതൊരു പരിപാടിയും അവൎക്കു സമൎപ്പിക്കുവാനുമില്ല. മാത്രമോ? ധാൎമ്മികജീവിതത്തിലെ എത്രയേറെ പരാജയങ്ങൾക്കു്, എത്രയെത്ര ആത്മഹത്യകൾക്കുതന്നെ, അവരുടെ കഥകൾ പ്രചോദനം നല്കുന്നില്ല!

ഇന്നത്തെ ചെറുകഥാപ്രസ്ഥാനത്തിൻെറ വഴിപിഴച്ച ഈ "പുരോഗമന"ത്തെ വെല്ലുവിളിക്കുന്നവയാണു ഫാദർ ജി. സി. ടിലാർ അവർകളുടെ കഥകൾ. കലാവാസനയും ഭാഷാസ്വാധീനതയുമുള്ള ഒരു കഥാകാരനു്, അധമവികാരങ്ങളെ ഉദ്ദീപിപ്പിക്കാതെതന്നെ, അനുവാചകരെ ആനന്ദിപ്പിക്കാനും സമുദായത്തെ സമുദ്ധരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നല്കുവാനും സാധിക്കുമെന്നു് അഭിവന്ദ്യനായ ഈ ഗ്രന്ഥകാരൻ തെളിയിച്ചിരിക്കുന്നു. നിരൂപണവിഷയമായ ഗ്രന്ഥത്തിലെ "റിക്ഷാക്കാരൻ" വിൻസെൻറു് ഡി പോൾ സഖ്യത്തിൻെറ പ്രവൎത്തനങ്ങളെ പരാമൎശിച്ചുള്ള ഒരു കഥയാണു്. "സഖാവിൻെറ ഭാൎയ്യ"യിൽ വിധ്വംസക പ്രവൎത്തനങ്ങളിൽ പങ്കുവഹിക്കുന്നതിനു സഖാവിനു ഉള്ളിടത്തോളം സ്വാതന്ത്ര്യം, "ലീജിയൻ ഓഫ് മേരി" സംഘടനയിലെ അംഗമെന്നനിലയിൽ ജീവകാരുണ്യപ്രവൃത്തികളിൽ പങ്കുവഹിക്കുന്നതിനു തനിക്കുമുണ്ടായിരിക്കണമെന്നു ഭാൎയ്യ അവകാശപ്പെടുന്നു. ഇങ്ങനെ പോകുന്നു ടിലാർകഥകളുടെ ഇതിവൃത്തം. ഈ കഥകളിൽ ചിലതെല്ലാം സത്യദീപത്തിൽ പ്രസിദ്ധം ചെയ്തിരുന്നവയാണു്; ബാക്കിയുള്ളവ മററു മാസികകളിലും. സത്യദീപത്തിൽ പ്രസിദ്ധംചെയ്തിരുന്ന "കുറുക്കനും കോഴിയും", "യക്രോവിൻെറ പട്ടികൾ", "പന്നിയും പൂച്ചയും", "ചെമ്പൻകാള" എന്ന നാലു നീതികഥകളും അനുബന്ധമായി ചേൎത്തിട്ടുണ്ടു്. സന്മാൎഗ്ഗനിഷ്ഠമായ ഈ ദ്വാദശകഥകളാണു് യഥാൎത്ഥത്തിൽ പുരോഗമനപരങ്ങൾ; സമുദായത്തെ ഉദ്ധരിക്കാൻ പോരുന്നവ; നലംതികഞ്ഞ ജീവത്സാഹിത്യം. ആകയാൽ പ്രകൃതഗ്രന്ഥം എവരും വാങ്ങി വായിക്കയും പ്രചരിപ്പിക്കയും ഗ്രന്ഥകാരനെ സൎവ്വാത്മനാ പ്രോത്സാഹിപ്പിക്കയും ചെയ്യേണ്ടതാണെന്നു ഞങ്ങൾ അഭിപ്രായപ്പെടുന്നു.

## The Sacred Heart College Annual, Thevara

റവ. ഫാദർ തെയൊബോൾഡ് എം. എസ് സി. യുടെ പത്രാധിപത്യത്തിൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്ന ഈ വാൎഷികപ്പതിപ്പു സൎവ്വഥാ ആകൎഷകവും വിജ്ഞാനപ്രദവുമായിരിക്കുന്നു. ഇതിൽ ചേൎത്തിരിക്കുന്ന റിപ്പോർട്ടുകളിൽനിന്നു വിശദമാകുന്നതുപോലെ, ചുരുങ്ങിയ കാലയളവിൽ തേവരകോളേജിനുണ്ടായിട്ടുള്ള സൎവ്വതോമുഖമായ അഭിവൃദ്ധി അഭ്യസൂയാവഹമാണെന്നതിനു സംശയമില്ല.

## The St. Philomena's College Annual, Mysore

[Editor: C. J. Varkey K. S. G. M. A. (Hons)]

ഇംഗ്ലീഷു്, കന്നടകം, മലയാളം, ഉർദു, തമിഴ്, ഹിന്ദി, സംസ്കൃതം എന്നീ ഏഴുഭാഷകളിൽ വിരചിതമായ ഗദ്യപദ്യലേഖനങ്ങളടങ്ങിയ ഈ ഗ്രന്ഥം ഭാഷകളുടെ ഒരു "കൗതുകാഗാരം" തന്നെ. ലേഖനങ്ങൾ വിജ്ഞാനപ്രദങ്ങളും ചിത്രങ്ങൾ കമനീയങ്ങളുമായിരിക്കുന്നു. ഒരു ഒന്നാംഗ്രേഡ് കോളേജിൻെറ പ്രിൻസിപ്പാളെന്നനിലയിൽ നിൎവ്വഹിക്കേണ്ട ഭാരിച്ച ജോലികൾക്കിടയിൽ ഇത്ര വിശിഷ്ടമായ ഒരു മാസികാഗ്രന്ഥത്തിൻെറ പത്രാധിപത്യംകൂടി വഹിക്കുന്നതിൽ ഷെവലിയർ സി. ജെ. വൎക്കിയെ ഞങ്ങൾ ഹാൎദ്ദമായി അനുമോദിക്കുന്നു. വിദ്യാഭ്യാസപ്രവൎത്തകൻ, ഗ്രന്ഥകാരൻ, പത്രപ്രവൎത്തകൻ, രാഷ്ട്രീയനേതാവു് എന്നീ വിവിധ നിലകളിൽ അഖിലഭാരതപ്രശസ്തി സമാൎജ്ജിക്കുവാൻ സാധിച്ചിട്ടുള്ള ഈ കേരളീയൻെറ പരിശ്രമശീലവും സേവനസന്നദ്ധതയും നമ്മുടെ യുവാക്കൾക്കു ഒരു മാതൃകയായി പരിലസിക്കട്ടെ.

## The Ideal

തേവര സേക്രഡ് ഹാർട്ട് കോളേജിൽ സ്ഥാപിതമായിരിക്കുന്ന മരിയൻ സൊഡാലിററിയുടെ ആഭിമുഖ്യത്തിൽ പ്രസിദ്ധീകൃതമായിരിക്കുന്ന ഈ വാൎഷികപ്പതിപ്പിനു് കേരളത്തിലെ കത്തോലിക്കർ ഹാൎദ്ദമായ സ്വാഗതമരുളുന്നതാണു്. സൊഡാലിററിയേയും മരിയാഭക്തിയേയും അധികരിച്ചുള്ള ഗദ്യപദ്യലേഖനങ്ങൾ, വിവിധ സ്ഥലങ്ങളിലെ സൊഡാലിററിപ്രവൎത്തനങ്ങളുടെ റിപ്പോർട്ടുകൾ മുതലായവയാണു ഈ ഗ്രന്ഥത്തിൻെറ ഉള്ളടക്കം. റവ. ഫാദർ മാർസൽ സി. ഡി. എം. എ. യുടെ നേതൃത്വത്തിൽ മി. കെ. പി. ചെറിയാൻ, മി. പി. കെ. ദേവസ്യ എന്നീ കോളേജുവിദ്യാൎത്ഥികളാണു ഈ പ്രസിദ്ധീകരണത്തിൻെറ പത്രാധിപത്യം വഹിക്കുന്നതു്. ലേഖനകൎത്താക്കളും കോളേജുവിദ്യാൎത്ഥികൾതന്നെ. സൎവ്വകലാശാലാവിദ്യാഭ്യാസകാലത്തു നമ്മുടെ യുവാക്കന്മാർ ഏവംവിധം സഖ്യപ്രവൎത്തനങ്ങളിലും സാഹിത്യസംരംഭങ്ങളിലും ഏൎപ്പെടുന്നതു ഏററവും അഭിനന്ദനീയമാണു്. എല്ലാകൊല്ലവും ഇപ്രകാരം തേവരകോളേജിൽനിന്നും ഒരു ഗ്രന്ഥം പ്രസിദ്ധീകരിക്കുകയും അതിൽ കേരളത്തിലെ എല്ലാ സൊഡാലിററി ശാഖകളുടേയും പ്രവൎത്തനങ്ങളെപ്പററിയുള്ള റിപ്പോർട്ടുകൾ ചേൎക്കുകയും ചെയ്യുന്നതു സമുചിതമായിരിക്കുമെന്നു ഞങ്ങൾക്കഭിപ്രായമുണ്ടു്.

# ഫാത്തിമാസന്ദേശം പ്രയോഗത്തിൽ


(വല്യച്ചൻ)

പരിശുദ്ധ ദൈവജനനി ഫാത്തിമായിൽവച്ചു നൽകിയ സന്ദേശം ലോകത്തിലുള്ള സകല കത്തോലിക്കരേയും അറിയിക്കുന്നതിനാണല്ലോ അവിടുത്തെ തിരുസ്വരൂപവും വഹിച്ചുകൊണ്ടു് ഒരു തീൎത്ഥകസംഘം ഒരാഗോളപൎയ്യടനം നടത്തിക്കൊണ്ടിരിക്കുന്നതു്. ലോകത്തിൻെറ പാപാധിക്യത്താൽ ദൈവം കുപിതനായിരിക്കയാണെന്നും പ്രാൎത്ഥനയും പ്രായശ്ചിത്തവും പരമാൎത്ഥമായ ജീവിതനവീകരണവും വഴിയായി മനുഷ്യർ ദൈവത്തിൻപക്കലേക്കു തിരിയാത്തപക്ഷം ഇഹത്തിലും പരത്തിലും അവർ കഠിനമായി ശിക്ഷിക്കപ്പെടുമെന്നും അസന്നിഗ്ദ്ധമായ ഭാഷയിൽ മാതാവു നമ്മെ അറിയിച്ചിട്ടുണ്ടു്. ലോകത്തെ നാശഗൎത്തത്തിൽനിന്നു രക്ഷിക്കുന്നതിനു തനിക്കു പ്രാപ്തിയുണ്ടെന്നും ജപമാലയും തൻെറ വിമലഹൃദയത്തോടുള്ള ഭക്തിയുംമൂലം സകല മനുഷ്യരും ഇന്നു തീവ്രമായി കാംക്ഷിക്കുന്ന സമാധാനം കരഗതമാകുന്നതാണെന്നും അവിടുന്നു നമ്മെ ഉൽബോധിപ്പിച്ചിട്ടുള്ളതു തികച്ചും ആശ്വാസജനകംതന്നെ. ഫാത്തിമാമാതാവിൻെറ സന്ദൎശനത്തോടുകൂടി കേരളത്തിലാകമാനം ഏതോ ഒരാദ്ധ്യാത്മിക ഉണർവ്വ് ഉണ്ടായിട്ടുണ്ടെന്നു സമ്മതിക്കണം. എങ്കിലും മാതാവു് ആഗ്രഹിക്കുന്നവിധത്തിലുള്ള ഒരു പരിവൎത്തനം ഉണ്ടായിട്ടുണ്ടെന്നോ ആദ്യം ഉണ്ടായിരുന്ന ആ ഉന്മേഷംപോലും മന്ദീഭവിക്കാതെ തുടൎന്നുപോകുന്നുണ്ടെന്നോ നമുക്കു അഭിമാനിക്കാൻ നിവൃത്തിയില്ല. നാം മാതാവിൻെറ പ്രത്യേക അനുഗ്രഹങ്ങൾക്കു അൎഹരായിത്തീരണമെങ്കിൽ ഫാത്തിമാസന്ദേശാനുസരണമുള്ള ഒരു ജീവിതം നയിക്കണം. ഈ തലമുറ മാത്രമല്ല അടുത്ത തലമുറകളും അതു തുടൎന്നുകൊണ്ടുപോകുകയും വേണം. ഇതിനു ഏററവും നല്ല ഒരു പോംവഴിയാണു് ഇന്നത്തെ കുട്ടികളെ അതഭ്യസിപ്പിക്കുകയെന്നുള്ളതു്.

കമ്മ്യൂണിസ്റ്റുകാരും, നാസി, ഫഷിസ്റ്റ് മുതലായ രാഷ്ട്രീയകക്ഷികളും തങ്ങളുടെ ഇഷ്ടാനുസരണമുള്ള ഒരു ജനസഞ്ചയമുണ്ടാകുന്നതിനു കുട്ടികളുടെ പരിശീലനത്തിലാണല്ലോ ഏററവും അധികം ശ്രദ്ധപതിച്ചതു്. വിദ്യാഭ്യാസത്തിനുള്ള സ്വാതന്ത്ര്യത്തിനായി തിരുസ്സഭ എക്കാലത്തും പോരാടിയിട്ടുള്ളതും ഇന്നും പോരാടിക്കൊണ്ടിരിക്കുന്നതും ചെറുപ്പത്തിലുള്ള പരിശീലനത്തിൻെറ പ്രാധാന്യം മനസ്സിലാക്കിയിട്ടുതന്നെയാണു്. അതിനാൽ ഫാത്തിമാസന്ദേശാനുസരണമുള്ള ഒരു ജീവിതപരിവൎത്തനം കേരളത്തിൽ ഉണ്ടായിക്കാണണമെന്നു നാം ആഗ്രഹിക്കുന്നെങ്കിൽ — അങ്ങനെ ആഗ്രഹിക്കാതിരിക്കാൻ സുബുദ്ധിയുള്ള യാതൊരു കത്തോലിക്കനും നിവൃത്തിയില്ലതാനും — നമ്മുടെ കുട്ടികൾക്കു തദനുസരണമുള്ള ഒരു പരിശീലനം ഉടനെതന്നെ കൊടുത്തുതുടങ്ങണം. ആ ഉദ്ദേശത്തോടുകൂടിയാണു പോർട്ടുഗലിലും അമേരിക്കയിലും നടത്തിവരുന്ന രീതിയിലുള്ള ഒരു ഫാത്തിമാബാലസമിതി ഇവിടെ ആരംഭിക്കുന്നതു്. അതേ സംബന്ധിച്ചു 30-ാം ലക്കം സത്യദീപം ബാലരംഗത്തിൽ എഴുതിയിട്ടുള്ളതിലേക്കു് ഏവരുടെയും ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

കുട്ടികളെ നേരിട്ടുകാണാതെ വളരെ അകലെയിരുന്നുകൊണ്ടു "വല്യച്ചൻ" എഴുതി അയക്കുന്ന ഉപദേശങ്ങൾ വായിക്കുന്നതിനുപോലുമുള്ള ഭാഗ്യം വളരെ കുറച്ചു കുട്ടികൾക്കുമാത്രമേ ലഭിക്കുന്നുള്ളു. അപ്രകാരം വായിക്കുന്നവരിൽത്തന്നെ ഒരു നല്ലഭാഗത്തിനു അതനുസരിച്ചു സ്വയം പ്രവൎത്തിക്കുന്നതിനുള്ള പ്രാപ്തി ഉണ്ടായിരിക്കയുമില്ല. അതിനാൽ കുട്ടികളെക്കൊണ്ടു കാൎയ്യമായി എന്തെങ്കിലും ചെയ്യിക്കണമെങ്കിൽ അവരുടെ മാതാപിതാക്കന്മാരോ, പ്രായംകൂടിയ സഹോദരീ സഹോദരന്മാരോ, അദ്ധ്യാപകന്മാരോ ആത്മാൎത്ഥമായി ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. കുട്ടികൾ വല്യച്ചനു് അയച്ചിട്ടുള്ള എഴുത്തുകൾ പരിശോധിച്ചാൽ കാണാം അവയിൽ പലതും പറഞ്ഞുകൊടുത്തു എഴുതിച്ചിട്ടുള്ളതാണെന്നും മഹാഭൂരിപക്ഷം കത്തുകളും ചുരുക്കം ചില സ്ഥലങ്ങളിൽനിന്നാണു വന്നിട്ടുള്ളതെന്നും. അതിനുള്ള കാരണം വിശദമാണു്. പ്രസ്തുതസ്ഥലങ്ങളിലെ ഭാഗ്യശാലികളായ കുട്ടികളെ പഠിപ്പിക്കുന്ന കന്യാസ്ത്രീകളോ മററു അദ്ധ്യാപികമാരോ അദ്ധ്യാപകന്മാരോ അവരുടെ ആത്മീയോൽകൎഷത്തിൽ മററുള്ളവരെ അപേക്ഷിച്ചു കൂടുതൽ ശ്രദ്ധപതിക്കുന്നുണ്ടു്. ചില സ്ഥലങ്ങളിൽ വേദോപദേശക്ലാസ്സുസമയത്തു വല്യച്ചൻെറ എഴുത്തു ആഴ്ചതോറും വായിച്ചു വ്യാഖ്യാനിച്ചുകൊടുക്കുകയും അതിലെ നിൎദ്ദേശാനുസരണം പ്രവൎത്തിക്കുന്നതിനു കുട്ടികളെ നിരന്തരം പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കയും ചെയ്യുന്നതായി അറിയാം. ഇപ്രകാരം അതിപ്രധാനവും ദൈവികവുമായ ഈ വേലയിൽ വല്യച്ചനെ ആത്മാൎത്ഥമായി സഹായിക്കുന്ന എല്ലാവൎക്കും അകമഴിഞ്ഞു നന്ദിപറയുന്നതോടുകൂടിത്തന്നെ കുട്ടികളെ വേദപാഠം പഠിപ്പിക്കുന്ന എല്ലാവരോടും ഇപ്പോൾ ആരംഭിക്കുന്ന ഫാത്തിമാബാലസമിതിയെ ആവുംവിധം സഹായിക്കണമെന്നു സകല അനുഗ്രഹങ്ങളുടെയും മദ്ധ്യസ്ഥയായ ദൈവജനനിയുടെ നാമത്തിൽ സവിനയം അഭ്യൎത്ഥിക്കയും ചെയ്യുന്നു.

ബ. വികാരിമാരുടെയും അദ്ധ്യാപികാദ്ധ്യാപകന്മാരുടെയും മാതാപിതാക്കന്മാരുടെയും സഹായസഹകരണങ്ങളുണ്ടെങ്കിൽവളരെഉപകാരപ്രദമായവിധത്തിൽ ഈ ബാലസമിതി നടത്തിക്കൊണ്ടുപോകാൻ സാധിക്കുന്നതാണു്. മറിച്ചു്, അവരുടെ പ്രോത്സാഹനവും സഹകരണവും ലഭിക്കുന്നില്ലെങ്കിൽ വല്യച്ചൻ തനിച്ചുവിചാരിച്ചാൽ തീരെ തുച്ഛമായിമാത്രമേ എന്തെങ്കിലും ചെയ്യാൻ കഴികയുള്ളു. അതിനാൽ കാൎയ്യത്തിൻെറ ഗൗരവം മനസ്സിലാക്കി, ഈ സമിതികൊണ്ടു നിവാരണം ചെയ്യാവുന്ന തിന്മകളേയും പ്രാപിക്കാവുന്ന നന്മകളേയും പരിഗണിച്ചു്, തങ്ങളുടെ സ്വാധീനത്തിലുള്ള എല്ലാകുട്ടികളേയും അതിൽ ചേൎക്കുമെന്നു വിശ്വസിക്കുന്നു. വല്യച്ചൻ ആഴ്ചതോറും നൽകുന്ന ഉപദേശാനുസരണം പ്രവൎത്തിക്കുന്നതിനു അവരെ സഹായിക്കുകകൂടി ചെയ്യേണ്ടതാണു. അതിനും എവരുടെയും സഹകരണം പ്രതീക്ഷിക്കുന്നു. ഇന്നു ബോസ്റ്റൊക്ലബ്ബിൽ രണ്ടായിരത്തോളം കുട്ടികൾ മാത്രമേയുള്ളു. എങ്കിലും ഉത്സാഹിച്ചാൽ ഒരു പതിനായിരം കുട്ടികളെയെങ്കിലും ചേൎത്തുകൊണ്ടു് അടുത്ത മേയ് 13-ാം തിയതി ഫാത്തിമാബാലസമിതിയുടെ ഉൽഘാടനം നടത്താൻ നമുക്കു സാധിക്കും. അതിനു ഫാത്തിമാനാഥ നമ്മെ സഹായിക്കട്ടെ.




"നിങ്ങളുടെ ഭാൎയ്യ പാട്ടുപാടുമ്പോൾ നിങ്ങളെന്താണു് മുററത്തിറങ്ങി നില്ക്കുന്നതു്?"

"ഞാനവളെ തല്ലുകയാണെന്നു അയൽവക്കത്തുള്ളവരും വഴിയെ പോകുന്നവരും തെററിദ്ധരിക്കുമെന്നു വിചാരിച്ചു്."

* * *

ഒരു ദിവസം അദ്ധ്യാപകൻ കുട്ടികൾക്കു് ഒരു നിൎദ്ദേശംകൊടുത്തു: "പ്രാധാന്യമുള്ള കാൎയ്യങ്ങൾ പറയുന്നതിനു മുമ്പു 50 വരെ എണ്ണണം. വളരെ പ്രാധാന്യമുള്ള കാൎയ്യമാണെങ്കിൽ 100 വരെ എണ്ണണം. അല്ലാതെ വായിൽതോന്നിയതു ഉടനടി വിളിച്ചുപറയരുതു്." കുറെ ദിവസം കഴിഞ്ഞു്, അദ്ധ്യാപകൻ മെഴുകുതിരികത്തിച്ചു സൂൎയ്യൻെറ വെളിച്ചം ഭൂമിയിൽ പതിക്കുന്ന വിധത്തെപ്പററി പഠിപ്പിച്ചുകൊണ്ടിരുന്നു. കുട്ടികളുടെ ചുണ്ടു അനങ്ങുന്നതുകണ്ടെങ്കിലും അദ്ദേഹമതു ഗൗനിച്ചില്ല. പെട്ടെന്നു കുട്ടികൾ "99,100 — സാറിൻെറ കോട്ടിനു തീപിടിച്ചു" എന്നു വിളിച്ചുപറഞ്ഞു.

* * *

"ഞാൻ അപ്പനു 10 രൂപയുടെ ആദായം ഉണ്ടാക്കിത്തന്നാൽ എനിക്കെന്തു തരും?"

"മിഠായി വാങ്ങിത്തരാം."

"എന്നാൽ ഞാൻ പരീക്ഷയിൽ തോററിരിക്കുന്നു. ഞാൻ പരീക്ഷയിൽ ജയിച്ചാൽ 10 രൂപാ സമ്മാനം തരാമെന്നു പറഞ്ഞിരുന്നില്ലേ? 10 രൂപാ അപ്പനു ആദായമായി. വേഗം മിഠായി വാങ്ങിത്തരുക."

* * *

തോമസു്: "ഞാനൊരു കിഴങ്ങനു വഴിമാറികൊടുക്കയില്ല."

ജോൺ: "എന്നാൽ ഞാനതിനു ഒരുക്കമാണു്." അവൻ ശാന്തമായി വഴിയിൽനിന്നു മാറിനിന്നു.

# അ. കേ. ക. കോൺഗ്രസ് 25-ാം വാർഷികം

അഖിലകേരളകത്തോലിക്കാകോൺഗ്രസിൻെറ 25-ാംവാർഷികം ഒല്ലൂർ മീൻസെന്തിനറിൽ സജ്ജീകരിച്ചിരിക്കുന്ന പന്തലിൽവച്ച് ഏപ്രിൽ 10-ാം നു- തിങ്കളാഴ്ചമുതൽ 13-ാംനു- വ്യാഴാഴ്ചവരെ (മീനം 28—31) തിയതികളിൽ നടത്തപ്പെടുന്നതാണ്. സമ്മേളനത്തിൻെറ കാര്യപരിപാടി താഴെ ചേർക്കുന്നു:

ഏപ്രിൽ 10-ാംനു- തിങ്കൾ

ഉച്ചതിരിഞ്ഞു 4 മണിക്ക് അദ്ധ്യക്ഷസ്വീകരണം. 5-30-നു് കത്തോലിക്കാ പ്രസിദ്ധീകരണ പ്രദർശനത്തിൻെറ ഉൽഘാടനം. അദ്ധ്യക്ഷൻ: ശ്രീ തര്യത് കുഞ്ഞിത്തൊമ്മൻ. പ്രാസംഗികൻ: റവ. ഫാ. റയിനോൾഡ് സി. ഡി., എം. എ. 7 മണിക്ക് കോൺഗ്രസ് വർക്കിംഗ് കമ്മിററി യോഗം.

ഏപ്രിൽ 11-ാംനു- ചൊവ്വ

രാവിലെ 6-30-നു് ബാംഗളൂർ മെത്രാൻ തിരുമനസ്സിലെ കർബാന. 7-നു് പതാക ഉയർത്തൽ (തൃശ്ശൂർ മെത്രാൻ തിരുമനസ്സുകൊണ്ടു്.) 8-നു് സ്തുപസ്സു കർബാന. 9-നു് ഉൽഘാടനസമ്മേളനം. സ്വാഗതപ്രസംഗം: വെ. റവ. ഡോ. പോൾ കാക്കശേരി. ഉൽഘാടനപ്രസംഗം: ബാംഗളൂർ മെത്രാൻ തിരുമേനി. അദ്ധ്യക്ഷപ്രസംഗം: ശ്രീ ഇ. പി. വറുഗീസ് എം. എ ബി. എൽ. ഉച്ചതിരിഞ്ഞു 4 മണിക്ക് സാമൂഹ്യവ്യവസ്ഥിതി സമ്മേളനം. അദ്ധ്യക്ഷൻ: ബാംഗളൂർ മെത്രാൻ തിരുമനസ്സുകൊണ്ടു്. പ്രസംഗം: പ്രൊഫസർ പി. ടി. തോമസ് എം. എ., റവ. ഫാ. നെടുങ്കല്ലേൽ എം. എ ബി. ടി., ശ്രീ വി. ജെ. മത്തായി എം. എ. 6-30-നു് കോൺ, കൗൺസിൽ യോഗം. 7-നു് കഥാകാലക്ഷേപം (ശ്രീ കെ. കെ. തോമസ് ബി. എ. എൽ. ടി. & പാർട്ടി.)

## കൃതജ്ഞത

ബ: അൽഫോൻസാമ്മയുടെയും വി. യൗസേപ്പുപിതാവിൻെറയും സഹായത്താൽ, മരണാസന്നനിലയിൽ എത്തിയ ജ്വരപ്പനിയിൽനിന്നും രക്ഷപ്രാപിച്ചതിനു് ഹൃദയം തുറന്ന കൃതജ്ഞത.

ചാക്കോ ഔസേഫ്
കൂനംപാറയിൽ, നീലൂർ

ഏപ്രിൽ 12-ാംനു- ബുധൻ

രാവിലെ 6-30നു് പരേതർക്കുവേണ്ടിയുള്ള തൃക്കർമ്മങ്ങൾ (തിരുവനന്തപുരം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു്) 8-30-നു് മഹിളാസമ്മേളനം. അദ്ധ്യക്ഷ: ശ്രീമതി അന്നാമ്മ കഞ്ചാക്കോ ബി. എ ബി. എൽ. പ്രസംഗം: മിസിസ് ജേക്കബ് കള്ളിയത്തു് ബി. എ. ഓണേഴ്സ്., മിസ് ടി. സി. മേരി ലേഡിവില്ലോൻ, മിസിസ് ചിന്നമ്മ ജോൺ ബി. എ. 11-നു് പ്രതിനിധിസമ്മാകാര്യാലോചനായോഗം. ഉച്ചകഴിഞ്ഞു 4-നു് കത്തോലിക്കാ പ്രവർത്തനസമ്മേളനം. അദ്ധ്യക്ഷൻ: മാർ ഇവാനിയോസ് തിരുമേനി. പ്രസംഗം: റവ. ഫാ ജോസഫ് കോയിപ്പുറമ്പിൽ എസ്. ജെ., ശ്രീ ജോർജ്ജ് തോമസ് കൊട്ടുകാപ്പിള്ളി, ശ്രീ കെ. എ. പോൾ. 6-30-നു് വിഷയനിർണ്ണയക്കമ്മിററിയോഗം. 7-നു് സിനിമാപ്രദർശനം.

ഏപ്രിൽ 13-ാംനു- വ്യാഴം

രാവിലെ 6-30-നു് കൃതജ്ഞതാസ്തോത്രകർബാന. 8-നു് പ്രസംഗമത്സരം. 9 30-നു് പൗരാവകാശസമ്മേളനം. അദ്ധ്യക്ഷൻ: മേജർ ആൽബർട്ട് ഡി കോസ്റ്റ. പ്രസംഗം: ശ്രീ എൻ. വി. ജോസഫ് ബി. എ. ബി. എൽ., ശ്രീ ജേക്കബ് കുര്യൻ ബി. എ. ബി. എൽ., ശ്രീ ഹെൻട്രി ആസ്റ്റിൻ ബി. എ. ബി. എൽ. ഉച്ചകഴിഞ്ഞു 3-നു് ഉപസംഹാരസമ്മേളനം. അദ്ധ്യക്ഷൻ: ശ്രീ ഇ. പി. വറുഗീസ് എം. എ ബി. എൽ. സമ്മാനദാനം. പ്രമേയാവതരണം. ഉപസംഹാരപ്രസംഗം. കൃതജ്ഞതാപ്രകടനം: ശ്രീ ജോൺ എൽ. അക്കര ബി. എ. ബി. എൽ. പ. കർബാനയുടെ വാഴ്വു്.

## പ്രദർശനങ്ങൾ

### പ്രസിദ്ധീകരണപ്രദർശനം

ഒല്ലൂർ മീൻസെന്തിനറിൽവച്ച് നടത്തപ്പെടുന്ന പ്രസിദ്ധീകരണപ്രദർശനത്തെപ്പററി കൂടുതൽ വിവരങ്ങൾ താഴെ ചേർക്കുന്നു: ഇന്ത്യയിൽ പ്രസിദ്ധീകരിച്ചിട്ടുള്ള വിവിധഭാഷകളിലുള്ള പുസ്തകങ്ങളും, മാസികകളും, പത്രങ്ങളും വിവിധ സ്റ്റാളുകളിലായി പ്രദർശിപ്പിക്കപ്പെടുന്നതാണ്. പ്രസിദ്ധീകരിക്കാത്തതും വളരെ പുരാതനകാലത്തു എഴുതിയിട്ടുള്ളതുമായ കൈയെഴുത്തുഗ്രന്ഥങ്ങളും പ്രദർശിപ്പിക്കപ്പെടുന്നുണ്ടു്. പ്രദർശനാവശ്യത്തിലേക്ക അയച്ചുതരുന്ന ഇത്തരം വിലപിടിച്ച ഗ്രന്ഥങ്ങൾ ഏററവും ഭദ്രമായി കമ്മിററിയുടെ ഉത്തരവാദിത്വത്തിൽ സൂക്ഷിക്കുന്നതും യാതൊരുവിധത്തിലുള്ള കേടുപാടുകളും കൂടാതെ പ്രദർശനക്കമ്മിററിയുടെ ചെലവിൽ അതാതു ഉടമസ്ഥർക്ക മടക്കി അയച്ചുകൊടുക്കുന്നതുമാണു്. ആയതിനാൽ ഇത്തരം വിലപിടിച്ച ഗ്രന്ഥങ്ങൾ കൈവശമുള്ള മാഷ്രസ്നേഹികൾ യാതൊരു വൈമനസ്യവും വിഷമവും വിചാരിക്കാതെ പ്രസിദ്ധീകരണപ്രദർശനത്തിൻെറ വിജയപ്രാപ്തിക്കായി വേണ്ടതെല്ലാം ചെയ്യുമെന്നു വിശ്വസിക്കുന്നു.

### മിഷ്യൻപ്രദർശനം

മിഷ്യൻ പ്രവർത്തനങ്ങളിൽ കത്തോലിക്കർക്ക വിജ്ഞാനവും താല്പര്യവും വളർത്തുന്നതിനു ഉപകരിക്കത്തക്കവിധം പൊന്തിഫിക്കൽ മിഷ്യൻ സഹായസംഘങ്ങളുടെ ആഭിമുഖ്യത്തിൽ അഖിലകേരള കത്തോലിക്കാ കോൺഗ്രസിൻെറ 25 ാം വാർഷികസമ്മേളനത്തോടനുബന്ധിച്ചു് 1950 ഏപ്രിൽ 10, 11, 12, 13 എന്നി തിയതികളിൽ ഒല്ലൂർ മീൻസെന്തിനറിൽവച്ചു വിപുലമായ സജ്ജീകരണങ്ങളോടും പരിപാടികളോടുംകൂടി ഒരഖിലകേരള മിഷ്യൻ പ്രദർശനം നടത്തുന്നതാണു്. പ്രദർശനദിവസങ്ങളിൽ മിഷ്യൻപ്രവർത്തനപരമായ സിനിമാപ്രദർശനവും ഉണ്ടായിരിക്കുന്നതാണു്.

തിരുവസ്ത്രങ്ങൾ, ചെയിസുകൾ, കടലാസുകൊണ്ടും തുണികൊണ്ടുമുള്ള വിവിധ പണിത്തരങ്ങൾ പുഷ്പഫലമൂലാദികൾ, രൂപങ്ങൾ, പുസ്തകങ്ങൾ, കാസ്തുരൂപങ്ങൾ, കൊന്തകൾ തുടങ്ങിയ എല്ലാതരം സാധനങ്ങളും പ്രദർശനീയമായിരിക്കും. കേരളത്തിലെ കത്തോലിക്കർ ഏവരും പ്രത്യേകിച്ചു് കന്യാസ്ത്രീമഠങ്ങൾ, മിഷ്യൻകേന്ദ്രങ്ങൾ മുതലായ കത്തോലിക്കാസ്ഥാപനങ്ങളും ഈ സംരംഭത്തിൽ സഹകരിച്ചു് ഇതു വിജയത്തിലെത്തിക്കണമെന്നു അഭ്യർത്ഥിച്ചുകൊള്ളുന്നു. ഏററവും നല്ല പ്രദർശനവസ്തുക്കൾക്കു് സമ്മാനങ്ങളും, മററുള്ളവയ്ക്കു യോഗ്യതയനുസരണം പ്രശംസാപത്രങ്ങളും നൽകുന്നതാണു്.

വെരി റവ. ഡോക്ടർ പോൾ കാക്കശ്ശേരി, പി എച്ച് ഡി, ഡി ഡി
സ്വാഗതസംഘം പ്രസിഡണ്ടു്.
ടി. വി. ജോസഫ്, കൺവീനർ,
പ്രദർശനക്കമ്മിററി

## മാന്നാനത്തു ഗ്രീഷ്മകാല വിദ്യാലയം

മേയ 2 മുതൽ 9 വരെ
വിഷയം: പൗരധർമ്മം
വിവിധപണ്ഡിതന്മാരുടെ
18 പ്രസംഗങ്ങൾ (മലയാളത്തിൽ)

മാന്നാനം കൊവേന്തയുടെ പെ. ബ. പ്രിയോരച്ചൻ ചങ്ങനാശ്ശേരി രൂപതയുടെ ഏ. പെ. ബ. വികാർ കാപ്പിറുളർ 24—3—50 ൽ താഴെ വരുന്ന കല്പന അയച്ചുകൊടുത്തിരിക്കുന്നു.

"പെ. ബ. പ്രി. അച്ചാ, അഖില കേരള കത്തോലിക്കാ കോൺഗ്രസ് ഗ്രീഷ്മകാലവിദ്യാലയം അടുത്ത മേയ്മാസത്തിൽ മാന്നാനം സെൻറു് എഫ്രേം ഹൈസ്കൂളിൽവച്ചു് താങ്കളുടെ സംരക്ഷണത്തിൽ നടത്തുവാൻ പോകുന്നു എന്നു് അറിയുന്നതിൽ ഞാൻ അതിയായി സന്തോഷിക്കുന്നു. അതിനു് എൻെറ അംഗീകാരം നൽകുന്നതോടുകൂടിത്തന്നെ ഈ രൂപതയിലെ ഇടവകകളിൽനിന്നും സ്ഥാപനങ്ങളിൽ നിന്നും വിദ്യാർത്ഥികളെ അയച്ചുകൊണ്ടും, ധനസഹായം ചെയ്തുകൊണ്ടും ഗ്രീഷ്മകാലവിദ്യാലയം വിജയകരമാക്കണമെന്നു് ബ. വികാരിയച്ചന്മാരോടും സ്ഥാപനങ്ങളുടെ അദ്ധ്യക്ഷന്മാരോടും അഭ്യർത്ഥിക്കുകയും ചെയ്തുകൊള്ളുന്നു."

സകല വിജയങ്ങളും ആശംസിച്ചുകൊണ്ടും എൻെറ പ്രാർത്ഥന വാഗ്ദാനം ചെയ്തുകൊണ്ടും,

കർത്താവിൽ നിങ്ങളുടെ വിധേയൻ,
മോൺസിഞ്ഞോർ ജെ. കല്ലറയ്ക്കൽ,
വികാർ കാപ്പിറുളർ.

കേരളത്തിലെ മെത്രാന്മാർ മേലദ്ധ്യക്ഷന്മാർ 1950 മാർച്ച് 8-ാംനു- സമ്മേളിച്ചയവസരത്തിൽ ചെയ്ത നിശ്ചയം:

"വൈദികാനുമതിയോടുകൂടി നടത്തപ്പെടുന്ന ഗ്രീഷ്മകാലവിദ്യാലയങ്ങളിൽ ഓരോ ഇടവകയിൽ നിന്നും വിദ്യാഭ്യാസസ്ഥാപനത്തിൽനിന്നും, ഇടവകയുടെയോ സ്ഥാപനത്തിൻെറയോ പൂർണ്ണമോ ഭാഗികമോ ആയ ചെലവിൽ ഓരോരുത്തരെ (at least one candidate) യെങ്കിലും അയക്കുന്നതു് ഏററവും അഭിലഷണീയമായിരിക്കും."

## കൃതജ്ഞത

ബ. അൽഫോൻസാമ്മയുടെ സഹായത്താൽ എൻെറ ഭാര്യയുടെ സുഖപ്രസവത്തിനും, എനിക്ക കൂടക്കൂടെ ഉണ്ടായിരുന്ന തലവേദന മാറിയതിനും കൃതജ്ഞത.

P. C. JOHN

## മിഷൻ സമ്മേളനം

ഭരണങ്ങാനം കേന്ദ്രമാക്കി പ്രവർത്തനം നടത്തിവരുന്ന ചെറുപുഷ്പമിഷൻലീഗിൻെറ 52-ൽപ്പരം ശാഖകളുടെ ഏകോപിച്ചുള്ള സമ്മേളനം മേയ് 7-ാംനു- ആഘോഷിക്കുന്നതിനു വേണ്ട ഒരുക്കങ്ങൾ ധൃതിയിൽ നടന്നുവരുന്നു. യോഗത്തിൽ അഖിലഭാരതപ്രശസ്തി നേടിയ പലരും സംബന്ധിക്കുവാൻ ഇടയുണ്ടു്. പല മിഷനറിമെത്രാന്മാരുടെയും സന്ദേശങ്ങൾ ഇതിനകം ലഭിച്ചുകഴിഞ്ഞിരിക്കുന്നു.

സമ്മേളനത്തോടനുബന്ധിച്ചു് ഒരു ഉപന്യാസമത്സരം നടത്തി മെഡലുകൾ സമ്മാനം നൽകാൻ തീരുമാനിച്ചിട്ടുണ്ടു്. മത്സരത്തിൽ എല്ലാവർക്കും സംബന്ധിക്കത്തക്കവിധം "കേരളവും ഭാരതമിഷനും" എന്ന വിഷയവും, വിദ്യാർത്ഥിനിവിദ്യാർത്ഥികൾക്കായി "വിദ്യാലയങ്ങളിലെ മിഷൻപ്രവർത്തനം" എന്ന വിഷയവും നിശ്ചയിച്ചിരിക്കുന്നു. ഉപന്യാസങ്ങൾ അയക്കുവാൻ കഴിയുന്നത്ര ആളുകൾ ശ്രമിക്കുന്നതു നന്നായിരിക്കും.

## ദേവികുളത്തേക്കു

എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് വിശ്രമാർത്ഥം മാർച്ച് 29 ാം നു- ദേവികുളത്തേക്കു് എഴുന്നള്ളിയിരിക്കുന്നു.

## നിര്യാതനായി

മുട്ടത്തുപള്ളി വികാരിയായിരുന്ന റവ. ഫാ. ജോസഫ് കോയിക്കര 61-ാമത്തെ വയസ്സിൽ മാർച്ച് 31-ാംനു- എറണാകുളത്തുവച്ചു് നിര്യാതനായിരിക്കുന്നു. മൃതദേഹം സ്പെഷ്യൽ ബോട്ടുമാർഗ്ഗം അന്നുതന്നെ പരേതൻെറ സ്വദേശമായ പുത്തൻപള്ളിയിലേക്ക കൊണ്ടുപോയി. ശവസംസ്കാരകർമ്മം പിറേറദിവസം എറണാകുളം അതിരൂപതാവികാരിജനറാൾ മൊററ് റവ. മോൺ മാത്യു പോത്തനാമൂഴി പി എച്ച്. ഡി., ഡി ഡി. അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ നടത്തപ്പെട്ടു. റവ. ഡോക്ടർ തോമസ് മൂത്തേടൻ എം. എ. ഡി. ഡി. ചരമപ്രഭാഷണം നടത്തി.

പരേതൻ പുത്തൻപള്ളിയിലെ പുരാതനമായ കോയിക്കര കുടുംബത്തിൽ 1889-ൽ ജാതനായി. 1915-ൽ വൈദികപട്ടം സ്വീകരിച്ചു. അതിനുശേഷം കടമക്കുടി, ആലങ്ങാട്ട്, കൊററമത്തി, മലയാററൂർ, മുട്ടം തുടങ്ങിയ ഇടവകകളിൽ വികാരിയെന്നനിലയിൽ സ്തുത്യർഹമായി സേവനമനുഷ്ഠിക്കുകയുണ്ടായി. കൊററമത്തിപ്പള്ളി പുതുക്കിപ്പണിയുന്നതിലും മുട്ടത്തു് കുഷ്ഠരോഗാശുപത്രി സ്ഥാപിക്കുന്നതിലും ഇദ്ദേഹം കാര്യമായ പങ്കുവഹിച്ചിട്ടുണ്ടു്. പരേതൻെറ ആത്മാവിനു നിത്യശാന്തി നേർന്നുകൊള്ളുന്നു.

R. I. P.

## റോമിലേക്കു്

തൃശ്ശൂർ മെത്രാൻ മൊററ് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു് പി എച്ച്. ഡി., ഡി. ഡി. ഏപ്രിൽ 19-ാംനു- റോമിലേക്ക പുറപ്പെടുന്നതാണു്.

## കോട്ടയം മെത്രാൻ തിരുമേനി

കോട്ടയം മെത്രാൻ മാർ അലക്സാണ്ടർ ചൂളപ്പറമ്പിൽ തിരുമേനി വാതരോഗംമൂലം ശയ്യാവലംബിയായിരിക്കുന്നു. തിരുമേനി സുഖം പ്രാപിച്ചുവരുന്നതായിട്ടാണറിയുന്നതു്. വേഗത്തിൽ പൂർണ്ണസുഖം പ്രാപിക്കുന്നതിനായി സത്യദീപം വായനക്കാർ പ്രാർത്ഥിപ്പാറാകണം.

## പാവപ്പെട്ട ഇടവകയുടെ സഹായാർത്ഥം

ലോസ് ഏൻജൽസിലെ ഒരു ഇടവക, പള്ളിച്ചെലവിനു ആവശ്യമുള്ളതു കഴിച്ചു ബാക്കിവരുന്ന സംഖ്യ പാവപ്പെട്ട മറെറാരു ഇടവകയിലെ വിദ്യാഭ്യാസാവശ്യങ്ങൾക്കായി നല്കുവാൻ തീരുമാനിച്ചിരിക്കുന്നു.

## തി-കൊ. വാർത്തകൾ

തിരുവിതാംകൂർ സർവ്വകലാശാലാനിയമം ഭേദഗതിചെയ്യുന്നതിനുള്ള ബില്ലിൽ സർവ്വകലാശാലയുടെ പേരു് കേരള സർവ്വകലാശാല എന്നാക്കി മാററുന്നതിനും വിദ്യാഭ്യാസമന്ത്രിയെ പ്രൊ-ചാൻസലറാക്കുന്നതിനും വ്യവസ്ഥചെയ്തിരിക്കുന്നു.

—മേലാൽ അഞ്ചലാപ്പീസുകളിലിടുന്ന ഉരുപ്പടികൾക്കു് പോസ്റ്റു് സ്റ്റാമ്പു് ഒട്ടിച്ചാലും മതിയാകുന്നതാണു്. അത്തരം കത്തുകൾ സ്റ്റേററിൽ പോസ്റ്റാഫീസുകൾ മുഖേനയും വിതരണം ചെയ്യുന്നതാണു്. അഞ്ചൽ സ്റ്റാമ്പുകളും കവറുകളും കാർഡുകളും, സ്റ്റേററിനുള്ളിൽ വിതരണംചെയ്യാനുള്ളവയ്ക്കു മാത്രമേ ഉപയോഗിക്കാവൂ. സംസ്ഥാനത്തിനു വെളിയിലേക്ക പോകേണ്ട പോസ്റ്റൽ കത്തുകൾ നിരക്കനുസരിച്ചുള്ള സ്റ്റാമ്പൊട്ടിച്ചു് അഞ്ചലാപ്പീസുകളിൽ ഇട്ടാലും മതിയാകും.

—കുടിയിറക്കുനിരോധന ആക്ടു് അനുസരിച്ചു് കുടികിടപ്പുകാരായി പേർ രജിസ്റ്റർ ചെയ്യേണ്ടതിനു് അപേക്ഷ അയക്കുന്നതിനുള്ള അവധി മീനം 9-ാംനു-മുതൽ ഒരു മാസത്തേക്കുകൂടി നീട്ടിയിരിക്കുന്നു.

—കൈവശവസ്തുക്കളിൽനിന്നും കുടിയിറക്കുന്നതിനു സിവിൽ കോടതികളിലുള്ള ചില വിധിനടത്തുനടപടികൾ 1950 മാർച്ച് 25 മുതൽ ഒരു കൊല്ലത്തേക്ക നിറുത്തിവയ്ക്കുന്നതിനുള്ള ബില്ല് ഐക്യസംസ്ഥാന അസംബ്ലി പാസ്സാക്കിയിരിക്കുന്നു. കാണപ്പാട്ടവസ്തുക്കളെക്കൂടി ബില്ലിൻെറ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടു്.

## ഇൻഡ്യാവാർത്തകൾ

കേന്ദ്രഗവമ്മെൻറിൻെറ മുൻധനകാര്യമന്ത്രിയായിരുന്ന മി. ആർ. കെ. ഷൺമുഖംചെട്ടി പാർലിമെൻറു മെമ്പർസ്ഥാനം രാജിവച്ചിരിക്കുന്നു.

—ഏപ്രിൽ 1-ാംനു- മുതൽ ബോംബെയിൽ പരിപൂർണ്ണമദ്യനിരോധനം നടപ്പിലാക്കിയിരിക്കുന്നു.

—ഏപ്രിൽ 1 ാംനു- മുതൽ ഇൻഡ്യയിലെ സായുധസേനാവിഭാഗങ്ങളെല്ലാം ഏകീകരിക്കപ്പെട്ടിരിക്കുന്നു. തിരു-കൊച്ചി, മൈസൂർ, ഹൈദ്രബാദ് എന്നി നാട്ടുരാജ്യങ്ങളിലെ സ്റ്റേററ് ഫോഴ്സുകളുടെ പൂർണ്ണമായ നിയന്ത്രണം ഇൻഡ്യൻ ആർമി ഏറെറടുക്കുകയും ഇൻഡ്യൻ സേനയിലെ ഉദ്യോഗസ്ഥന്മാരെ അവയുടെ കമാൻഡിംഗ് ഓഫീസർമാരായി നിയമിക്കുകയും ചെയ്തിരിക്കുന്നു.

—പാക്കിസ്ഥാൻ പ്രധാനമന്ത്രി മി. ലിയാക്കത്ത് അലിഖാൻ ഏപ്രിൽ 2-ാംനു- ന്യൂഡൽഹിയിലെത്തി പ്രധാനമന്ത്രി പണ്ഡിററ് നെഹ്റുവുമായി കൂടിയാലോചന നടത്തിവരുന്നു. പൂർവ്വബംഗാൾ, പശ്ചിമബംഗാൾ, ആസാം എന്നിവിടങ്ങളിലെ സ്ഥിതിഗതികളും അവിടങ്ങളിലെ ന്യൂനപക്ഷങ്ങളുടെ അരക്ഷിതാവസ്ഥയുമാണു് പ്രധാന ചർച്ചാവിഷയമെന്നറിയുന്നു.

ചെറുകഥ

# പശ്ചാത്താപം

(പി ജെ മാത്യു, കടക്കച്ചിറ)

"തോമസേ! നീ ഇന്നു വേദപാഠത്തിനു പോയില്ലേ?" ഉച്ചക്കുർബാനയും, വേദപാഠവും കഴിഞ്ഞു് വീട്ടിലേക്കു മടങ്ങിയ ജോസഫ്, വഴിയരുകിൽ ചീട്ടുകളിയിൽ ഏർപ്പെട്ടുകൊണ്ടിരുന്ന തോമസിനോടു ചോദിച്ചു.

പുറകോട്ടു തിരിഞ്ഞുനോക്കിയ തോമസ് തന്റെ "കൈ" മറ്റൊരാളെ ഏല്പിച്ചിട്ടു് ജോസഫിനെ പിന്തുടന്നു. നട്ടുച്ചയ്ക്കു വൃക്ഷഛായയിൽ ഇരുന്നു ചീട്ടുകളിക്കുന്നതു് ആർക്കും രസകരമാണു്. പച്ചിലകളിൽ തട്ടിവരുന്ന മന്ദമാരുതൻ അതിനു മാറ്റുകൂട്ടുകയും ചെയ്യും. എങ്കിലും തോമസ് ജോസഫിനെ അനുഗമിച്ചു. അത്രയ്ക്കു ഹൃദയംഗമമായിരുന്നു അവരുടെ സ്നേഹം.

"തോമസ് എന്താണിപ്പോൾ വേദപാഠത്തിനു പോകാത്തതു്?" തന്റെ ആത്മസുഹൃത്തിന്റെ സ്വഭാവത്തിൽ അനുദിനം വന്നുകൊണ്ടിരുന്ന വ്യതിയാനത്തിൽ വ്യഥപൂണ്ട ജോസഫ് ചോദ്യം ഒന്നുകൂടി ആവർത്തിച്ചു.

"എനിക്കു മനസ്സില്ല." തോമസ് നിസ്സങ്കോചം മറുപടിപറഞ്ഞു.

"അതെന്താണു്?" ജിജ്ഞാസാഭരിതനായി ജോസഫ് ചോദിച്ചു.

"ആ കത്തനാരെന്നെ തല്ലാൻ...അങ്ങേരല്ലേ എനിക്കു ചോറുതരുന്നതു്." തോമസ് ഉദ്വേഗപൂർവ്വം മറുപടിപറഞ്ഞു.

"അതാണോ കാരണം? കുറ്റം ചെയ്താൽ ശിക്ഷിച്ചില്ലെങ്കിലാണു് അത്ഭുതം. തക്കതായ കാരണം കൂടാതെ ഫ്രാൻസിസച്ചൻ ഒരുത്തരേയും അടിക്കാറില്ല. എല്ലാവർക്കും അച്ചനെ എന്തുകാര്യമാണു്..."

"ശരിയാ. അങ്ങേരെ ഒന്നു കാണട്ടെ എന്നു പറഞ്ഞാണു് അപ്പച്ചൻ ഇരിക്കുന്നതു്." തോമസ് ഇടയ്ക്കുകയറിപറഞ്ഞു. സംഭാഷണം ഇത്രയുമായപ്പോൾ അവർ തോമസിന്റെ വീട്ടുപടിയ്ക്കൽ എത്തിക്കഴിഞ്ഞിരുന്നു. അതിനാൽ തോമസ് അവന്റെ വീട്ടിലേക്കു കയറിപ്പോയി.

അരമൈൽകൂടി നടക്കണം, ജോസഫിനു് അവന്റെ വീട്ടിലെത്താൻ. അവന്റെ മനസ്സ് ഭൂതകാലങ്ങളിലേക്കു് അതിവേഗം പറന്നുപോയി. ഒന്നാംക്ലാസു മുതൽ അവർ ഒന്നിച്ചു പഠിച്ചു; ഒരു ദിവസം സാർ ചോദിച്ച മതസംബന്ധമായ ചോദ്യങ്ങൾക്കു തോമസ് നൽകിയ ഹൃദ്യമായ മറുപടി; സൽസ്വഭാവത്തിനു വേദപാഠക്ലാസ്സിൽ ഒന്നാം സമ്മാനത്തിനു് അർഹനായതു്; തോമസിന്റെ ഗുണവതിയായ മാതാവിന്റെ മരണം; അതിൻശേഷം വിജാതീയസ്കൂളിലേക്കുള്ള തോമസിന്റെ മാറ്റം; വിഭിന്നസ്കൂളുകളിൽ അദ്ധ്യയനം നടത്തേണ്ടിവന്നതിൽ ഇരുവർക്കുമുണ്ടായ ഖേദം; ആ സ്കൂൾമാറ്റത്തോടുകൂടി തോമസിൽ വന്നുകൊണ്ടിരുന്ന വ്യതിയാനങ്ങൾ; തന്റെ മകന്റെ ശിക്ഷണത്തിൽ തോമസിന്റെ പിതാവിനുള്ള അനാസ്ഥ; അങ്ങനെ സംഭവപരമ്പരകൾ ഒന്നൊന്നായി ജോസഫിന്റെ മനോമുകുരത്തിൽക്കൂടി കടന്നുപോയി.

വർഷങ്ങൾ പിന്നിലാക്കിക്കൊണ്ടു് കാലം മുന്നോട്ടുപോയി. വേനലും വർഷവും വസന്തവും വന്നും പോയും നിന്നു. തോമസ് ഇന്നു് ഒരു പുതിയ വ്യവസ്ഥിതിക്കുവേണ്ടി, വിപ്ലവകരമായ മാർഗ്ഗങ്ങളിൽക്കൂടി പരിശ്രമിക്കുന്നവരുടെ പിണിയാളായി പ്രവർത്തിക്കുകയാണു്. ഹൈസ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നതിനു മുമ്പുതന്നെ ഇസങ്ങൾ അയാളെ ആകർഷിച്ചുകഴിഞ്ഞു. ഇങ്ങനെ വിപ്ലവാസക്തി തോമസിനെ സഖാക്കളുടെ ചേരിയിലേക്കു് ആകർഷിച്ചു. അതെ, നിലവിലിരിക്കുന്ന വ്യവസ്ഥിതിയെ തട്ടിയുടച്ചു് സമത്വസുന്ദരമായ ഒരു ഭാവി സൃഷ്ടിക്കുന്നതിനുവേണ്ടി അയാൾ ആത്മാർത്ഥമായി പരിശ്രമിച്ചു. രാവും പകലും ഇളവില്ലാതെ തോമസ് പുതിയ വ്യവസ്ഥിതിക്കുവേണ്ടി പ്രയത്നിച്ചു. പ്രവൃത്തിസന്നദ്ധതയും, പ്രസംഗപാടവവും സഖാക്കളുടെയിടയിൽ ഒരു നേതൃസ്ഥാനംതന്നെ അയാൾക്കു നേടിക്കൊടുത്തു.

അന്നു് പള്ളിവക സ്കൂളിൽ ഒരു മീറ്റിംഗ് കൂടിയിരിക്കുകയാണു്. സെൻറു് വിൻസെൻറ് ഡി പോൾ സംഘത്തിന്റെ ശാഖോദ്ഘാടനം ആയിടവകയിൽ അന്നാണു നടക്കുന്നതു്. പഴയ ഫ്രാൻസിസച്ചൻതന്നെയാണു് ഉദ്ഘാടകൻ. ആ യോഗത്തിൽവച്ചു് ജോസഫിനെ സംഘത്തിന്റെ പ്രസിഡണ്ടായി എതിരില്ലാതെ തിരഞ്ഞെടുത്തു.

വിഭിന്നസംഘടനകളുടെ കീഴിൽ, വിഭിന്നമാർഗ്ഗങ്ങളിൽക്കൂടി പ്രവർത്തിക്കുന്നവരാണു് ഇന്നു ജോസഫും, തോമസും. ഒരാൾ വിപ്ലവപരമായ മാർഗ്ഗങ്ങളിൽക്കൂടി സമത്വസുന്ദരമായ ഒരു ഭാവിയെ ദർശിക്കുമ്പോൾ അപരൻ, "ഈ ചെറിയവർക്കുവേണ്ടി നിങ്ങൾ ചെയ്യുമ്പോഴൊക്കെയും എനിക്കുവേണ്ടി ചെയ്യുന്നു" എന്നുള്ള സ്വർഗ്ഗീയനാഥന്റെ തിരുമൊഴികളെ അനുസ്മരിച്ചുകൊണ്ടു് സമാധാനത്തിന്റെ മാർഗ്ഗത്തിൽക്കൂടി ദുഃഖിതരെ ആശ്വസിപ്പിക്കുന്നു.

ആ ഇടവകയിൽ പല സംഘടനകൾ മുളയ്ക്കുകയും, വളരാതെ മുരടിക്കുകയും ചെയ്തിട്ടുണ്ടു്. എങ്കിലും വിൻസെൻറു് ഡി പോൾ സഖ്യത്തിനു് അസൂയാവഹമായ ഒരു വളർച്ചയാണു് അവിടെ അനുഭവപ്പെട്ടതു്. ജോസഫിന്റെ നേതൃത്വത്തിൽ ആ സംഘടന പണക്കാരുടെയും, പട്ടിണിക്കാരുടെയും സഹകരണത്തോടെ ഉയർന്നുവന്നു. വിശന്നു വലയുന്ന പട്ടിണിപ്പാവങ്ങൾ, വൈദ്യസഹായം ലഭിക്കാത്ത രോഗികൾ, ഉടുതുണിപോലും ഇല്ലാത്ത നിർദ്ധനർ, മേയാത്ത വീടുകൾ എന്നുവേണ്ടാ അവശത അനുഭവിക്കുന്നവരായി ആ ഇടവകയിൽ ആരുമില്ലെന്നായി. ഇസങ്ങൾക്കു് ആ ഇടവകയിൽ ഉണ്ടായിരുന്ന പ്രാബല്യമോ നശിച്ചു. വിൻസെൻറ് ഡി പോൾ പുണ്യവാനെപ്പോലെ സാധുക്കളുടെയിടയിൽ പ്രവർത്തിക്കുവാനുള്ള സന്മനസ്സും തന്റേടവുമുള്ള യുവജനങ്ങൾ അവിടെ ധാരാളം ഉണ്ടായി. അവർ സാധുക്കളെയും ധനവാന്മാരെയും മനുഷ്യരായി—ദൈവത്തിന്റെ സൃഷ്ടികളായി—എണ്ണി. സാധുക്കളെ പോററുവാനുള്ള കടമ ധനവാന്മാർക്കാണു് എന്നുള്ള ബോധം അവരിൽ ഉണ്ടാക്കി.

ഓരോ ഇടവകയിലും, അല്ലാ ഓരോ പ്രദേശങ്ങളിലും "തന്നെത്താൻ സ്നേഹിക്കുന്നതുപോലെ മറ്റെല്ലാവരെയും സ്നേഹിക്കുന്ന" യുവാക്കൾ ധാരാളമായി പ്രവർത്തിച്ചിരുന്നെങ്കിൽ!! വർദ്ധിച്ചുവരുന്ന ഇസങ്ങളുടെ ശക്തിയെ തടയുവാൻ ധനവാന്മാർ വിൻസെൻറ് ഡി പോൾ സംഘങ്ങളെ സഹായിച്ചിരുന്നെങ്കിൽ!! സാധുക്കൾക്കുവേണ്ടി യാചിക്കുന്നതും അവർക്കുവേണ്ടി പ്രവർത്തിക്കുന്നതും കുറച്ചിലായി കരുതുന്നവർ വിൻസെൻറ് ഡി പോൾ, ഫ്രാൻസീസ് സേവ്യർ, ഡോൺബോസ്കോ തുടങ്ങിയ പുണ്യപുരുഷന്മാരെ അനുകരിക്കട്ടെ.

അന്ധകാരം നിറഞ്ഞ ഒരു രാത്രി. പന്തങ്ങളും ആയുധങ്ങളും വഹിച്ചുകൊണ്ടുള്ള ഒരു ഘോഷയാത്ര സഖാക്കളുടെ പിന്തുണയോടുകൂടി തോമസ് മുന്നോട്ടു നയിക്കുകയാണു്. വാനത്തിൽ അങ്ങിങ്ങായി നിന്നു കൊച്ചുതാരങ്ങൾ ഭയചകിതങ്ങളായി അവരെ സൂക്ഷിച്ചുനോക്കി. മുദ്രാവാക്യങ്ങളുടെ മുഴക്കവും, നേതാക്കന്മാരുടെ ആഹ്വാനവും അവരെ ഏതാക്രമണത്തിനും തയാറാക്കി. ഏതോ ഒരപകടത്തിന്റെ മുന്നറിയിപ്പുപോലെ കാർമേഘങ്ങൾ അംബരത്തിൽ തടിച്ചുകൂടി. മിന്നലുകൾ മേഘപ്പരപ്പിൽക്കൂടി നാലുപാടും പാഞ്ഞു.

പെട്ടെന്നു് ഒരു പോലീസ്മാൻ അവരുടെ മുമ്പിൽ വന്നുനിന്നു. ഘോഷയാത്ര പിരിഞ്ഞുപോകുവാൻ അവർ ആജ്ഞാപിച്ചു. അക്രമപ്രസക്തരായ ആ കൊച്ചു സംഘം ചീറിക്കൊണ്ടു് മുന്നോട്ടാഞ്ഞു. അസംഖ്യം കരിങ്കൽച്ചീളുകൾ വാനിൽ പതിച്ചു. ആസിഡ് ബൾബുകളും, കൈബോംബുകളും പോലീസിന്റെ മേൽ അവർ പ്രയോഗിച്ചു. ഗത്യന്തരമില്ലാതെ വന്നപ്പോൾ ആ സമാധാനപാലകസംഘം നിറയൊഴിച്ചു. ചിലർ വെടിയേററു് നിലംപതിച്ചു. മററുള്ളവർ നാലുപാടും ഓടി. അങ്ങനെ പാവങ്ങളെ തോക്കിന്റെ മുമ്പിൽ ഹോമിക്കുവാൻ പുറപ്പെട്ട ആ ഘോഷയാത്ര രക്തപ്രളയത്തിൽ അവസാനിച്ചു.

സമയം ഇനിയും പ്രഭാതമായിട്ടില്ല. ജോസഫ് പതിവുപോലെ പള്ളിയിലേക്കു് പോകുകയാണു്. അതാ രക്തം ഒലിക്കുന്ന ഒരു ശരീരം വഴിയരുകിൽ കിടക്കുന്നു. ജോസഫ് അടുത്തെത്തി. ആ മങ്ങിയ വെളിച്ചത്തിൽ ബോധശൂന്യനായി കിടക്കുന്ന തന്റെ പൂർവ്വസുഹൃത്തിന്റെ മുഖം അയാൾ തിരിച്ചറിഞ്ഞു. അപകടകരമായ ഒരു മുറിവു് ആ ശിരസ്സിൽ ഏററിരുന്നു. പ്രഥമശുശ്രൂഷകളും, തോമസിനെ ആശുപത്രിയിലേക്കു് മാററുവാനുള്ള ഏർപ്പാടുകളും ചെയ്തശേഷം ജോസഫ് ദേവാലയത്തിലേക്കു പോയി.

തന്റെ ആത്മസുഹൃത്തിന്റെ അപകടനില മനസ്സിലാക്കിയിരുന്ന ജോസഫ് ഫ്രാൻസിസച്ചനോടുകൂടി ആശുപത്രിയിൽ വന്നു. ആശുപത്രിയിലെ വിശാലമായ മുറികളിലൊന്നിൽ നിരനിരയായി കിടത്തപ്പെട്ടിരുന്ന രോഗികളുടെയിടയിൽ തോമസിനേയും കിടത്തിയിരുന്നു. ഡോക്ടർ വന്നു് മുറിവു് കഴുകി വച്ചുകെട്ടിയശേഷം വേണ്ട നിർദ്ദേശങ്ങളും കൊടുത്തു യാത്രയായി.

"അച്ചാ! എന്നോടു ക്ഷമിച്ചാലും!" തോമസ് പഴയകഥകൾ ഓരോന്നോരോന്നായി സ്മരിക്കുകയാണു്. ആ കണ്ണുകളിൽനിന്നു് അനുതാപത്തിന്റെ അശ്രുക്കൾ ധാരധാരയായി ഒഴുകി. പന്ത്രണ്ടിൽപ്പരം വത്സരങ്ങളായി സഭയുടെ മനോജ്ഞമായ മടിത്തടത്തിൽനിന്നും പുറപ്പെട്ടു്, കമ്മ്യൂണിസത്തിന്റെ കരാളഹസ്തങ്ങളിൽ നിപതിച്ച ഒരു ധൂർത്തപുത്രന്റെ ഹൃദയാന്തരാളത്തിൽനിന്നും പുറപ്പെട്ട പശ്ചാത്താപത്തിന്റെ കണ്ണീർകണങ്ങളാണു് അവ. അയാൾ തുടർന്നു:

"അച്ചാ! ഗുണവതിയായ എന്റെ അമ്മയുടെ മരണാനന്തരമാണു് എന്റെ ഈ അപഥസഞ്ചാരം തുടങ്ങിയതു്. അപ്പച്ചൻ എന്റെ തോന്ന്യാസങ്ങൾക്കു് വളംവച്ചുതന്നു. വിജാതീയരുടെ സ്കൂളിൽ എന്റെ അദ്ധ്യയനം തുടങ്ങിയതോടെ പള്ളിയിൽ പോക്കും പ്രാർത്ഥനാദികളുംകൂടി എന്റെ ദൈനംദിനജീവിതത്തിൽ തീരെ ഇല്ലാതായി. അച്ചാ! ഞാൻ അനുസ്മരിക്കുന്നു വേദപാഠക്ലാസിൽ വച്ചു് ഗൗരവതരമായ ഒരു കുററത്തിനു് അച്ചൻ എന്നെ ശിക്ഷിച്ചതും, അപ്പച്ചന്റെ നിർദ്ദേശപ്രകാരം പിന്നീടു ഞാൻ വേദപാഠത്തിനു വരാതിരുന്നതും. അധികകാലം കഴിഞ്ഞില്ല, അപ്പച്ചനും എന്നെ വിട്ടുപിരിഞ്ഞു. ആയിടെ ചില കമ്മ്യൂണിസ്റ്റ് സഖാക്കളുടെ പ്രേരണയ്ക്കു ഞാൻ വശംവദനായി. കമ്മ്യൂണിസ്റ്റ് തത്വങ്ങളാൽ ഞാൻ ആകൃഷ്ടനുമായി. തൊഴിലാളിയുടെ രക്ഷ—പാവങ്ങളുടെ ഉയർച്ച— അതിലാണെന്നു് ഞാൻ ആത്മാർത്ഥമായി വിശ്വസിച്ചു. മുതലാളിത്തത്തെ നശിപ്പിച്ചു് സമത്വസുന്ദരമായ ഒരു തൊഴിലാളിരാഷ്ട്രം കെട്ടിപ്പടുക്കുവാൻ ഹൃദയപൂർവ്വം ഞാൻ യത്നിച്ചു. അതിന്റെ ഫലമാണിവയെല്ലാം. ഞാൻ സഞ്ചരിച്ചിരുന്നതു് ഒരു മൂഢസ്വർഗ്ഗത്തിലാണെന്നു് എന്റെ അച്ചാ! എനിക്കിപ്പോൾ ബോദ്ധ്യപ്പെട്ടു. എന്റെ കമ്മ്യൂണിസ്റ്റ് സഖാക്കളാരും ഇപ്പോൾ എന്റെ സമീപത്തില്ല. എന്റെ പണമെല്ലാം അവർ നശിപ്പിച്ചു. മദ്യപാനത്തിലും അസന്മാർഗ്ഗത്തിലും ചരിച്ചു് എന്റെ ആത്മാവിനെ പണയപ്പെടുത്തി. അച്ചോ! ഇനി ഞാൻ എന്താണു ചെയ്യേണ്ടതു്?........" ഗദ്ഗദം അയാളുടെ വാക്കുകളെ തടഞ്ഞുനിർത്തി.

"മകനേ കരയാതിരിക്കൂ. യഥാർത്ഥമായി അനുതപിക്കുന്ന ഒരു പാപിക്കു്, പാപികളെ ഉദ്ധരിക്കുവാനായി അവതരിച്ച രക്ഷകൻ ഏതവസരത്തിലാണു് മാപ്പുകൊടുക്കാതിരിക്കുക?" ലോകത്തിൽ മിശിഹായുടെ സ്ഥാനിയായ ആ വൈദികൻ സന്ത്വനോക്തികളാൽ അയാളെ സമാശ്വസിപ്പിച്ചു.

"അച്ചാ! പന്ത്രണ്ടിൽപ്പരം വർഷങ്ങളായുള്ള എന്റെ ഭയങ്കരപാപങ്ങളെ ഞാൻ അങ്ങയുടെ മുമ്പിൽ ഒന്നിറക്കിവയ്ക്കുവാൻ അങ്ങു് അനുവദിച്ചാലും." ഒരു മുഴുവൻ കുമ്പസാരത്തിനു് അയാൾ തയാറായി. ജോസഫും കൂട്ടരും മാറിനിന്നു. അയാൾ ദീർഘമായ ഒരു കുമ്പസാരം കഴിച്ചു.

"അച്ചാ, കമ്മ്യൂണിസവുമായുള്ള സകല ബന്ധങ്ങളും ഞാൻ ഉപേക്ഷിച്ചിരിക്കുന്നു. ജോസഫിനെപ്പോലെയുള്ള വിൻസെൻറു് ഡി പോൾ പ്രവർത്തകരെയാണു് ഇന്നത്തെ ലോകത്തിനു് ആവശ്യമെന്നു ഞാൻ മനസ്സിലാക്കുന്നു. ഇനി ഞാൻ സമാധാനത്തോടെ മരിച്ചുകൊള്ളാം. എനിക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിച്ചാലും." അനുതാപത്താൽ സംശുദ്ധനാക്കപ്പെട്ട അയാളുടെ മുഖത്തു് ഒരു സ്വർഗ്ഗീയപ്രഭ വീശി. ആസന്നമരണനായ അയാൾക്കു് ഫാദർ ഫ്രാൻസിസ് അന്ത്യലേപനം നൽകി. ജോസഫും സഹപ്രവർത്തകരും അയാളുടെ ആത്മാവിനു് നിത്യശാന്തിയെ പ്രദാനം ചെയ്യുവാൻ ജഗൽപിതാവിനോടു പ്രാർത്ഥിച്ചു.


## സെൻറ് മേരീസ് ബോർഡിങ്ങ്

### ആലുവാ

സെൻറ് മേരീസ് ഹൈസ്കൂളിനോടനുബന്ധിച്ചു് നടത്തിയിരുന്ന ബോർഡിങ്ങ് അടുത്ത സ്കൂൾ വർഷത്തോടുകൂടി വീണ്ടും ആരംഭിക്കുന്നതാണു്. ചേരാൻ ഉദ്ദേശിക്കുന്നവർ താഴെ നിർദ്ദേശിക്കുന്ന വിവരങ്ങൾ സഹിതം ഏപ്രിൽ മാസാവസാനത്തോടുകൂടിയെങ്കിലും അപേക്ഷിക്കേണ്ടതാണു്,

1) സ്വദേശം 2) പഠിച്ചിരുന്ന സ്കൂൾ 3) ചേരാൻ ഉദ്ദേശിക്കുന്ന ക്ലാസ്. 4) ഹെഡ്മാസ്റ്ററുടെ കോൻഡക്റ്റ് സർട്ടിഫിക്കേററ്.

എന്നു

7—3—1950 മാനേജർ



## ഡെപ്പോസിററുകൾ സ്വീകരിക്കുന്നു

— പലിശനിരക്കുകൾ —

| | | | |
|---|---|---|---|
| കറൻറ് | ... | ... | 1½ % |
| സേവിങ്ങ്സ് | ... | ... | 3 % |
| സ്ഥിരനിക്ഷേപങ്ങൾ | | ... | 4 % |
| 12 മാസം | ... | ... | 4½ % |
| 24 മാസം | ... | ... | 5 % |
| 15 ദിവസത്തെ നോട്ടീസോടുകൂടി വാങ്ങുന്നവ | | | 4 % |
| 7 ” | | ” | 2½ % |

## ഫെഡറൽ ബാങ്ക്, ക്ലിപ്തം

H. O. ആലുവാ

ബ്രാഞ്ചുകൾ:— അങ്കമാലി, എറണാകുളം, പെരുമ്പാവൂർ

പ്രഭാഷണം

# മദ്യപാനം

"ഞാൻ നിങ്ങളോടു കല്പിച്ചിട്ടുള്ളതെല്ലാം ആചരിക്കുവാൻ അവരെ പഠിപ്പിക്കുവിൻ." (മത്താ. XXVIII—20)

വളർന്നുവരുന്ന തലമുറ മതപരമായ കാര്യങ്ങളിൽ വൈമുഖ്യവും വിപ്രതിപത്തിയും പ്രകടിപ്പിക്കുന്നുവെന്നും നിയന്ത്രണാതീതമായ സ്വൈരജോത്സാസക്തിയിലാണു് അവർ ആകൃഷ്ടരായിരിക്കുന്നതെന്നും വിലപിക്കുന്ന കാരണവന്മാരെ ധാരാളം കണ്ടുമുട്ടാറുണ്ടു്. ഇതിൽ കുറെയൊക്കെ വാസ്തവമുണ്ടുതാനും. നിരീശ്വരത്വം, കമ്മ്യൂണിസം തുടങ്ങിയ ഭൗതികസിദ്ധാന്തപ്രവാഹത്തിൽ അടിതെററി അധഃപതിച്ചുപോകുന്നവരും നിരവധിയുണ്ടു്. എന്നാൽ, എന്താണു് ഈ വിപ്രതിപത്തിക്കും ഭൗതികത്വത്തിനും കാരണമെന്നു ആലോചിച്ചു നോക്കുമ്പോൾ, വളർന്നുവരുന്ന തലമുറയുടെ മതകാര്യങ്ങളിലുള്ള അജ്ഞതയാണു് ഇതിന്റെയെല്ലാം അടിയിലുള്ളതെന്നു പ്രസ്പഷ്ടമാകുന്നതാണു്. മതമെന്താണെന്നു അവർ പഠിച്ചറിഞ്ഞിട്ടില്ല; കത്തോലിക്കാമതസിദ്ധാന്തങ്ങളും അവയുടെ അർത്ഥവ്യാപ്തിയും ന്യായയുക്തതയും അവർ ഗ്രഹിച്ചിട്ടില്ല; ആ സിദ്ധാന്തങ്ങൾ സ്വജീവിതത്തിലേക്കു പകർത്തേണ്ടതെങ്ങനെയാണെന്നു അവർ മനസ്സിലാക്കിയിട്ടില്ല. മററു വിധത്തിൽ പറഞ്ഞാൽ, അവർ ചെറുപ്പം മുതൽക്കുതന്നെ വേദോപദേശം ശരിയായി പഠിച്ചിട്ടില്ല. ഇങ്ങനെയുള്ളവർക്കു, ക്രിസ്തു ആരു്? കർബാന എന്തു്? തിരുസ്സഭ എന്തു്? മാർപ്പാപ്പാ ആരു്? —എന്നുള്ളവയെപ്പററി ശരിയായ ജ്ഞാനമില്ല. നമ്മുടെ യുവജനങ്ങളിൽ നടമാടിക്കൊണ്ടിരിക്കുന്ന മതപരമായ ഈ വലിയ അജ്ഞതയെപ്പററി കുടുംബകാരണവന്മാർ മനസ്സിലാക്കി പ്രവർത്തിക്കാത്തതാണു് ശോചനീയമായിരിക്കുന്നതു്. മാതാപിതാക്കന്മാരാണു് ഇക്കാര്യത്തിൽ മുന്നിട്ടുപ്രവർത്തിക്കേണ്ടതു്. കാരണം കുടുംബമാണു് പ്രഥമവും പ്രധാനവുമായ മതാഭ്യസനക്കളരി. ഏതദ്വിഷയകമായി ഗുഡ്യർ മെത്രാപ്പോലീത്താ ഇപ്രകാരം പറയുന്നു: "മതം ഹൃദിസ്ഥമാക്കേണ്ട ശാസ്ത്രങ്ങളിലൊന്നല്ല; അതു് ജീവിതമാകുന്നു. സ്കൂളിലെ പാഠ്യവിഷയത്തിൽ ചേർത്തിരിക്കുന്ന വിഷയങ്ങളിലൊന്നല്ല അതു്; പ്രത്യുത, കുട്ടിയുടെ മാനസത്തിന്റെയും [illegible] ഒരു ഭാഗംതന്നെയാകുന്നു. കുട്ടി പള്ളിയിലോ സ്കൂളിലോ വരുന്നതു മതം ലഭിപ്പാനല്ല; കുട്ടിക്കു മതം മുമ്പേ ഉണ്ടായിരിക്കുന്നു, അഥവാ ഉണ്ടാകേണ്ടിയിരിക്കുന്നു. സ്കൂളിലോ പള്ളിയിലോ മതത്തെപ്പററി കൂടുതൽ പഠിക്കുക മാത്രമേ ചെയ്യുന്നുള്ളു. മററു വാക്കായിപ്പറഞ്ഞാൽ മതപഠനത്തിനുള്ള പ്രഥമവും പ്രധാനവുമായ സ്ഥലം സ്കൂളോ, പള്ളിപോലുമോ അല്ല; അതു് കുടുംബമാകുന്നു... ......ആകയാൽ വേദാഭ്യസനത്തിന്റെ കാര്യത്തിൽ സർവ്വപ്രധാനമായിട്ടുള്ളതു് മാതാപിതാക്കന്മാരുടെ ചുമതലാബോധവും ശുഷ്കാന്തിയുമാണെന്നാണു് എന്റെ അഭിപ്രായം. നല്ല കത്തോലിക്കാഭവനങ്ങൾ നമുക്കുണ്ടാകണം. സ്കൂളുകൾക്കുവേണ്ടിയുള്ള നമ്മുടെ സമരത്തിന്റെ ഫലമായി കൈവന്നിട്ടുള്ള നന്മകളുടെ കൂട്ടത്തിൽ ഒരു തിന്മകൂടി വന്നുവശായിട്ടുണ്ടു്; ഇന്നു് പല മാതാപിതാക്കന്മാരും വിചാരിക്കുന്നതു് കുട്ടികളുടെ മതാഭ്യസനത്തിൽ തങ്ങൾ പങ്കെടുത്തിട്ടാവശ്യമില്ലെന്നും അതു മററുള്ളവർ അനുഷ്ഠിച്ചുകൊള്ളുമെന്നുമാണു്." 1935-ൽ സുനഹദോസു് തിരുസംഘം ഇങ്ങനെ വിലപിക്കയുണ്ടായി: "വേദപഠനം വേണ്ടവിധം നടത്തുന്നതിനുള്ള വിഘ്നങ്ങളിൽ പ്രധാനമായിട്ടുള്ളതു മാതാപിതാക്കന്മാരുടെ പരിതാപകരമായ അശ്രദ്ധയാണു്......കുട്ടികളുടെ മതപഠനകാര്യത്തിൽ മാതാപിതാക്കന്മാർതന്നെ അശ്രദ്ധരോ പ്രതികൂലികളോ ആയിത്തീർന്നാൽ പിന്നെ അക്കാര്യത്തിൽ ചെയ്വാൻ ശക്യമായിട്ടു വല്ലതുമുണ്ടോ?"

മതപഠനം ആർക്കും വേണ്ടാത്ത ഒരു സാധനമാണെന്നോ പ്രയോജനരഹിതമായ ഒരു വസ്തുവാണെന്നോ ഉള്ള ധാരണയാണു കുട്ടികളുടെ മനസ്സിൽ കുത്തിവയ്ക്കപ്പെടുന്നതു്. മതത്തേയും തദ്വാരാ സന്മാർഗ്ഗത്തേയും വിദ്യാലയങ്ങളിൽനിന്നു് ബഹിഷ്കരിക്കുന്നതിനു് നമ്മുടെ ഗവമ്മെൻറുകൾ നിർബ്ബന്ധമായും പടിപടിയായും ചെയ്തുകൊണ്ടുവരുന്ന പരിശ്രമങ്ങളുടെ ഫലമായി സ്കൂൾസമയത്തു മതപഠനം പാടില്ലെന്നു മുടക്കിയിരിക്കുന്നു. എന്തു സംഭവിക്കുന്നു? അഞ്ചാറുമണിക്കൂറുകൾ മററുവിഷയങ്ങളെല്ലാം പഠിച്ചു ശേഷം അദ്ധ്യാപകനും അദ്ധ്യേതാക്കളും ക്ഷീണിച്ചിരിക്കുന്ന അവസരത്തിലാണു് വേദപഠനം നടക്കുന്നതു്. സ്കൂൾ വിട്ടശേഷം അകത്തോലിക്കാക്കുട്ടികളെല്ലാം ഉല്ലാസം വീട്ടിലേക്കു ഓടിപ്പോകയോ പന്തുകളിക്കയോ ചെയ്യുമ്പോൾ തങ്ങൾമാത്രം അവിടെ ഇനിയും പിടിച്ചിരുത്തപ്പെട്ടിരിക്കുന്നതു കാണുമ്പോൾ കുട്ടികളുടെ ഉന്മേഷം നശിക്കുന്നു. വികാരിയച്ചനെ പ്രതിമാത്രം അവർ അവിടെയിരിക്കുന്നു. എന്നാൽ ഈ ഗവമ്മെൻറുനയത്തിന്റെ ദുഷ്ഫലങ്ങളെ നിർമ്മാർജ്ജനം ചെയ്യുവാൻ മാതാപിതാക്കന്മാരുടെ വിശ്വാസചൈതന്യം കുട്ടികളിലേക്കു പ്രസരിക്കണം. എത്ര ബുദ്ധിമുട്ടിയാലും മതകാര്യങ്ങൾ പഠിച്ചിരിക്കണമെന്നുള്ള ഒരു [illegible] അവരിൽ രൂഢമൂലമാകണം. എന്നാൽ ഇതിനു പ്രതികൂലമായ ഒരു മനസ്ഥിതിയല്ലേ പല കാരണവന്മാർ പ്രദർശിപ്പിക്കുന്നതു്? "എടാ ജോണി, നീ ഇന്നു് വേദപാഠത്തിനു നില്ക്കണ്ട. സ്കൂൾ വിട്ടാൽ ഉടനെ വരണം. ഇവിടെ അല്പം ജോലിയുണ്ടു്. ചന്തയ്ക്കു പോകണം; കന്നുകാലികളെ തീററാനുണ്ടു്." ഇംഗ്ലീഷു കണക്കും മലയാളവും പഠിക്കുന്ന സമയം നഷ്ടപ്പെടുത്താൻ കാരണവന്മാർ ഒരിക്കലും അനുവദിക്കയില്ല. എന്നാൽ വേദോപദേശക്ലാസ്സു് ഉപേക്ഷിക്കുവാൻ ഒരു വിരോധവുമില്ല. സ്കൂൾഫീസും ബോർഡിങ്ങ്ഫീസും വിവിധവിഷയങ്ങൾക്കുള്ള പുസ്തകങ്ങൾ വാങ്ങാനുള്ള പണവും മാതാപിതാക്കന്മാർ എത്ര ക്ലേശിച്ചാലും, പറമ്പു് പണയമെഴുതേണ്ടി വന്നാലും, വല്ലവിധേനയും മക്കൾക്കു ഉണ്ടാക്കിക്കൊടുക്കാതിരിക്കയില്ല. എന്നാൽ ഒന്നോ രണ്ടോ വേദോപദേശപുസ്തകങ്ങൾ വാങ്ങുവാനുള്ള പണം ചോദിച്ചാൽ ഒരിക്കലും ലഭിക്കയില്ല; നൂറായിരം ഇല്ലാപ്പല്ലവികൾ ഉടനെ ജന്മമെടുക്കും; ചിലപ്പോൾ ശകാരവും. ഞായറാഴ്ചയിലെ വേദപാഠനത്തിന്റെ സമയത്തായിരിക്കും പെണ്ണുങ്ങളെ കൊണ്ടുവരുവാനും അമ്മായിയുടെ വീട്ടിൽ പോകുവാനും പശുവിനു പുല്ലു് ശേഖരിക്കുവാനും മററു കുട്ടികളെ നിയോഗിച്ചയക്കുന്നതു്. എന്നാൽ സ്കൂൾപഠനമുള്ള ദിവസമാണെങ്കിൽ ഇങ്ങനെയുള്ള കാര്യങ്ങൾക്കായി അതൊരിക്കലും നഷ്ടപ്പെടുത്തുകയില്ല. മററു വിഷയങ്ങൾ ആഴ്ചയിൽ അഞ്ചു ദിവസം മുഴുവനും പഠിക്കുമ്പോൾ വേദോപദേശം ആഴ്ചയിൽ രണ്ടോ മൂന്നോ മണിക്കൂറുകൾ മാത്രമേയുള്ളു എന്നു് പ്രത്യേകം സ്മരിക്കേണ്ടതാണു്. അതാണു് ഇപ്രകാരം നഷ്ടപ്പെട്ടുപോകുന്നതു്. നിസ്സാരകാരണം മതി വേദപാഠനം മുടക്കുവാൻ—ഒരു മഴ, നിസ്സാരമായ ഒരു പനി. എന്നാൽ എത്ര വലിയ മഴയും വെയിലുമുണ്ടായാലും, ഒരുവിധം സഹിക്കാവുന്ന സുഖക്കേടുകൾ ഉണ്ടായാലും സ്കൂൾപഠനം അവർ മുടക്കുകയില്ല. ലൗകികവിദ്യാഭ്യാസത്തിനു വേണ്ടി മകനു സ്കൂളിൽ സ്ഥലം കിട്ടുവാനും താമസസൗകര്യങ്ങൾ ഏർപ്പാടുചെയ്യുന്നതിനുവേണ്ടി ഓടിനടന്നു പല വിദ്യാലയകവാടങ്ങളും കയറിയിറങ്ങി വിയർത്തൊലിക്കുന്ന പിതാവു് ആ കുട്ടിയെ വേദപാഠക്ലാസ്സിൽ ചേർക്കുവാനും അതിനുവേണ്ട ഏർപ്പാടുകളെല്ലാം ചെയ്തുകൊടുക്കുവാനും ചെറുപരിശ്രമങ്ങൾപോലും ചെയ്യുന്നുണ്ടോ? സ്കൂൾപഠനം എങ്ങനെ നടക്കുന്നുവെന്നു കാരണവന്മാർ അന്വേഷിക്കുന്നു; പുസ്തകമെടുത്തു് വായിക്കുവാൻ കല്പിക്കുന്നു; ശാസിക്കുന്നു; തല്ലുന്നു. എന്നാൽ വേദപാഠത്തെക്കുറിച്ചു് അങ്ങനെ വല്ലതും ചെയ്യാറുണ്ടോ? സ്കൂൾപരീക്ഷകൾ—പ്രത്യേകിച്ചു് വാർഷികപ്പരീക്ഷകളും ഗവമ്മേൻറു പരീക്ഷകളും—ആസന്നമാകുമ്പോൾ മാതാപിതാക്കന്മാർ ഉൽകണ്ഠാകുലരാകുന്നു; കുട്ടികൾ ഊണും ഉറക്കവും ഉപേക്ഷിച്ചു് ഇരവുപകലില്ലാതെ ബുദ്ധിമുട്ടി പഠിക്കുന്നു; പരീക്ഷാഫലം ഉൽകണ്ഠയോടെ പ്രതീക്ഷിച്ചിരിക്കുന്നു; തോൽക്കുന്നുവെങ്കിൽ കാരണവർ നെടുവീർപ്പിടുന്നു; കുട്ടി കരയുകപോലും ചെയ്യുന്നു. എന്നാൽ വേദോപദേശത്തിൽ കുട്ടികളുടെ വാർഷികപ്പരീക്ഷയ്ക്കു എത്രമാത്രം ഒരുക്കവും ഉൽകണ്ഠയും പ്രദർശിപ്പിക്കുന്നുണ്ടെന്നു് കാരണവന്മാരും കുട്ടികളും അല്പം ഇരുന്നാലോചിക്കട്ടെ. വേദോപദേശപ്പരീക്ഷയുടെ ഫലം എന്തായിരുന്നുവെന്നുപോലും അന്വേഷിക്കാത്ത കുട്ടികളും കാരണവന്മാരുമില്ലേ? മാതാപിതാക്കന്മാർ ഇത്രയും മാത്രമേ മതപഠനത്തെ കാര്യമാക്കിയിട്ടുള്ളുവെങ്കിൽ കുട്ടികളിലും ആ മനസ്ഥിതി തന്നെ കാണുന്നതിൽ ആശ്ചര്യമുണ്ടോ?

ഇതിന്റെയെല്ലാം അടിയിൽ കിടക്കുന്ന ലൗകികമനസ്ഥിതി മാററിക്കളയേണ്ടതാവശ്യമായിരിക്കുന്നു. സ്കൂൾ വിദ്യാഭ്യാസത്തിനുവേണ്ടി പണവും സമയവും ഒന്നുപോലെ ചെലവഴിക്കുന്നതു ലൗകികമായ വലിയ കാര്യലാഭത്തിനുവേണ്ടിയാണു്. ബി. എ., ഇന്റർ, അല്ലെങ്കിൽ ചുരുങ്ങിയതു സ്കൂൾഫൈനലെങ്കിലും, പാസ്സായവർക്കേ ഇന്നത്തെ ലോകത്തിൽ പ്രവേശനമെങ്കിലും സ്ഥാനമാനമോ പരിഗണനയോ ലഭിക്കയുള്ളു; തലയുയർത്തി നടക്കുവാൻ സാധിക്കയുള്ളു. ഉദ്യോഗവും ശമ്പളവും തരമായ ഉപജീവനമാർഗ്ഗവും ലഭിക്കണമെങ്കിലും ഈ പാസ്സുകൾ കൂടിയേ കഴിയൂ. വിവാഹാലോചനകളിലും മററും വധൂവരന്മാരുടെ വിദ്യാഭ്യാസത്തിനും ഡിഗ്രിക്കും പ്രത്യേക പരിഗണനയുണ്ടു്. പഠിപ്പില്ലാത്ത ചെറുക്കനും പെണ്ണിനും വിവാഹക്കമ്പോളത്തിൽ വിലയിടിഞ്ഞിരിക്കും. എന്നാൽ, നേരേമറിച്ചു്, വേദോപദേശം പഠിച്ചു പരീക്ഷ പാസ്സായാൽ ഉദ്യോഗം ലഭിക്കുമോ? മാർക്കു കിട്ടുമോ? വല്ലവരും അതിനെപ്പററി കാര്യമായി ചോദിക്കുമോ? വിവാഹാലോചനകളിലും മററും മതപരിജ്ഞാനത്തിനു് പരിഗണനയുണ്ടോ? ശേഥരെറ ഭാര്യമാരുടെ എണ്ണവും പേരും വെള്ളംപോലെ പറയുന്ന ഒരു കത്തോലിക്കാ വിദ്യാർത്ഥിക്കു സുവിശേഷകന്മാരുടെ എണ്ണവും പേരുകളും അറിഞ്ഞുകൂടാ! സാവിത്രിയുടേയും സത്യവാന്റെയും കഥ കണ്ണടച്ചു പറയുന്ന നമ്മുടെ കുട്ടികൾ തോബിയാസിനേയും സാറായേയുംപററി കേട്ടിട്ടുപോലുമില്ല! കാരണം, ആദ്യത്തേതു് പാഠപുസ്തകത്തിൽ ഉണ്ടു്. അതെല്ലാം നല്ലവണ്ണം പഠിച്ചു പാസ്സായാൽമാത്രമേ ലൗകികമായ ഉന്നതിയുണ്ടാകയുള്ളു. എന്നാൽ മതപഠനംകൊണ്ടു എന്തു പ്രയോജനം? ...ഇങ്ങനെ പോകുന്നു ആ മനസ്ഥിതി.

അറിയാത്തതിനെ എങ്ങനെ സ്നേഹിക്കും? സ്നേഹിക്കാത്തതിനെ എങ്ങനെ അനുവർത്തിക്കും? നമ്മുടെ മതം ഏകസത്യമതമാണെന്നു നാം വിശ്വസിക്കുന്നു. എന്നാൽ അതെന്താണെന്നു പഠിച്ചറിഞ്ഞാൽമാത്രമല്ലേ അതിനോടു സ്നേഹവും ബഹുമാനവും ഉണ്ടാകയുള്ളു? മതവിഷയങ്ങളെപ്പററി ഒരു അകത്തോലിക്കൻ എന്തെങ്കിലും ചോദിച്ചാൽ "ആ കാര്യങ്ങളൊന്നും എനിക്കറിഞ്ഞുകൂടാ. അതൊക്കെ അച്ചന്മാരോടു ചോദിച്ചാൽ മതി" എന്നു പറയുന്നവരല്ലേ നമ്മുടെ യുവാക്കന്മാരിൽ അധികഭാഗവും? ഇക്കാര്യത്തിൽ മാതാപിതാക്കന്മാരും മക്കളും ഉണർന്നു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. ലൗകികലാഭത്തെ മാത്രം വച്ചുകൊണ്ടു് യഥാർത്ഥമായ കത്തോലിക്കാചൈതന്യത്താൽ പ്രേരിതരായി മതപഠനം ഉത്സാഹപൂർവ്വം കണിശമായി നിർവ്വഹിക്കണമെന്നു് കുട്ടികളും, അതിനു വേണ്ടതായ പ്രോത്സാഹനങ്ങളും പ്രചോദനവും നൽകുന്നതിൽ മാതാപിതാക്കന്മാരും ഒത്തുശ്രമിക്കാതെ ഗത്യന്തരമില്ല. ആശയങ്ങളും അഭിപ്രായങ്ങളും അറിവുകളും അങ്കുരിച്ചുവരുന്ന ചെറുപ്രായത്തിൽ മതപഠനകാര്യത്തിൽ അലസതയിലും അനാസ്ഥയിലും ചെന്നുപതിച്ചാൽ സാരമായ അധഃപതനവും നാട്ടിനും വീട്ടിനും അപരിഹാര്യമായ നഷ്ടവുമായിരിക്കും ഫലം.

(ജെ. ചെമ്മണൂർ)

## സന്യാസാർത്ഥികളോട്

സുറിയാനിക്കമ്മലീത്താസഭയിൽ ചേർന്നു വൈദികജീവിതം കഴിക്കുവാൻ ആഗ്രഹിക്കുന്ന യുവാക്കന്മാർ, സ്വഗൃഹത്തോടടുത്തുള്ള കർമ്മലീത്താ ആശ്രമത്തിന്റെ അധിപരെ വിവരം അറിയിച്ചാൽ അദ്ദേഹത്തിൽ നിന്നും വേണ്ടുന്ന നിർദ്ദേശങ്ങൾ ലഭിക്കുന്നതാകുന്നു.

വാർഷികപരീക്ഷാഫലം അറിഞ്ഞുകഴിഞ്ഞാലുടനെ യോഗാർത്ഥികൾ വന്നതിൽ പ്രവേശിക്കത്തക്കവണ്ണം അവർ ഒരുങ്ങിയിരിക്കയും, വൈകിയാൽ ജൂൺ 15-ാംനു-ക്കു മുമ്പെങ്കിലും വന്നുചേരുകയും ചെയ്യേണ്ടതാകുന്നു.

എന്നു്,

ഫാദർ പ്രയർ ജനറൽ ടി. ഒ. സി. ഡി.

എറണാകുളം

## ദ്രോഹി!

(3-ാം പേജ് തുടർച്ച)

പുറത്തുപോകുക. ഞങ്ങൾക്കു നിന്നെ ഇനി കാണുകയേ വേണ്ടാ.




ഈ സംഭവങ്ങൾ കണ്ടു അരികെ നിന്ന വൃദ്ധനായ ഒരു അയൽക്കാരൻ സാവധാനത്തിൽ ജയിംസിനോടായി പറഞ്ഞു: ഹേ ജയിംസ, ഇതു നിർഭാഗ്യംതന്നെ! കുഞ്ഞിനെ പള്ളിക്കൂടത്തിൽ വിട്ടിട്ടു്, അവനെവിടെ പോകുന്നു എന്നും ആരെല്ലാമായി കൂട്ടുകൂടുന്നു എന്നും അന്വേഷിക്കാതിരുന്നതിന്റെ കുററമല്ലേ ഇതിനെല്ലാം കാരണം?






ദ്രോഹം തന്നെ ദ്രോഹം!!


(Adapted From "Catholic Digest.")


## കന്യാസ്ത്രീകൾ വോട്ടുചെയ്തു

വിദ്യാഭ്യാസപ്രശ്നത്തിന്റെ പ്രാധാന്യം നിമിത്തം ആവൃതിക്കു പുറത്തുപോയി വോട്ടുചെയ്യുവാൻ ഏർബുഡ ചെമ്മചത്താ കന്യാസ്ത്രീകൾക്കു [illegible] പ്രത്യേകാനുവാദം നല്കുകയുണ്ടായി. അതനുസരിച്ചു്, ആശ്രമശ്രേഷ്ഠയുടെ നേതൃത്വത്തിൽ 12 കന്യാസ്ത്രീകൾ കാറിൽ പോളിങ്ങ്ബൂത്തിൽ പോയി വോട്ടുചെയ്തു.









## നസ്രത്ത് സന്യാസസഭയും സ്ഥാപനങ്ങളും എടക്കുന്ന്

1 നസ്രത്ത് കന്യകാലയത്തിന്റെ പണിതീൎന്ന ഭാഗവും പൊതുപ്രാൎത്ഥനാലയവും.

2 അബലാസങ്കേതം ബ്ലോക്ക് 1.

3 അബലാസങ്കേതം ബ്ലോക്ക് 2.

4 സെൻറ് ജോസഫ്സ് ഡിസ്പെൻസറി.

കുടിൽ വ്യവസായങ്ങളിലും മററു ഗ്രാമോദ്ധാരണപ്രവൎത്തനങ്ങളിലും ഗൃഹപരിപാലന സംബന്ധമായ (Home science) എല്ലാകാൎയ്യങ്ങളിലും വേണ്ട പരിശീലനം സമ്പാദിച്ച്, അവ അഭ്യസിപ്പിക്കുന്നതിനുള്ള കേന്ദ്രങ്ങൾ സ്ഥാപിച്ചു നടത്തുക, അബലാസങ്കേതം, അനാഥശാല, ശിശുസംരക്ഷണകേന്ദ്രങ്ങൾ എന്നിവ നടത്തുക, മുതലായ പ്രത്യേകപരിപാടികളോടുകൂടി ആരംഭിച്ചിട്ടുള്ള ഈ സന്യാസസഭയ്ക്കും അതോടനുബന്ധിച്ചുള്ള ഇതരസ്ഥാപനങ്ങൾക്കും 1945 ഡിസംബർ 8-ാംനു ഔദ്യോഗികമായ അംഗീകാരം സിദ്ധിച്ചു. 1946 മാൎച്ച് 19-ാംനു പ്രസ്തുത സ്ഥാപനങ്ങളുടെ ശിലാസ്ഥാപനം എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു നിൎവ്വഹിച്ചു. കന്യകാലയത്തിന്റെ ഏതാനും ഭാഗവും അബലാസങ്കേതത്തിന്റെ ഒരു കെട്ടിടവും പണിതീൎത്ത് 1948 മാൎച്ച് 18 19 തീയതികളിൽ, എറണാകുളം മെത്രാപ്പോലീത്താ, കോട്ടയം സഹായമെത്രാൻ ഈ തിരുമേനിമാരുടെ സാന്നിദ്ധ്യത്തിൽ തൃശ്ശൂർ മെത്രാൻ ഡോക്ടർ ജോർജ്ജ് ആലപ്പാട്ട് തിരുമേനിയാൽ സ്ഥാപനങ്ങൾ സംഘോഷം ഉൽഘാടനം ചെയ്യപ്പെട്ടു 1948 ജൂൺ 24-ാംനു അബലാസങ്കേതം രണ്ടാമത്തെ കെട്ടിടത്തിനു കല്ലിട്ടു 1949 ഡിസംബർ 7-ാംനു അതിന്റെ പണിതീരുകയും മെത്രാപ്പോലീത്താ തിരുമേനി അതു് ഉൽഘാടനം ചെയ്യുകയും ചെയ്തു. 1949 മാൎച്ച് 19-ാംനു പ്രസ്തുത സ്ഥാപനങ്ങളോട് അനുബന്ധിച്ചു നടത്താനുദ്ദേശിക്കുന്ന ഡിസ്പെൻസറിയുടെ ശിലാസ്ഥാപനം എറണാകുളം അതിരൂപതാ വികാരി ജനറാൾ മൊറാ റവ. മോൺ. മാത്യു പോത്തനാമുഴി നിൎവ്വഹിച്ചു. 1950 മാൎച്ച് 20-ാംനു സഭയിലെ ആദ്യത്തെ 8 അംഗങ്ങൾക്കു് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് സഭാവസ്ത്രം നല്കി അന്നുതന്നെ തിരുമനസ്സുകൊണ്ടു് ഡിസ്പെൻസറി ഉൽഘാടനം ചെയ്കയും ചെയ്തു. രണ്ടാമത്തെ ഗണം 9 അൎത്ഥിനികളുടെ നൊവിസ്യാത്തു് മാൎച്ച് 18-ാംനു ആരംഭിച്ചിരിക്കുന്നു.

അബലാസങ്കേതത്തിനുള്ള രണ്ടു കെട്ടിടങ്ങൾ, വിധവാമന്ദിരം, ശിശുസംരക്ഷണാലയം, കന്യകാലയത്തിന്റെ ബാക്കിഭാഗം ഇത്രയും അടുത്തുതന്നെ പണിതീരേണ്ടതായിട്ടുണ്ടു്. ഇപ്പോൾ വിവിധ വിഭാഗങ്ങളിലായി ഈ സ്ഥാപനത്തിൽ 75 അംഗങ്ങളാണുള്ളതു്. ഉദാരമതികളായ മാന്യമഹാജനങ്ങളുടെ സഹായസഹകരണങ്ങൾകൊണ്ടാണു് ഈ സ്ഥാപനം നടത്തിക്കൊണ്ടുപോകുന്നതു് എന്ന വസ്തുത സ്മരണീയമത്രെ.

### ജപ്പാനിലെ സന്യാസസഭയ്ക്കു അംഗീകരണം

ജപ്പാനിലെ "തിരുഹൃദയപുത്രിമാർ" എന്ന സന്യാസസമൂഹത്തിനു പരിശുദ്ധസിംഹാസനത്തിൽനിന്നും അംഗീകരണം നല്കിയിരിക്കുന്നു. അവിടെ ഇപ്പോൾ 12 ഏതദ്ദേശീയ സന്യാസിനീസമൂഹങ്ങളുണ്ടു്. അവയിൽ ഇതൊന്നിനു മാത്രമേ മാൎപ്പാപ്പായുടെ അംഗീകാരം സിദ്ധിച്ചിട്ടുള്ളു. ഈ സന്യാസസഭ 1920 ൽ ജൎമ്മൻകാരിയായ മദർ തെരേസായാൽ സ്ഥാപിതമായി. ഇപ്പോഴും അവർതന്നെയാണു് അതിന്റെ സുപ്പീരിയർ ജനറാൾ. അവൎക്കു ജപ്പാനിൽ പൗരാവകാശം സിദ്ധിച്ചിട്ടുണ്ടു്. സന്യാസസഭയിൽ 120 അംഗങ്ങളാണുള്ളതു്. അവർ നിൎവ്വഹിക്കുന്ന സാധുജനസേവനം ഗവർമ്മെൻറധികാരികളുടെ പ്രശംസയ്ക്കു വിഷയീഭവിച്ചിരിക്കുന്നു. ചക്രവൎത്തിനിപോലും അവരുടെ സ്ഥാപനങ്ങൾ സന്ദൎശിച്ചിട്ടുണ്ടു്.

# Sathya Deepam

Vol 23 Ernakulam April 5 1950 No 31

വിമർശനവീഥി

## ഈശോയുടെ മാതാവു ദൈവത്തിന്റെ മാതാവാണ്

അകത്തോലിക്കനായ ഒരു സഹോദരൻ ദേവമാതാവായ പരിശുദ്ധ കന്യകമറിയത്തെ സംബന്ധിച്ച ചില സംശയങ്ങൾ ചോദിച്ചിരിക്കുന്നു. "യേശുവിന്റെ അമ്മ എന്നല്ലാതെ ക്രിസ്തുവിന്റെ (മിശിഹായുടെ) അമ്മയെന്നോ ദൈവത്തിന്റെ അമ്മ (ദൈവമാതാവ്) എന്നോ സുവിശേഷകന്മാരാകട്ടെ അപ്പസ്തോലന്മാരാകട്ടെ ലേഖനകർത്താക്കളാകട്ടെ വേദപുസ്തകത്തിൽ ഒരിടത്തും പറഞ്ഞതായി കാണുന്നില്ല. ......തന്നെയല്ല യേശുക്രിസ്തു പൂർണ്ണമനുഷ്യനും പൂർണ്ണദൈവവും ആയിരുന്നു. യേശു എന്നതു തന്റെ മാനുഷനാമവും ക്രിസ്തു അല്ലെങ്കിൽ മിശിഹാ എന്നതു തന്റെ ദൈവത്വത്തെക്കുറിക്കുന്ന ഔദ്യോഗികനാമവുമാണല്ലോ. അപ്പോൾ യേശുവിന്റെ അമ്മ എന്നു പറയുന്നതു് കേവലം തന്റെ മനുഷ്യത്വത്തിൽ മാത്രം അമ്മയായിരിക്കുന്നുവെന്നേയുള്ളുവെന്നും അതുകൊണ്ടു ദൈവമാതാവ് എന്ന പ്രയോഗം അനർത്ഥവത്തും അനുചിതവും ആണ് എന്നും വരുന്നില്ലേ?"

### ദൈവമാതാവെന്നു വേദപുസ്തകത്തിലുണ്ട്

കത്തോലിക്കരും അകത്തോലിക്കരും (പ്രോട്ടസ്റ്റൻറുകാർ പ്രത്യേകിച്ചും) തമ്മിലുള്ള വിശ്വാസസംബന്ധമായ മൗലിക വ്യത്യാസം വിശ്വാസത്തിന്റെ ആധാരത്തെ (source) സംബന്ധിച്ചുള്ളതാണ്. കത്തോലിക്കർ വിശ്വാസത്തിന്റെ ആധാരമായി വരമൊഴിയായ ദൈവവെളിപാടിനേയും വായ്മൊഴിയായ ദൈവവെളിപാടിനേയും സ്വീകരിക്കുന്നു. ആദ്യത്തേതു വേദപുസ്തകവും, രണ്ടാമത്തേതു സഭാപാരമ്പര്യവുമാണ്. പ്രോട്ടസ്റ്റൻറുകാരാകട്ടെ വേദപുസ്തകത്തെ മാത്രമേ വിശ്വാസത്തിന്റെ ആധാരമായി സ്വീകരിക്കുന്നുള്ളു. അവരുടെ ഈ നില അബദ്ധവും യുക്തിഹീനവുമാണ്. നമ്മുടെ കർത്താവു തന്റെ വെളിപാടു വായ്മൊഴിയായിട്ടാണല്ലോ നൽകിയതു്. വായ്മൊഴിയായിത്തന്നെ പഠിപ്പിക്കുവാൻ അവിടുന്നു ശ്ലീഹന്മാരോടു് ആജ്ഞാപിക്കുകയും ചെയ്തു. "നിങ്ങൾ പോയി പഠിപ്പിക്കുവിൻ" എന്നാണ്, അല്ലാതെ ഗ്രന്ഥമെഴുതുവിൻ എന്നല്ലാ കർത്താവു് അരുളിച്ചെയ്തതു്. പുതിയനിയമത്തിലെ ആദ്യത്തെ ഗ്രന്ഥം രചിച്ചതു് കർത്താവിന്റെ സ്വർഗ്ഗാരോഹണം കഴിഞ്ഞു് പത്തുപതിനഞ്ചു വർഷത്തിനുശേഷമാണ്. അക്കാലംവരെയും ശ്ലീഹന്മാർ വെളിപാടു പഠിപ്പിച്ചതു് വായ്മൊഴിയായിട്ടാണെന്നു സ്പഷ്ടം. പുതിയനിയമത്തിലെ ഗ്രന്ഥങ്ങൾ അവയുടെ കർത്താക്കൾ രചിച്ചതു് ഓരോ പ്രത്യേക ആളുകൾക്കും അവരുടെ പ്രത്യേക ആവശ്യങ്ങൾക്കുംവേണ്ടിയാണ്. തന്മൂലം വെളിപാടു മുഴുവനും വേദപുസ്തകത്തിൽ അടങ്ങിയിട്ടുണ്ടെന്നു വിചാരിക്കുന്നതു് യാഥാർത്ഥ്യത്തിനും യുക്തിക്കും വിരുദ്ധമാണ്. ഈ വസ്തുത മനസ്സിലാക്കാതെയോ വിസ്മരിച്ചോ ആണ് പ്രോട്ടസ്റ്റൻറുകാർ കത്തോലിക്കരുടെ വിശ്വാസത്തിനു ആധാരം വേദപുസ്തകത്തിൽ എവിടെയാണെന്നു ചോദിക്കാറുള്ളതു്. നമ്മുടെ ചോദ്യകാരനും ചോദിച്ചിരിക്കുന്നതിങ്ങനെയാണ്. പരിശുദ്ധ കന്യകമറിയത്തെ ദൈവമാതാവെന്നു വിളിക്കുന്ന വേദപുസ്തകവാക്യം ചൂണ്ടിക്കാണിക്കാനാണ് അദ്ദേഹം ഞങ്ങളോടാവശ്യപ്പെടുന്നതു്. അങ്ങനെയുള്ള വേദപുസ്തകവാക്യം ഒന്നുംതന്നെ ഇല്ലെന്നുവന്നാലും പരിശുദ്ധ കന്യകമറിയം ദൈവമാതാവാണെന്നുള്ള കത്തോലിക്കരുടെ വിശ്വാസത്തിനു ഒരു കോട്ടവും തട്ടുന്നില്ല. കാരണം, ആ വിശ്വാസത്തിനു് ആധാരം സഭാപാരമ്പര്യത്തിൽ ഉണ്ടായാലും മതി. ഇതാണു് ചോദ്യകാരനു ഞങ്ങൾക്കു കൊടുക്കാനുള്ള ഒന്നാമത്തെ മറുപടി.

രണ്ടാമത്തെ മറുപടി വേദപുസ്തകത്തിൽത്തന്നെ ആധാരം ഉണ്ടെന്നാണ്. ഗബ്രിയേൽ മാലാഖാ പരിശുദ്ധ കന്യകമറിയത്തോടു് പറഞ്ഞ വാക്കുകൾ അതിനൊരുദാഹരണമാണ്. "നീ ഗർഭം ധരിച്ചു് ഒരു പുത്രനെ പ്രസവിക്കും; അവനെ ഈശോ എന്നു് നീ പേരുവിളിക്കണം......നിന്നിൽനിന്നു ജനിക്കുന്ന ആ പരിശുദ്ധൻ ദൈവപുത്രൻ എന്നു വിളിക്കപ്പെടും" (ലൂക്കാ 1-31 35). മറിയം ഗർഭം ധരിച്ചു പ്രസവിക്കുന്ന ഈശോ ദൈവപുത്രനാണെന്നല്ലയോ ഈ വാക്കുകളുടെ അർത്ഥം? മറിയം ഈശോയുടെ മാതാവാണെന്നു പറയുന്നതോടുകൂടിത്തന്നെ ദൈവപുത്രന്റെ മാതാവാണെന്നും പറഞ്ഞിരിക്കുന്നു. ദൈവപുത്രൻ എന്ന പ്രയോഗത്തിനു ദൈവം എന്നുതന്നെയാണ് അർത്ഥമെന്നു ചോദ്യകാരൻ സമ്മതിക്കുമല്ലോ. പിതാവു് പുത്രൻ, പരിശുദ്ധാത്മാവു് എന്ന മൂന്നാളുകളോടുകൂടിയ ദൈവത്തിലെ രണ്ടാമത്തെ ആളാണല്ലോ ഈശോ. പുത്രൻ എന്ന പേരാണ് ഈശോ പലപ്പോഴും തനിക്കായി സ്വീകരിച്ചിട്ടുള്ളതു്. പുത്രൻ പിതാവിനോടു സമനായ ദൈവമാണെന്നു താല്പര്യം.

### പരിശുദ്ധകന്യകമറിയം

ഗബ്രിയേൽ മാലാഖായുടെ സന്ദർശനത്തിനുശേഷം വിശുദ്ധ എലിശബായെ കാണാൻ പോയ വിവരം വേദപുസ്തകത്തിലുണ്ടല്ലോ. മറിയത്തെ കണ്ടപ്പോൾ എലിശബാ ആശ്ചര്യഭരിതയായി ചോദിച്ചു: "എന്റെ കർത്താവിന്റെ അമ്മ എന്റെ അടുക്കൽ വരുവാനുള്ള ഭാഗ്യം എനിക്കെവിടെനിന്നുണ്ടായി?" (ലൂക്കാ 1-43). ഈ വാക്യത്തിലെ "കർത്താവ്" (Lord) എന്ന പദത്തിന്റെ അർത്ഥം ദൈവം എന്നാണ്. അതിനു തെളിവു് മറിയം ഉച്ചരിച്ച സ്തോത്രഗീതം തന്നെ. "എന്റെ ആത്മാവു കർത്താവിനെ മഹത്വപ്പെടുത്തുന്നു" എന്നാണ് ആ ഗീതത്തിലെ ആദ്യത്തെ വാക്യം. ഇവിടെ കർത്താവു് എന്ന പദത്തിന്റെ അർത്ഥം ദൈവം എന്നാണെന്നു സ്പഷ്ടമാണല്ലോ. പ്രസ്തുതപദം ഈ അർത്ഥത്തിൽ പഴയനിയമത്തിലും പുതിയനിയമത്തിലും പലേടത്തും ഉപയോഗിച്ചിട്ടുള്ളതിനു് എത്ര ദൃഷ്ടാന്തമെങ്കിലും ചൂണ്ടിക്കാണിക്കാവുന്നതാണ്.


വിശുദ്ധ പൗലോസ് എഴുതിയിട്ടുള്ള വാക്യം നോക്കുക: "ദൈവം തന്റെ പുത്രനെ, സ്ത്രീയിൽനിന്നു ജനിച്ചവനെ, നമുക്കയച്ചുതന്നു." (ഗലാത്യ 4-4) ഈശോ ദൈവപുത്രനാണെന്നും, ആകയാൽ ഈശോയുടെ മാതാവായ മറിയം ദൈവപുത്രന്റെ, അഥവാ ദൈവത്തിന്റെ, മാതാവാണെന്നും അല്ലയോ ഈ വാക്യത്തിന്റെ അർത്ഥം? ഈശോയുടെ മാതാവാണെന്നല്ലാതെ, ദൈവത്തിന്റെ മാതാവാണെന്നു പരിശുദ്ധ കന്യകമറിയത്തെപ്പറ്റി വേദപുസ്തകത്തിൽ ഒരിടത്തും പറഞ്ഞിട്ടില്ലെന്നുള്ള പ്രസ്താവനത്തെ ഞങ്ങൾ ഉദ്ധരിച്ച ഈ വേദവാക്യങ്ങൾ ഖണ്ഡിക്കുന്നില്ലയോ?

### ഈശോ ദൈവപുത്രനായതുകൊണ്ട്

വേദപുസ്തകത്തിലാകട്ടെ സഭാപാരമ്പര്യത്തിലാകട്ടെ മറിയത്തെ ദൈവത്തിന്റെ മാതാവ് എന്നു സ്പഷ്ടമായി വിളിച്ചിട്ടില്ലെങ്കിൽത്തന്നെയും, ഈശോയുടെ മാതാവെന്നുമാത്രം വിളിച്ചിരുന്നാലും, മറിയം ദൈവമാതാവാണെന്നു നാം അവശ്യം വിശ്വസിക്കേണ്ടിയിരിക്കുന്നു. ഈശോയെപ്പറ്റി നമുക്കറിയാവുന്ന വെളിപാടാണ് ഈ വിശ്വാസത്തിനാധാരം. ഈശോ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമാണ്. ദൈവത്വം മുഴുവനായും മനുഷ്യത്വം മുഴുവനായും അവിടുത്തേക്കുണ്ട്. ത്രിത്വത്തിലെ രണ്ടാമാളായ പുത്രൻ അനാദിമുതൽ തനിക്കുള്ള ദൈവസ്വഭാവത്തിനു പുറമെ ഒരു മനുഷ്യസ്വഭാവവും സ്വീകരിച്ചു. അങ്ങനെ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും സ്വീകരിച്ചിരിക്കുന്ന ദൈവആളാണ് ഈശോ. ഈശോയിൽ ആൾ (Person) ഒന്നേയുള്ളു—ദൈവആൾ. ആ ദൈവആൾക്കു രണ്ടു സ്വഭാവമുണ്ടു—ദൈവസ്വഭാവവും മനുഷ്യസ്വഭാവവും. ദൈവസ്വഭാവത്തോടുകൂടി ദൈവആൾ ഉള്ളതുപോലെ, മനുഷ്യസ്വഭാവത്തോടുകൂടി മനുഷ്യആൾ ഈശോയിലില്ല. മനുഷ്യആളും ഈശോയിലുണ്ടെന്നുള്ള ഈ തെറ്റു് നെസ്തോറിയസ് പഠിപ്പിച്ചു. ഈ തെറ്റിനെ 430 ൽ എഫേസൂസിൽ കൂടിയ ആകമാന സൂനഹദോസ് ശപിച്ചു.

ആര് (Who) എന്ന ചോദ്യത്തിനു് ഉത്തരം ആൾ (Person) ആണ്. എന്ത് (What) എന്ന ചോദ്യത്തിനു് ഉത്തരം സ്വഭാവം (Nature). ആരുടെ അമ്മ എന്നല്ലാതെ, എന്തിന്റെ അമ്മ എന്നു മനുഷ്യനെ സംബന്ധിച്ചു നാം ചോദിക്കാറില്ലല്ലോ. ആകയാൽ മറിയം ആരുടെ അമ്മയാണ് എന്ന ചോദ്യത്തിനുത്തരം ഈശോ ആകുന്ന ദൈവആളുടെ അമ്മയാണ് എന്നത്രെ. ദൈവആളുടെ അമ്മ ദൈവമാതാവുതന്നെ.

രാജാവായ ആളുടെ അമ്മയെ നാം അമ്മമഹാറാണിയെന്നു വിളിക്കുന്നു. എന്നാൽ ഈ രാജമാതാവ് രാജാവായ ആൾക്കു ശരീരം മാത്രമേ കൊടുക്കുന്നുള്ളു. ഇതുപോലെ ദൈവആളായ ഈശോയ്ക്കു പ. കന്യകമറിയം ശരീരം മാത്രമേ കൊടുത്തുള്ളു എന്നിരിക്കിലും അമ്മമഹാറാണി രാജമാതാവായിരിക്കുന്നതുപോലെ മറിയം ദൈവമാതാവാകുന്നു. ഇങ്ങനെയാണ് ഈശോയുടെ മാതാവെന്നുമാത്രമേ വേദപുസ്തകത്തിലും പാരമ്പര്യത്തിലും മറിയത്തെ വിളിച്ചിട്ടുള്ളു എന്നു വന്നാൽത്തന്നെയും മറിയം യഥാർത്ഥത്തിൽ ദൈവമാതാവായിരിക്കുന്നതു്. (ബാക്കി ചോദ്യങ്ങൾക്കു സമാധാനം അടുത്ത ലക്കത്തിൽ)



എടക്കുന്നു നസ്രത്തു സന്യാസസഭയിലെ 8 അർത്ഥിനികൾക്കു് എറണാകുളം മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു് മാർച്ച് 20-ാംനു സഭാവസ്ത്രം നല്കിയ അവസരത്തിൽ എടുത്ത ഫോട്ടോ.

## സ്ഥാനമുദ്ര

പാരീസിലെ വികാരി ജനറാളായ മോൺ. മാർസൽ ഹരയേൺ എന്ന വൈദികശ്രേഷ്ഠനു "ഗ്രാൻഡ് ക്രോസ്സ് ഓഫ് ദി ലീജിയൻ ഓഫ് ഓണർ" എന്ന സ്ഥാനമുദ്ര നല്കപ്പെട്ടിരിക്കുന്നു. കത്തോലിക്കാസ്കൂളുകളുടെ സംരക്ഷണാർത്ഥം സ്ഥാപിതമായിരിക്കുന്ന "നാഷനൽ കമ്മിറ്റി"യുടെ പ്രസിഡണ്ടാണദ്ദേഹം. വിദ്യാഭ്യാസമന്ത്രിയാണു് അദ്ദേഹത്തിനു് ഈ സ്ഥാനമുദ്ര ഔദ്യോഗികമായി പ്രദാനം ചെയ്തതു്.

## സമാധാനകുരിശ്

ജർമ്മനിയിലെ ആച്ചൻ എന്ന പ്രദേശത്തു നിന്നും ഒരു "സമാധാനകുരിശു്" ഇക്കഴിഞ്ഞ വിഭൂതിത്തിരുനാളിൽ റോമിലേക്കു പ്രയാണമാരംഭിച്ചിരിക്കുന്നു. "പാക്സ് ക്രിസ്റ്റി" കോൺഗ്രസ്സിൽ സംബന്ധിക്കുന്നതിനായി പുറപ്പെട്ടിരിക്കുന്ന തീർത്ഥകരാണു പ്രസ്തുതകുരിശു ഇടവകതോറും സംവഹിക്കുന്നതു്.

*Permissu Ecclesiastico*
Printed & Published by
K. L. Vackey
at the Mar Louis Memorial Press
Ernakulam